بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

3155

# പ്രബോധനം
വാരിക

www.prabodhanam.net 1441 ശവ്വാൽ 20 / 2020 ജൂൺ 12 വാള്യം 77 ലക്കം 03

04 മുഖവാക്ക് /
**സ്ഥാപനവത്കരിക്കപ്പെട്ട വെള്ള വംശീയത**

07 അകക്കണ്ണ് / എ.ആർ
**നെഹ്റു സ്മൃതി അയവിറക്കുമ്പോൾ**

22 സ്മരണ / ശൈഖ് മുഹമ്മദ് കാരകുന്ന്
**വീരേന്ദ്രകുമാർ പതിറ്റാണ്ടുകളുടെ സൗഹൃദം**

23 പ്രസ്ഥാന ചിന്തകൾ / ടി. മുഹമ്മദ് വേളം
**വ്യക്തിഗത ടാർഗറ്റുകൾ എന്ന പ്രസ്ഥാന പ്രവർത്തനം**

25 അനുഭവം / മുഹമ്മദ് അബ്ദുൽ ബാസിത്വ്
**നാം അനുഭവിക്കാത്ത ജീവിതങ്ങൾ നമുക്ക് കെട്ടുകഥകൾ മാത്രമാണ്**

33 ലേഖനം / പി.എ അനസ്
**ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമിതി:**
**മാലിക് ബിന്നബിയുടെ കർമപദ്ധതി**

37 നിരീക്ഷണം/ ബാബുലാൽ ബശീർ
**ഇന്ത്യൻ മുസ്‌ലിംകൾ അതിജീവനം അസാധ്യമല്ല**

47 ഹദീസ് / എ. അബൂബക്കർ
**കൃഷി ഇസ്‌ലാമിന്റെ സംസ്കാരമാണ്**

05 / കത്ത്
29 / ഖുർആൻ ബോധനം
40 / തർബിയത്ത് 43 / അനുസ്മരണം
45 / വാർത്ത 49 / കരിയർ
50 / ലൈക് പേജ്

09 കവർ സ്റ്റോറി / ഹസൻ തിക്കോടി
## അമേരിക്കയിലെ വർണവിവേചന ഭീകരത




13 കവർ സ്റ്റോറി / ഹിശാം അൽഹമാമി
## ഇപ്പോഴും വംശവെറി തന്നെയാണ് അമേരിക്കയെ നിർവചിക്കുന്നത്

16 കവർ സ്റ്റോറി / ഡോ. താജ് ആലുവ
## കറുത്തവന്റെ ജീവിതം പ്രധാനമാണ്

19 ലേഖനം / ശിഹാബുദ്ദീൻ ആരാമ്പ്രം
## മുഗൾകാലത്തെ നീതിന്യായം

പ്രബോധനം വാരിക, ഐ.എസ്.ടി ബിൽഡിംഗ്
സിൽവർ ഹിൽസ്, കോഴിക്കോട് 673 012



കവർ ഡിസൈൻ
**സാലിം ജീറോഡ്**

എഡിറ്റർ / **ടി.കെ ഉബൈദ്** | എക്സിക്യൂട്ടീവ് എഡിറ്റർ/ **അശ്റഫ് കീഴുപറമ്പ്**
സീനിയർ സബ് എഡിറ്റർ/ **സദ്റുദ്ദീൻ വാഴക്കാട്** | ലേ ഔട്ട്/ **എം.വി. ജലീൽ ഒതളൂർ**

**എഡിറ്റോറിയൽ:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്സ്** : 0495 2732888 | **സർക്കുലേഷൻ മാനേജർ:** 0495 2730744, 9544060886
circulationprabodhanam@gmail.com | **പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജർ:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

# സ്ഥാപനവത്കരിക്കപ്പെട്ട വെള്ള വംശീയത

ഒരു ഭരണാധികാരിയെ വിലയിരുത്തേണ്ടത് പ്രതിസന്ധിഘട്ടങ്ങളെ അയാൾ എങ്ങനെ മറികടക്കുകയും അതിജീവിക്കുകയും ചെയ്യുന്നു എന്നു നോക്കിയാണ്. ഇക്കാര്യത്തിൽ വട്ടപ്പൂജ്യമാണ് നിലവിലെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ചൈനയിലെ വുഹാൻ നഗരം കൊറോണാ വൈറസിന്റെ പിടിയിലമർന്നപ്പോൾ പ്രത്യക്ഷത്തിൽ അമേരിക്കക്ക് യാതൊരു ഭീഷണിയുമുണ്ടായിരുന്നില്ല. മുൻകരുതലുകളെടുക്കാൻ സമയവും സംവിധാനവും വേണ്ടത്ര ഉണ്ടായിരുന്നു. പക്ഷേ, രോഗപ്രതിരോധ സംവിധാനങ്ങളെ നിശ്ചലമാക്കി നിർത്തി ചൈനക്കെതിരെ വംശീയാധിക്ഷേപങ്ങൾ ചൊരിഞ്ഞ് നിർവൃതിയടയുകയായിരുന്നു ഈ പ്രസിഡന്റ്. ഫലം: ഒന്നാം ലോക രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള അമേരിക്ക കോവിഡിനെ പ്രതിരോധിക്കാനാവാതെ ഉഴലുന്നു. മരണസംഖ്യ ഒരു ലക്ഷവും കടന്ന് കുതിക്കുന്നു. അപ്പോഴാണ് വംശവെറിയാൽ അന്ധനായ ഒരു പോലീസുകാരൻ കറുത്തവനും തൊഴിൽ രഹിതനുമായ ജോർജ് ഫ്‌ളോയിഡിനെ കഴുത്ത് ഞെരിച്ച് ശ്വാസം മുട്ടിച്ച് കൊല്ലുന്നത്. ജനം പ്രതിഷേധവുമായി തെരുവിലേക്കിറങ്ങി. ഈ പൈശാചിക കൊലപാതകത്തെ അപലപിക്കാൻ പോലും ട്രംപ് തുടക്കത്തിൽ കൂട്ടാക്കിയില്ലെന്നു മാത്രമല്ല, പ്രക്ഷോഭകർക്കെതിരെ അധിക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ടുമിരുന്നു. ഇതെഴുതുമ്പോഴും അമേരിക്കൻ നഗരങ്ങളിൽ പ്രതിഷേധങ്ങൾ ആളിപ്പടരുകയാണ്. പതിനായിരത്തോളം പേരെങ്കിലും അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ചിലയിടങ്ങളിൽ അക്രമവും കൊള്ളിവെപ്പും നടക്കുന്നു. എന്നിട്ടും പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് പ്രവർത്തിക്കാത്ത ഈ പ്രസിഡന്റിനെ റോം കത്തുമ്പോൾ വീണ വായിച്ച റോമൻ ചക്രവർത്തി നീറോയോടും 'എനിക്കു ശേഷം പ്രളയം' എന്നു പറഞ്ഞ് ജനങ്ങളെ പേടിപ്പിച്ചിരുന്ന ഫ്രഞ്ച് രാജാവ് ലൂയിസ് പതിനഞ്ചാമനോടും മാത്രമേ ഉപമിക്കാനാവൂ.

പക്ഷേ ട്രംപ് പറയുന്നത്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ പ്രസിഡന്റ് പദവിയേറ്റ അമേരിക്കയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വിശ്രുതനായ പ്രസിഡന്റ് അബ്രഹാം ലിങ്കനു(പ്രസിഡന്റ് പദവിയിലിരുന്നത് 1861-1865)മായി മാത്രമേ തന്നെ താരതമ്യപ്പെടുത്താവൂ എന്നാണ്. ട്രംപിന്റെ പതിവ് വിടുവായത്തമായി തള്ളാവുന്നതേയുള്ളൂ ഈ പരാമർശം. പക്ഷേ ഈ പ്രസ്താവം മറ്റൊരു നിലക്ക് ശരിയുമാണ്. അടിമത്ത സമ്പ്രദായത്തിനെതിരെയുള്ള അബ്രഹാം ലിങ്കന്റെ നീക്കങ്ങൾ വംശീയ ധ്രുവീകരണത്തിന് നിമിത്തമാവുകയുണ്ടായി. വെള്ളക്കാരായ പല ഭൂവുടമകളും അദ്ദേഹത്തിനെതിരെ തിരിഞ്ഞു. ആ പോരാട്ടത്തിൽ ലിങ്കന് സ്വന്തം ജീവൻ ബലികൊടുക്കേണ്ടതായും വന്നു. ലിങ്കന്റെ നീക്കങ്ങൾ തുടക്കത്തിൽ ആഭ്യന്തര യുദ്ധങ്ങൾക്ക് വരെ കാരണമായെങ്കിലും, അദ്ദേഹത്തിന്റെ യത്നങ്ങളാണ് ഇന്നുള്ള അമേരിക്കയെ കെട്ടിപ്പടുത്തത്. ആ ധ്രുവീകരണം വർണവംശഭേദമില്ലാതെ എല്ലാ മനുഷ്യരും തുല്യ പൗരന്മാരായി ജീവിക്കുന്ന ഒരു നല്ല നാളേക്കു വേണ്ടിയുള്ളതായിരുന്നു എന്നു മാത്രം. ട്രംപും ധ്രുവീകരണം നടത്തുന്നുണ്ട്. ആ പണിയേ ട്രംപിന് അറിയൂ എന്നും പറയാം. ലിങ്കൻ ചേർത്തുപിടിച്ച കറുത്ത വർഗക്കാരെയാണ് ട്രംപ് ധ്രുവീകരിച്ച് അരികുകളിലേക്ക് തള്ളിമാറ്റുന്നത്. അതാണ് സ്ഥിതിഗതികൾ അനുദിനം വഷളാക്കിക്കൊണ്ടിരിക്കുന്നത്. അത് ഇനിയും കൂടുതൽ കൂടുതൽ വഷളാവുകയേ ഉള്ളൂ.

ട്രംപ് ഒരു വ്യക്തിയല്ല; അമേരിക്കൻ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിൽ സ്ഥാപനവത്കരിക്കപ്പെട്ടുകഴിഞ്ഞ വെള്ള വംശീയതയുടെ പ്രതിനിധിയാണ്. എഡ്ഗാർ ഹൂവർ (1896-1972) എന്നൊരാളുണ്ടായിരുന്നു. അമേരിക്കൻ അന്വേഷണ ഏജൻസിയായ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ (എഫ്.ബി.ഐ) തലപ്പത്ത് 37 വർഷം വാണരുളിയ ഒരാൾ. വംശീയ ഭ്രാന്ത് തലക്കു കയറിയ ഈ ഉയർന്ന ഉദ്യോഗസ്ഥൻ കാട്ടിക്കൂട്ടിയതൊക്കെ അയാളുടെ മരണശേഷമാണ് പുറത്തു വന്നത്. മാർട്ടിൻ ലൂഥർ കിംഗിനെപ്പോലുള്ള കറുത്ത വർഗക്കാരായ പൗരാവകാശ പ്രവർത്തകരെ ഹൂവർ നിരന്തരം വേട്ടയാടി. ഹൂവറും അതുപോലുള്ള വർണവെറിയന്മാരും ജന്മം കൊടുക്കുകയും പരിലാളിക്കുകയും ചെയ്ത എഫ്.ബി.ഐ പോലുള്ള സംവിധാനങ്ങളിൽനിന്ന് ജോർജ് ഫ്‌ളോയ്ഡിന് ഇതേ പ്രതീക്ഷിക്കേണ്ടതുള്ളൂ. പ്രസിഡന്റുമാർക്ക് പോലും തൊടാനാവാത്ത വിധം അത്രമേൽ ശക്തമായി വെള്ള വംശീയത അമേരിക്കയിൽ സ്ഥാപനവത്കരിക്കപ്പെട്ടിരിക്കുന്നു. ●

ട്രംപും ധ്രുവീകരണം നടത്തുന്നുണ്ട്. ആ പണിയേ ട്രംപിന് അറിയൂ എന്നും പറയാം. ലിങ്കൻ ചേർത്തുപിടിച്ച കറുത്ത വർഗക്കാരെയാണ് ട്രംപ് ധ്രുവീകരിച്ച് അരികുകളിലേക്ക് തള്ളിമാറ്റുന്നത്. അതാണ് സ്ഥിതിഗതികൾ അനുദിനം വഷളാക്കിക്കൊണ്ടിരിക്കുന്നത്. ട്രംപ് ഒരു വ്യക്തിയല്ല; അമേരിക്കൻ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിൽ സ്ഥാപനവത്കരിക്കപ്പെട്ടുകഴിഞ്ഞ വെള്ള വംശീയതയുടെ പ്രതിനിധിയാണ്.

editorprabodhanam@gmail.com




മനസ്സിലെ അഴുക്കിന്റെ ആഘോഷമാണ് റേസിസം. നീതിയും സമത്വവും പുലരാത്ത കാലത്തോളം അത് ആഘോഷിക്കപ്പെടും. ശ്വാസംമുട്ടിയ ഇരുണ്ട ചർമമുള്ള ബിലാലിന് പുതുശ്വാസം നൽകിയത് ഈ സമത്വമാണ്. മുഹമ്മദലി ക്ലേയും മാൽക്കം എക്സും ആസ്വദിച്ചു വലിച്ചത് പരിമളം പരത്തുന്ന ആ ശ്വാസമാണ്. ജോർജ് ഫ്ളോയ്ഡിന്റെ നിലച്ചുപോയ ശ്വാസം, വർണവെറിക്കെതിരെ പ്രക്ഷോഭങ്ങളുടെ നിലക്കാത്ത ശ്വാസമാകട്ടെ, മുറിയാത്ത പ്രവാഹമാകട്ടെ.

കത്ത്

# കളിക്കളങ്ങളിൽ കനലുകളുള്ള ശ്വാസം

**യാസീൻ വാണിയക്കാട്**

**വർണവെറി,** വെളുത്ത ചർമമുള്ളവന്റെ മനസ്സിലെ ഇരുട്ടാണ്. ഇരുണ്ട ചർമമുള്ളവനെ മുഖ്യധാരയിൽനിന്ന് അകറ്റാൻ നിത്യം ഉപയോഗിക്കുന്ന അശ്ലീലമായ കൈമുതൽ. വർണാധിക്ഷേപം കൊണ്ടവൻ അനുഭവിക്കുന്നത് പൈശാചികമായ ആനന്ദമാണ്. അമേരിക്കയോളം വർണവെറിയിൽ അഭിരമിക്കുന്ന മറ്റൊരു രാജ്യം ഉണ്ടാകാനിടയില്ല. കൊളംബസ് കണ്ടുപിടിച്ചത് അമേരിക്കയാണെങ്കിൽ, അമേരിക്ക കണ്ടുപിടിച്ചുകൊണ്ടേയിരിക്കുന്നത് വർണവെറിയുടെ പ്രസരണം സാധ്യമാക്കുന്ന പുതിയ തലങ്ങളെയാണ്, ഇടങ്ങളെയാണ്. കറുത്തവരോട് വെള്ളക്കാർ വെച്ചുപുലർത്തുന്ന അസഹിഷ്ണുതയുടെയും വെറുപ്പിന്റെയും തീവ്രത ഒരു മാപിനിയിലും അളക്കാനികില്ലെന്ന് ആഫ്രോ അമേരിക്കക്കാരനായ മാൽക്കം എക്സിന്റെ ആത്മകഥയിൽ പറയുന്നുണ്ട്. കറുപ്പ് എന്നാൽ അടിമത്തത്തിന്റെ പ്രത്യക്ഷലക്ഷണം! ബോക്സിംഗ് റിംഗിലല്ലാതെ ഒരു വെള്ളക്കാരന് നേരെ കറുത്തവൻ കൈയുയർത്തിയാൽ അവന്റെ ഗതി വിവരണാതീതമാണ്. വീട്ടുജോലിക്ക് വരെ നിർത്തുന്നതിൽ അവന്റെ ചർമത്തിലെ കറുപ്പിന്റെ ആഴം പരിശോധനക്ക് വിധേയമാക്കുന്ന ദുരന്തം!

കോവിഡ് 19 മറ്റു രാജ്യങ്ങളുടെ മരണനിരക്കിനേക്കാൾ അമേരിക്കൻ ജനതയെ മരണത്തിന്റെ നിലയില്ലാക്കയങ്ങളിലേക്ക് തള്ളിയിടുമ്പോൾ പ്രാർഥനാഭരിതമായ മനസ്സോടെ നിലകൊണ്ടവരാണ് ലോകജനത. ഇന്നിതാ, വംശവെറിയെന്ന വൈറസ്, ജോർജ് ഫ്ളോയ്ഡിന്റെ നിലച്ച ശ്വാസത്തിൽ നിന്നും അമേരിക്കയെന്ന രാഷ്ട്രത്തിന്റെ ശ്വാസഗതിയെ ഉലക്കുന്ന കാഴ്ച. 'എനിക്ക് ശ്വാസം മുട്ടുന്നു' എന്നത് തെരുവിന്റെ മുദ്രാവാക്യമായി പരിണമിച്ചിരിക്കുന്നു. 'When looting starts shooting starts' കൊള്ള തുടങ്ങുമ്പോൾ വെടിവെപ്പും തുടങ്ങുന്നു എന്ന അമേരിക്കൻ ഭരണാധികാരിയുടെ നിരുത്തരവാദപരമായ ട്വീറ്റ് സമാധാനവും ശാന്തിയും തിരികെ കൊണ്ടുവരുന്നതിൽ താൻ പൂർണപരാജയമാണെന്ന് അടിവരയിടുന്നു. ഏഴു മിനിറ്റോളം കഴുത്തിൽ ആഞ്ഞുപതിഞ്ഞ വംശവെറിയനായ പോലീസുകാരന്റെ മുട്ടുകാലിനേക്കാൾ മാരകമാണ് ട്രംപിന്റെ വംശീയതയുടെ ടീറ്റുകൾ.

പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും അമേരിക്കയെ ശ്വാസം മുട്ടിക്കുന്നു. ജോർജ് ഫ്ളോയ്ഡിന് നീതി വേണമെന്ന് ലോകം വിളിച്ചാർക്കുന്നു. അമേരിക്കൻ നീതിപീഠത്തെ സംബന്ധിച്ചേടത്തോളം വെളുത്തവനെതിരിൽ വിധി പുറപ്പെടുവിക്കുക എന്നത് ശ്വാസംമുട്ടൽ തന്നെയാണ്. നീതിന്യായ പീഠങ്ങൾ ഭൂരിപക്ഷ വിഭാഗങ്ങൾക്കെതിരായി വിധി പുറപ്പെടുവിക്കുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദങ്ങൾ മറ്റൊരർഥത്തിൽ ശ്വാസംമുട്ടൽ തന്നെയാണ്. അത് അമേരിക്കയെ മാത്രമല്ല, വംശീയമായി ചിന്തിക്കുകയും ഹിംസാത്മകമായി പ്രവർത്തിക്കുകയും ചെയ്യുന്ന സ്റ്റേറ്റിലെ നീതിപീഠങ്ങളെ നിരീക്ഷണവിധേയമാക്കിയാൽ ബോധ്യമാകും, അവയുടെ കഴുത്തിൽ ആഞ്ഞുതറക്കുന്ന ഒരു അദൃശ്യമായ മുട്ടുകാലുണ്ടെന്ന്. നമ്മുടെ രാജ്യവും അതിൽനിന്നും ഭിന്നമല്ല. ദൽഹി വംശീയാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ അത് തടയാനുള്ള കോടതിയുടെ പരിമിതികൾ പരാമർശിച്ചുകൊണ്ട് നമ്മുടെ നീതിന്യായ പീഠവും ഒരിക്കൽ പറഞ്ഞു: 'എനിക്ക് ശ്വാസം മുട്ടുന്നുവെന്ന്!'

കോവിഡ് നിർത്തിവെപ്പിച്ച, രണ്ടാഴ്ച മുമ്പ് പുനരാരംഭിച്ച കളിക്കളങ്ങളിൽ പോലും പ്രതിഷേധ കൊടുങ്കാറ്റ് ആഞ്ഞുവീശാൻ തുടങ്ങിയിരിക്കുന്നു. കളിക്കളങ്ങൾ രാഷ്ട്രീയ പ്രകടനങ്ങളുടെ വേദിയാക്കരുതെന്ന കർശന നിയമമുള്ള ഫുട്ബോൾ ലീഗാണ് ജർമൻ ബുണ്ടസ് ലിഗ. ആ നിയമത്തെയാണ് ജോർജിനു വേണ്ടി, റോഡുവക്കിൽ ചതഞ്ഞരഞ്ഞ നീതിക്കു വേണ്ടി കളിക്കാർ മാരകമായി ടാക്ളിംഗ് ചെയ്യുന്നത്. കാണികളില്ലെങ്കിലും ക്യാമറയുടെ മുന്നിൽ വന്നുനിന്ന് ഗോൾനേട്ടം ആഘോഷിക്കുന്നത് 'Justice for George Floyd' എന്ന ഇന്നർ ഷർട്ടിൽ ആലേഖനം ചെയ്യപ്പെട്ട കുറിപ്പ് ഉയർത്തികാട്ടിയാണ്. ഷാൽകെ ക്ലബിന്റെ അമേരിക്കൻ താരമായ വെസ്റ്റേൺ മകേനിയാണ് കളിക്കളത്തിൽ പ്രതിഷേധത്തിന്റെ കനമുള്ള, കനലുകളുള്ള ശ്വാസം ആഞ്ഞു ഊതിയത്. അടുത്ത ആഴ്ചകളിൽ പുനരാരംഭിക്കാനിരിക്കുന്ന ഇതര കളിക്കളങ്ങളും പ്രതിഷേധത്തിന്റെ തീക്ഷ്ണത മുറ്റിയ കനൽശ്വാസങ്ങൾ ആഞ്ഞ് ഊതും, തീർച്ച.

മനസ്സിലെ അഴുക്കിന്റെ ആഘോഷമാണ് റേസിസം. നീതിയും സമത്വവും പുലരാത്ത കാലത്തോളം അത് ആഘോഷിക്കപ്പെടും. ശ്വാസംമുട്ടിയ ഇരുണ്ട ചർമമുള്ള ബിലാലിന് പുതുശ്വാസം നൽകിയത് ഈ സമത്വമാണ്. മുഹമ്മദലി ക്ലേയും മാൽക്കം എക്സും ആസ്വദിച്ചു വലിച്ചത് പരിമളം പരത്തുന്ന ആ ശ്വാസമാണ്. ജോർജ് ഫ്ളോയ്ഡിന്റെ നിലച്ചുപോയ ശ്വാസം, വർണവെറിക്കെതിരെ പ്രക്ഷോഭങ്ങളുടെ നിലക്കാത്ത ശ്വാസമാകട്ടെ, മുറിയാത്ത പ്രവാഹമാകട്ടെ. ●

# ഫാഷിസം എന്ന വൈറസ്

സിദ്ദീഖ് കൊടക്കാട്ട്

**ഇന്ന്** ലോകത്തുടനീളം കൃത്രിമ ഭയത്തിന്റെ ഉൽപാദനവും വിതരണവും തിടംവെച്ചു കൊണ്ടിരിക്കുകയാണ്. വ്യവഹാര മേഖലകളിലെല്ലാം ചൂഷണങ്ങളുടെയും ലാഭ ക്കൊതിയുടെയും പിന്നാമ്പുറങ്ങളിലൊളിപ്പിച്ചുള്ള ഭയവിഹ്വലതകളാണ് മനുഷ്യനെ ഭരിക്കുന്നത്. പടിഞ്ഞാറ് തീവ്ര വലതുപക്ഷം ആഗോളതലത്തിൽ ഇസ്‌ലാമോഫോബിയയും വംശീയതയും പരദേശീസ്പർധയും വ്യാപിപ്പിച്ചു കൊണ്ടേയിരിക്കുന്ന കാഴ്ച അത്യന്തം ഭീകരമാണ്. എക്കാലത്തും ഏകാധിപതികൾ പ്രയോഗിക്കന്ന ആണവായുധമാണല്ലോ ഭയം. തളംകെട്ടി നിൽക്കുന്ന ഭയത്തിന്റെ ആനുകൂല്യത്തിൽ സ്വേഛാ ഭരണകൂടങ്ങൾക്ക് സമർഥമായി ജനതക്കു മേൽ മാനസികവും ശാരീരികവും സാമ്പത്തികവുമായ അധീശത്വം സ്ഥാപിച്ചെടുക്കാമെന്നതിന്റെ തെളിവുകൂടിയാണ് കൊറോണാകാലം. ലോകം ആരോഗ്യ അടിയന്തരാവസ്ഥയിൽ കഴിയുന്ന ഘട്ടത്തിൽ അപായസൂചനകൾ ഉയർത്തി, സാമൂഹിക സുരക്ഷയുടെ അനിവാര്യതകളിൽ പൗരാവകാശത്തിനും നീതിക്കും സ്വാതന്ത്ര്യത്തിനും പ്രസക്തിയില്ലെന്നും അധികാരത്തിന് മൗലികാവകാശങ്ങൾ നിഷേധിക്കാനുള്ള പൂർണ സ്വാതന്ത്ര്യം വകവെച്ചു കൊടുക്കണമെന്നും പൗരസമൂഹത്തെ വിശ്വസിപ്പിക്കുന്നതിൽ ഭാഗികമായെങ്കിലും അവർ വിജയിക്കുന്നു.

അധികാരത്തിന്റെ മർദനോപാധികളെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആസൂത്രിത മാർഗമായി പൊതു സമൂഹത്തിൽ നിരന്തരം ഭയം ഉൽപ്പാദിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. ആധി നൽകുന്ന നിസ്സഹായതയുടെ മറവിൽ അധികാരത്തിന്റെ സങ്കുചിത താൽപര്യങ്ങളെ താലോലിക്കുന്ന പല ചട്ടങ്ങളും നിർമിച്ചെടുക്കാനാവുന്നു. തോമസ് ജെഫേഴ്സൺ പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നതുപോലെ 'അധികാരം ജനങ്ങളെ ഭയപ്പെടുമ്പോൾ സ്വാതന്ത്ര്യം വാഴുന്നിടമായി മാറുകയും, ജനത അധികാരത്താൽ ഭീതിദരായി മാറുമ്പോൾ സ്വേഛാധിപത്യം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.' ഭയത്തിൽ മുങ്ങിയ ജനതയെ തങ്ങളുടെ കാൽക്കീഴിൽ ആശ്രിതരായി നിലനിർത്തുകയും, പൗരസമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾക്കും പിന്നാക്കാവസ്ഥക്കും ഉത്തരവാദി ജനം തന്നെയാണെന്ന് വിശ്വസിപ്പിക്കുകയും ചെയ്ത് അധികാരശക്തികൾ കഴിവുകേടിൽനിന്നും ബലഹീനതകളിൽനിന്നും സ്വയം കുറ്റവിമുക്തരാവുകയും ചെയ്യുന്നു. ഭരണാധികാരികൾ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും വിചാരണക്ക് വിധേയമാവുകയും ചെയ്യുന്ന സന്ദർഭങ്ങളില്ലെല്ലാം, ജനതയെ ഭിന്നിപ്പിച്ചും ഭയം ഉദ്ദീപിപ്പിച്ച് പരസ്പരം ശത്രുത വളർത്തിയും കലാപങ്ങൾ സൃഷ്ടിച്ച് അടിസ്ഥാന പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തെറ്റിച്ചും സാഹചര്യങ്ങളെ തങ്ങൾക്കനുകൂലമായി പരിവർത്തിപ്പിക്കുന്നതു കാണാം.

ഇസ്‌ലാം വിരുദ്ധത, സാംസ്കരിക ദേശീയത, ജാതിവ്യവസ്ഥയുടെ സംരക്ഷണം, വംശീയത, സാമുദായിക ധ്രുവീകരണം, സെമിറ്റിക് വിരോധം തുടങ്ങിയ കർമ പരിപാടികളിലും വൈകാരിക അടിത്തറകളിലുമാണ് ഇന്ത്യൻ ഫാഷിസം കോട്ട പണിയുന്നത്. ഫാഷിസം സാങ്കൽപിക ശത്രുവിനെ പൊള്ളയായ ആശയങ്ങൾക്കു മുകളിൽ നിർമിക്കുന്നു. അതുവഴി അയൽവാസിയും സഹപാഠിയും സുഹൃത്തും സഹപ്രവർത്തകനും തുടങ്ങിയ എല്ലാ പാരസ്പര്യങ്ങളും കണ്ണികളും മായ്ക്കപ്പെടുകയും തൽസ്ഥാനത്ത് മത ജാതിഭേദങ്ങൾക്കനുസരിച്ച് ശത്രുവും മിത്രവുമെന്ന ദ്വന്ദ്വങ്ങളെ മാത്രം നിലനിർത്തുകയും ചെയ്യുന്നു. പലപ്പോഴും സാമൂഹിക മണ്ഡലത്തിൽ ഫാഷിസം അംഗീകാരം സ്ഥാപിക്കുന്നത് കലാപം കൊണ്ടോ കൂട്ടക്കശാപ്പു കൊണ്ടോ പോലീസ് കൈയേറ്റങ്ങൾ കൊണ്ടോ ആയിരിക്കണമെന്നില്ല, മറിച്ച് ഭയത്തിന്റെ ഭാഷയും വെറുപ്പിന്റെ സംസ്കാരവും ആശയസംക്രമണം നടത്തുന്നതോടെ നടേ പറഞ്ഞ ലക്ഷ്യങ്ങളെല്ലാം ക്രമപ്രവൃദ്ധമായി സാധ്യമാക്കിത്തീർക്കുന്നു എന്നത് രാജ്യത്ത് അനുഭവവേദ്യമായ വസ്തുതയണല്ലോ. ഹിറ്റ്ലറുടെ നാസി ജർമനിയും മുസോളിനിയുടെ ഫാഷിസ്റ്റ് ഇറ്റലിയും വംശീയ ഉന്മൂലന സിദ്ധാന്തങ്ങളിൽ വേരുറപ്പിക്കുന്ന ആദിമ ഘട്ടങ്ങളിൽ നടപ്പിലാക്കിയിരുന്ന വിദ്വേഷ പ്രചാരണങ്ങൾ സമകാലീന ഭാഷയിൽ പറഞ്ഞാൽ വെറുപ്പിലധിഷ്ഠിതമായ 'സാമൂഹിക അകല' മാതൃകകൾ തന്നെയായിരുന്നു. ഇന്ത്യൻ ഫാഷിസവും സമാന പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നത് വ്യക്തമാണ്. ചിന്തിക്കാനും അഭിപ്രായം പറയാനും എഴുതാനും മതമാചരിക്കാനും ഭക്ഷിക്കാനും തുടങ്ങി മൗലികമായ എല്ലാ സ്വാതന്ത്ര്യങ്ങളെയും അത് റദ്ദ് ചെയ്യുന്നു. നേരത്തേ ക്ലാസിക്കൽ ഫാഷിസം യൂറോപ്പ് അടക്കിവാണ കാലത്തെ ഓർമിപ്പിക്കും വിധമാണ് ഇന്ത്യയിൽ ഫാഷിസം വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്. അധികാരമോഹത്താൽ പ്രചോദിതമായ സ്വേഛാഭരണ വാഴ്ച മാത്രമല്ല ഫാഷിസം എന്നും, കോർപ്പറേറ്റ് കൈകളിൽ സുരക്ഷിതവും ഇവന്റ് മാനേജ്മെന്റ് സംഘങ്ങളുടെ കാപട്യങ്ങളിൽ വികസിക്കുന്നതുമായ ഉന്മൂലന ആശയമാണത് പ്രതിനിധാനം ചെയ്യുന്നത് എന്നതും ഇന്ത്യൻ ജനത തിരിച്ചറിയാതെ പോകരുത്.

മനുഷ്യൻ നേരിട്ടിട്ടുള്ള ദുരന്തങ്ങളിൽനിന്ന് ചോരയും നീരും വലിച്ചെടുത്ത് തളിർക്കാൻ ഫാഷിസ്റ്റുകൾ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. ഈ മഹാമാരി ദുരന്തത്തെ ഇന്ത്യയിൽ ഫാഷിസം ചൂഷണം ചെയ്തതിന്റെ ഒരു ഉദാഹരണം മാത്രമാണ് ദൽഹിയിലെ നിസാമുദ്ദീൻ മർകസിലെ തബ്‌ലീഗ് സമ്മേളനവുമായി ബന്ധിപ്പിച്ച് മെനഞ്ഞെടുത്ത ഇസ്‌ലാമോഫോബിയ. അതുപോലെ സഫൂറ സർഗാർ, മീരാൻ ഹൈദർ, താഹിർ മദനി, ഉമർ ഖലിദ്, സഫറുൽ ഇസ്‌ലാം ഖാൻ, ശിഫാഉർറഹ്മാൻ, കഫീൽ ഖാൻ, ഖാലിദ് സൈഫി തുടങ്ങിയവർ കോവിഡ് കാലത്ത് വേട്ടയാടപ്പെട്ടത് എന്തുകൊണ്ട് എന്ന് ചിന്തിക്കണം. നിരന്തരം പെരുംനുണകൾ തങ്ങളുടെ ഉച്ചഭാഷിണികളായ മീഡിയയിലൂടെ പ്രസാരണം ചെയ്തുകൊണ്ടാണ് സംഘ് പരിവാർ വംശീയവും ഹിംസാത്മകവുമായ അജണ്ടകൾക്ക് ഭൂമി പാകപ്പെടുത്തുന്നത്. അപ്രധാനവും അസാധാരണവുമായ സംഭവങ്ങളെ അതിവൈകാരികമായി അവതരിപ്പിച്ചും ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങളെ തിരസ്കരിച്ചും അവയിൽനിന്ന് സമൂഹശ്രദ്ധ തിരിച്ചും മീഡിയ ഫാഷിസ്റ്റ് നാവായി മാറുന്നു. ഇത്തരം കാപട്യങ്ങൾ രോഗാണുവിനേക്കാൾ അതിവേഗം പൊതു സമൂഹത്തിലേക്ക് സംക്രമണം നടത്തുന്നുണ്ട്. വ്യക്തിമാഹാത്മ്യവാദവും വീരപുരുഷത്വവും അധികാരത്തോട് ഉപാസനയും ദേശീയതാ വികാരത്തിന്റ പിൻബലത്തിൽ വംശീയതയും അഭയാർഥികളോടും കുടിയേറ്റക്കാരോടുമുള്ള കടുത്ത വെറുപ്പും മതങ്ങളോടും വർണങ്ങളോടുമുള്ള വിവേചനവും ഫാഷിസത്തിന്റെ പ്രായോഗിക പ്രതിനിധാനങ്ങളാണ്.

വിദ്വേഷത്തിന്റെ ആക്രോശങ്ങൾക്കെതിരെ കലഹിക്കേണ്ടതുണ്ട്. മൗലികമായി അഭിപ്രായാന്തരങ്ങൾ നിലനിൽക്കുമ്പോൾ തന്നെ നവഫാഷിസത്തിനെതിരെ ജനകീയ ചേരിയുടെ ഐക്യവും ഈടും കരുതിവെപ്പുമുള്ള ജനകീയ മുന്നേറ്റങ്ങളും ആവിഷ്കരിക്കപ്പെടണം. നാം വിജയിച്ചേ തീരൂ, കൊറോണയോടു മാത്രമല്ല, ഫാഷിസത്തിനെതിരെയുള്ള പോരാട്ടത്തിലും. ●

അക്കൗണ്ട്

എ.ആർ

# നെഹ്റു സ്മൃതി അയവിറക്കുമ്പോൾ

മെയ് 27-ന് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 56-ാം ചരമദിനമായിരുന്നു. 1964 മേയിൽ ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജിലെ ഞാനുൾപ്പെടുന്ന പ്രഥമ ബാച്ച് ഫൈനൽ പരീക്ഷ എഴുതി ശാന്തപുരത്ത് നിന്ന് തിരിച്ചുവന്നിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുള്ളൂ. ഇനി എന്തു ചെയ്യണമെന്നതിനെപ്പറ്റി ഐഡിയ ഒന്നും ഉണ്ടായിരുന്നില്ല. മേയ് 27-ന് ഉച്ചക്കു ശേഷം കോളേജിൽനിന്ന് വീട്ടിലേക്ക് നടക്കവെ, മാവൂർ ഗ്വാളിയോർ റയോൺസിലെ ഏതാനും തൊഴിലാളികൾ കറുത്ത ബാഡ്ജും ധരിച്ച് റോഡിലൂടെ വരുന്നത് കണ്ടപ്പോൾ ചോദിച്ചു: 'എന്തു പറ്റി? എന്തിനാണ് കറുത്ത ബാഡ്ജ് ധരിച്ചത്?' 'അറിയില്ലേ, നമ്മുടെ പ്രധാനമന്ത്രി ജവഹർ ലാൽ നെഹ്റു അന്തരിച്ചു. അതോടെ കമ്പനി അടച്ചതിനാൽ ഞങ്ങൾ പണി നിർത്തി മടങ്ങുകയാണ്.'

ശരിക്കും ഞെട്ടുക തന്നെ ചെയ്തു. നെഹ്റുവിനു ശേഷം ആര് എന്ന ചോദ്യം പത്രകോളങ്ങളിൽ ചർച്ചാവിഷയമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ നിര്യാണവാർത്ത തീർത്തും അപ്രതീക്ഷിതമായിരുന്നു. നെഹ്റുവിന് അസുഖം ബാധിച്ചതായി വാർത്തകളൊന്നും വന്നിരുന്നില്ല. അന്നത്തെ കാലത്ത് ലോകത്ത് നെഹ്റുവിനേക്കാൾ തലയെടുപ്പുള്ള മറ്റൊരു നേതാവും ഉണ്ടായിരുന്നില്ല. ലോകസമാധാനത്തിന്റെ വക്താവും ചേരിചേരാ പ്രസ്ഥാനത്തിന്റെ നായകനുമെന്ന നിലയിൽ ഇന്ത്യൻ ജനതയുടെ മാത്രമല്ല ലോക രാജ്യങ്ങളുടെതന്നെ സ്നേഹാദരവുകൾ പിടിച്ചുപറ്റിയിരുന്നു അദ്ദേഹം. ശരാശരി ഇന്ത്യക്കാരന്റെ സ്വകാര്യ അഹങ്കാരമായിരുന്നു ജവഹർലാൽ നെഹ്റു. അദ്ദേഹത്തിന് രാഷ്ട്രീയ പ്രതിയോഗികളും വിമർശകരും ഇല്ലായിരുന്നു എന്നല്ല. ഡോ. രാം മനോഹർ ലോഹ്യയെ പോലുള്ള സോഷ്യലിസ്റ്റുകളും ബി.ടി രണദിവെ, പി. സുന്ദരയ്യ, ഇ.എം.എസ് നമ്പൂതിരിപ്പാട് തുടങ്ങിയ കമ്യൂണിസ്റ്റുകളും ശ്യാമപ്രസാദ് മുഖർജി, നാനാജി ദേശ്മുഖ് എന്നിവരടക്കമുള്ള ഹിന്ദുത്വവാദികളും ഡി. രാജഗോപാലാചാരി, എം.ആർ മസാനി മുതൽ വലതുപക്ഷ പ്രമുഖരുമൊക്കെ നെഹ്റുവിനെയും അദ്ദേഹത്തിന്റെ സാമ്പത്തിക നയങ്ങളെയും തുറന്നെതിർത്തിരുന്നു. കോൺഗ്രസ്സിനുള്ളിൽതന്നെ നെഹ്റുവിയൻ സോഷ്യലിസ്റ്റ് ചിന്താധാരയെയോ തദടിസ്ഥാനത്തിലെ പ്ലാനിംഗിനെയോ പ്രധാനമന്ത്രിയുടെ ലിബറൽ സെക്യുലരിസ്റ്റ് നിലപാടുകളെയോ മനസ്സാ അംഗീകരിക്കാത്തവർ മർമസ്ഥാനങ്ങളിൽ തന്നെ ഉണ്ടായിരുന്നു. മൊറാർജി ദേശായ്,




● ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി

ഗോവിന്ദ വല്ലഭ പാന്ത്, എസ്.കെ പാട്ടീൽ പ്രഭൃതികൾ ഈ ഗണത്തിലാണ് അറിയപ്പെട്ടത്. പക്ഷേ നെഹ്റുവിന്റെ വ്യക്തിപ്രഭാവവും ഗാന്ധിജി ജീവിച്ചിരുന്നപ്പോൾ അദ്ദേഹം നൽകിയ പിന്തുണയും എതിർ ശബ്ദങ്ങളെ നിഷ്പ്രഭമാക്കി. ജനാധിപത്യപരമായ ശൈലിയിലാണ് നെഹ്റു വിമർശനങ്ങളെ നേരിട്ടതെന്നത് എടുത്തുപറയേണ്ടതാണ്. അദ്ദേഹം ദിനേന വസ്ത്രങ്ങൾ അലക്കിത്തേക്കാൻ പാരീസിലേക്കയക്കുകയായിരുന്നു പതിവെന്ന പ്രചാരണം പോലും നടന്നിരുന്നു. 'ട്വന്റി ഫൈവ് തൗസന്റ് എ ഡേ' എന്ന പേരിൽ ലോഹ്യ ഇറക്കിയ പുസ്തകത്തിൽ ദരിദ്ര രാജ്യത്തിന്റെ പ്രധാനമന്ത്രി ജവഹർലാലിന്റെ ധൂർത്തിനെയാണ് കടന്നാക്രമിച്ചിരുന്നത്. പക്ഷേ അദ്ദേഹത്തെക്കുറിച്ച് അഴിമതി ആരോപണങ്ങളൊന്നും കാര്യമായി ഉയർന്നിരുന്നില്ല. അഴിമതിയാരോപിതനായ പഞ്ചാബ് മുഖ്യമന്ത്രി പ്രതാപ് സിംഗ് കൈറോണെ പ്രധാനമന്ത്രി സംരക്ഷിച്ചതും അഹുജ വധക്കേസിൽ പ്രതിയായിരുന്ന നാവിക കമാന്റർ നാനാവതിയെ രക്ഷിക്കാൻ ശ്രമിച്ചതും ഉന്നയിക്കപ്പെട്ട ആരോപണങ്ങളാണ്.

എന്നാൽ ജവഹർലാൽ നെഹ്റുവിന്റെ ഏറെ വിമർശിക്കപ്പെട്ട രണ്ട് നടപടികളിലൊന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ കമ്യൂണിസ്റ്റ് സർക്കാറിനെ ക്രമസമാധാനത്തകർച്ചയുടെ പേരിൽ ഗവർണറുടെ ശിപാർശ പ്രകാരം ഭരണഘടനയുടെ 356-ാം വകുപ്പ് ഉപയോഗിച്ച് 1959-ൽ പിരിച്ചുവിട്ടതാണ്. ഇ.എം.എസ് നമ്പൂതിരിപ്പാട് നേതൃത്വം നൽകിയ സംസ്ഥാന സർക്കാറിനെതിരെ കോൺ


● ഗോവിന്ദ വല്ലഭ്


● ലാൽ ബഹാദൂർ ശാസ്ത്രി


● മൊറാർജി ദേശായി


● സുന്ദരയ്യ

ഗ്രസ് നേതൃത്വത്തിലുള്ള പ്രതിപക്ഷം ആയുധമാക്കിയത് സെൽഭരണമായിരുന്നെങ്കിലും റവന്യൂ മന്ത്രി കെ.ആർ ഗൗരിയമ്മ കൊണ്ടുവന്ന ഭൂപരിഷ്കരണ ബില്ലിൽ പ്രകോപിതരായ ജന്മിമാരും, സ്വകാര്യ സ്കൂൾ മാനേജർമാരുടെ അധികാരം വെട്ടിക്കുറക്കുന്ന ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരെ രംഗത്തിറങ്ങിയ ക്രൈസ്തവ സഭകളും എൻ.എസ്.എസ്സും ആയിരുന്നു 1959-ലെ വിമോചന സമരത്തെ ജ്വലിപ്പിച്ചത് എന്നത് നിഷേധിക്കാനാവാത്ത വസ്തുത. പ്രക്ഷോഭത്തെ രേിടാൻ ഇ.എം.എസ് സർക്കാർ പോലീസിനെ ഇറക്കിയതോടെ ക്രമസമാധാനനില വഷളായി. തൊഴിലാളികളുടെ പണിമുടക്ക് അക്രമാസക്തമായപ്പോൾ വെടിയുണ്ടകൾ കൊണ്ട് നേരിട്ടത് കമ്യൂണിസ്റ്റ് പാർട്ടിക്കകത്ത് തന്നെ ഭിന്നാഭിപ്രായങ്ങൾക്ക് വഴിവെച്ചു. തൊഴിലാളിവർഗ ഭരണകൂടം തൊഴിലാളികളെ വെടിവെച്ചു കൊല്ലുന്നതിലെ വൈരുധ്യം തന്നിൽ സൃഷ്ടിച്ച ആത്മസംഘർഷത്തിന്റെ പാരമ്യത പാർട്ടിയുടെ താത്ത്വികനായ കെ. ദാമോദരന്റെ ആത്മകഥാ കുറിപ്പുകളിലുണ്ട്. എന്തായാലും 28 മാസം നീണ്ട പ്രഥമ കമ്യൂണിസ്റ്റ് ഭരണത്തിന് അന്ത്യം കുറിക്കാൻ നെഹ്റു തയാറായത് അദ്ദേഹത്തിന്റെ ജനാധിപത്യ പ്രതിഛായക്ക് ഹാനികരമായെന്ന വിലയിരുത്തലാണ് പൊതുവെ. എന്നാൽ അത്തരമൊരു ആത്യന്തിക നടപടിക്ക് നെഹ്റു സന്നദ്ധനായിരുന്നില്ലെന്നും അന്നേരത്തെ കോൺഗ്രസ് അധ്യക്ഷയായിരുന്ന ഇന്ദിരാ ഗാന്ധിയാണ് അതിന് പിതാവിനെ നിർബന്ധിച്ചതെന്നും പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 1959-ൽ നെഹ്റുവിന്റെ ഇംഗിതം മനസ്സിലാക്കി പാർട്ടി പ്രസിഡന്റ് പദവി ഒഴിഞ്ഞ യു.എൻ ധേബറാണ് തന്റെ പിൻഗാമിയായി ഇന്ദിരയുടെ പേര് നിർദേശിച്ചതെന്നും 'ഓൺ ലീഡേഴ്സ് ആന്റ് ഐക്കൻസ്' എന്ന കൃതിയിൽ പ്രമുഖ പത്രപ്രവർത്തകൻ കുൽദീപ് നയാർ അനുസ്മരിക്കുന്നുണ്ട്. നെഹ്റുവിനെ സന്തോഷിപ്പിക്കാൻ ഇങ്ങനെ ചെയ്ത ധേബർ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന ഗോവിന്ദ വല്ലഭ പന്തിനോട് നിർദേശത്തെ പിന്താങ്ങാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന് സമ്മതമായിരുന്നില്ല. അതേസമയം നെഹ്റുവിന്റെ അനിഷ്ടം അദ്ദേഹം ഭയപ്പെട്ടിരുന്നുതാനും. അതിനാൽ കൂടുതൽ യാത്രകൾ ചെയ്യേണ്ടിവരുന്ന പാർട്ടി അധ്യക്ഷ പദവി ഇന്ദിരയുടെ ആരോഗ്യത്തിന് താങ്ങാനാവുമോ എന്ന സംശയം പ്രകടിപ്പിക്കുകയായിരുന്നു പാന്ത്. 'അവൾ രണ്ടാളേക്കാളും ആരോഗ്യവതിയാണ്' എന്നായിരുന്നുവത്രെ നെഹ്റുവിന്റെ പ്രതികരണം. തന്റെ പിൻഗാമിയായി മകൾ തന്നെ അവരോധിക്കപ്പെടണം എന്ന നെഹ്റുവിന്റെ അഭിലാഷമാണ് അദ്ദേഹത്തിന്റെ ജനാധിപത്യ നിഷ്കർഷയെ ചോദ്യം ചെയ്യുന്നവരുടെ മറ്റൊരാരോപണം. ഇതും കേവലമായ ആരോപണമല്ലെന്നാണ് നയാർ ചൂണ്ടിക്കാട്ടുന്നത്. 1964-ൽ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന കാമരാജ് നാടാർ നെഹ്റുവിന്റെ പിൻഗാമിയായി ലാൽബഹാദൂർ ശാസ്ത്രിയെയാണ് കൊണ്ടുവന്നതെങ്കിലും പണ്ഡിറ്റ്ജിയുടെ മനസ്സിൽ മകൾ തന്നെയായിരുന്നു എന്ന് ശാസ്ത്രി മനസ്സിലാക്കിയിരുന്നു. 'ഉൻകെ മൻമേ തോ സിറഫ് ഉൻകി പുത്രി ഹെ' (അദ്ദേഹത്തിന്റെ മനസ്സിൽ മകൾ മാത്രമാണ്) എന്ന് ശാസ്ത്രി തന്റെ അടുത്ത സുഹൃത്തുക്കളോട് പറയാറുണ്ടായിരുന്നുവെന്ന് നയാർ. 1965 സെപ്റ്റംബറിലെ ഇന്ത്യാ-പാക് യുദ്ധത്തിൽ യു.എൻ ഇടപെടലിനെ തുടർന്ന് വെടിനിർത്താൻ ഇന്ത്യ നിർബന്ധിതമായി; തുടർന്ന് പാക് പ്രസിഡന്റ് അയ്യൂബ് ഖാനുമായി സമാധാനക്കരാറിൽ ഒപ്പുവെക്കാൻ പ്രധാനമന്ത്രി ശാസ്ത്രി സോവിയറ്റ് യൂനിയന്റെ സൗഹൃദത്തിനു വഴങ്ങി താഷ്കന്റിലേക്ക് പോവേണ്ടിയും വന്നു. അവിടെ ഉഭയകക്ഷി ചർച്ചകൾക്കു ശേഷം അംഗീകരിക്കപ്പെട്ട സമാധാനക്കരാറിൽ ഒപ്പിട്ട ഉടനെ ലാൽ ബഹാദൂർ ശാസ്ത്രി ഹൃദയാഘാതം മൂലം നിര്യാതനായ വാർത്തയാണ് ഇന്ത്യയെ ഞെട്ടിച്ചത്. അതോടെ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ സാധാരണ അംഗം മാത്രമായിരുന്ന ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ നെഹ്റുവിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു. മക്കൾ രാഷ്ട്രീയത്തിന്റെ ആരംഭവും അതോടെ കുറിക്കപ്പെട്ടു. തനിക്കു ശേഷം രണ്ടാമത്തെ മകനായ സഞ്ജയ് ഗാന്ധിയെ ഉയർത്തിക്കൊണ്ടുവരാനുള്ള ഇന്ദിരയുടെ ശ്രമത്തിന് പ്രകൃതിയാണ് തടയിട്ടത്. രാജീവ് ഗാന്ധിയുടെ സ്ഥാനലബ്ധിക്കുത്തരവാദി കോൺഗ്രസ് പാർട്ടിയാണ്. കാരണം നെഹ്റു കുടുംബത്തിന്റെ പുറത്ത് ഒരാളെയും പാർട്ടി നേതൃത്വത്തിലേക്കോ ഭരണനേതൃത്വത്തിലേക്കോ കൊണ്ടുവരാൻ 135 വർഷത്തെ പാരമ്പര്യം അവകാശപ്പെടുന്ന നാഷ്നൽ കോൺഗ്രസ്സിനാവില്ല എന്നതാണ് സോണിയ ഗാന്ധിയും രാഹുൽ ഗാന്ധിയും പിന്മാറാൻ തയാറായതിനു ശേഷവും തുടരുന്ന അനിശ്ചിതത്വം നൽകുന്ന സന്ദേശം.

ജവഹർലാൽ നെഹ്റു തീർച്ചയായും ജനാധിപത്യത്തോടും മതനിരപേക്ഷതയോടും പ്രതിബദ്ധതയുള്ള നേതാവും ഭരണാധികാരിയുമായിരുന്നു. ആറ് പതിറ്റാണ്ടുകാലം ഇന്ത്യ അതേ അടിത്തറയിൽ തപ്പിപ്പിടഞ്ഞാണെങ്കിലും മുന്നോട്ടു നീങ്ങിയത് അദ്ദേഹവും അംബേദ്കറും ചേർന്ന് രൂപം നൽകിയ ഭരണഘടനയുടെ പ്രഭാവം കൊണ്ടാണുതാനും. എന്നാൽ കുടുംബവാഴ്ചാ രാഷ്ട്രീയം ഏറ്റവും സമുന്നതനായ ദേശീയ നേതാവിന്റെ പോലും ദൗർബല്യമായിരുന്നു എന്നത് അവഗണിക്കാവുന്ന വസ്തുതയല്ല. ●




# അമേരിക്കയിലെ വർണവിവേചന ഭീകരത

**കവർ സ്റ്റോറി / ഹസൻ തിക്കോടി**

(അമേരിക്കയിലെ മിസ്സോറിയിൽനിന്ന്)

hassanbatha@gmail.com

ജോർജ് ഫ്ളോയ്ഡ് എന്റെ ആരുമല്ല, പക്ഷേ ആരുമല്ലാത്തവർ പോലും ചിലപ്പോൾ നമ്മളറിയാതെ നമ്മിൽ വലിയ ചലനങ്ങളും ചിന്തകളും സൃഷ്ടിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവരുടെ നാടോ വീടോ നിറമോ വർഗമോ മതമോ ഭാഷയോ ഒന്നും നാം നോക്കാറില്ല. മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത ഹൃദയങ്ങളിൽ അത്തരം വാർത്തകളും ചിത്രങ്ങളും ഉണ്ടാക്കുന്ന സ്പാർക്കുകൾ ചിലപ്പോൾ നൈമിഷികമാവാം. അത്തരം ചില ദാരുണമായ വാർത്തകളും വീഡിയോ ക്ലിപ്പുകളും എന്നെ വല്ലാതെ വേദനിപ്പിച്ചു. ഇതൊക്കെ സ്വാഭാവികമല്ലേ എന്നു ചോദിക്കുന്നവരുണ്ടാവാം. ഇതുപോലെ അല്ലെങ്കിൽ ഇതിനേക്കാൾ ക്രൂരമായ എത്രയെത്ര സംഭവങ്ങൾ ലോകത്തിൽ പലേടങ്ങളിലും ഓരോ നിമിഷങ്ങളിലും നടക്കുന്നു! അതൊക്കെ ചിലപ്പോൾ വാർത്തയാകാറുണ്ട്, ചർച്ചചെയ്യപ്പെടാറുണ്ട്. സർവസാധാരണം എന്ന ഒഴുക്കൻ മട്ടിൽ പറഞ്ഞൊഴിയാൻ ആവാത്തതുകൊണ്ട് മാത്രം ഞാനിവിടെ ആ സംഭവത്തെക്കുറിച്ച് എഴുതുന്നു.

മിനിയാപോളിസ് അമേരിക്കയിലെ തണുപ്പ് കൂടുതലുള്ള ഒരു മനോഹര നഗരം. ഞാൻ താമസിക്കുന്നിടത്തുനിന്നു മൂന്നര മണിക്കൂർ ഡ്രൈവ്. അവിടെ ജീവിക്കുന്ന ഒരു ആഫ്രിക്കൻ അമേരിക്കക്കാരനാണ് ജോർജ് ഫ്ളോയ്ഡ്, 46 വയസ്സുള്ള ഒരു സാധാരണ മനുഷ്യൻ. സ്കൂൾ പഠനകാലത്ത് നല്ലൊരു ഫുട്ബോൾ (അമേരിക്കൻ) കളിക്കാരനായിരുന്നു. നല്ല കായികശേഷിയുള്ള, ആറടിയിലേറെ ഉയരമുള്ള ദൃഢഗാത്രനായ ഒരു കറുത്ത വർഗക്കാരൻ. 'കോങ്കാ ലാറ്റിന് ബ്രിസ്റ്റോ' റെസ്റ്റോറന്റിലെ ജീവനക്കാരൻ. അതിനു മുമ്പ് സെക്യൂരിറ്റിക്കാരനായും ജോലി നോക്കിയിട്ടുണ്ട്. തൊഴിൽ ചെയ്തു കുടുംബം പുലർത്തുന്ന ഒരു സാധാരണക്കാരൻ. കൊറോണാ കാലത്തെ ലോക്ക്ഡൗൺ കാരണം കഴിഞ്ഞ മൂന്നു മാസമായി ജോലിയില്ല. മറ്റൊരു ജോലിക്കുള്ള അന്വേഷണത്തിനിടയിലാണ് ഇക്കഴിഞ്ഞ ദിവസം ജോർജ് ഫ്ളോയ്ഡ് പിടിക്കപ്പെടുന്നത്. പരിസരത്തിലെവിടെയോ ഒരു ഗ്രോസറി ഷോപ്പിൽ വ്യാജ കറൻസി കൈമാറ്റം നടന്നതായി ആരോ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു പറയുന്നു. സ്ഥലത്തെത്തിയ പോലീസ് ആദ്യം കാണുന്നത് ഒരു നീല കാറിന് മുകളിൽ തന്റേതായ ലോകത്തു കണ്ണും നട്ടിരിക്കുന്ന ജോർജ് ഫ്ളോയ്ഡ്നെയാണ്. ഒന്നുമറിയാത്ത ജോർജിനോട് താഴെ ഇറങ്ങാൻ പറയുന്നു, പൊടുന്നനെ കൈയാമം വെക്കുന്നു. സ്വാഭാവികമായ ഒരു ചെറുത്തുനിൽപ്പ് പോലീസുകാരെ പ്രകോപ്പിച്ചു എന്നു വേണം കരുതാൻ. വെളുത്ത പോലീസ് കറുത്ത ജോർജിനെ വാഹനത്തിന്റെ സൈഡിൽ കിടത്തി കാൽമുട്ട് അയാളുടെ കഴുത്തിൽ ശക്തിയോടെ 8 മിനിറ്റോളം അമർത്തിപ്പിടിച്ചു. അയാൾ ഉറക്കെ നിലവിളിക്കുന്നുണ്ടായിരുന്നു, 'എനിക്കു ശ്വാസം മുട്ടുന്നു' എന്നു പലതവണ കരഞ്ഞു പറഞ്ഞു. പക്ഷേ പൊലീസുകാർ അത് ശ്രദ്ധിക്കാതെ വീണ്ടും



● ജോർജ് ഫ്ളോയ്ഡ്

വീണ്ടും അയാളെ കാൽമുട്ടുകൊണ്ട് പൂർവാധികം ശക്തിയോടെ അമർത്തിപ്പിടിച്ചു. ഒടുവിൽ ഒമ്പതാം മിനിറ്റിൽ ഫ്ളോയ്ഡ് അന്ത്യശ്വാസം വലിച്ചു. കഴുത്തിൽ ശക്തിയോടെ അമർത്തി ചവിട്ടുമ്പോൾ തലച്ചോറിലേക്കുള്ള ഓക്സിജന്റെ പ്രവാഹം നിലക്കും. ഏറിയാൽ അഞ്ചു പത്തു മിനിറ്റിനുള്ളിൽ മരണം സംഭവിക്കും. ജോർജ് ഫ്ളോയ്ഡ് തൽക്ഷണം മരിക്കുന്നു. ഉടനെ ആംബുലൻസ് എത്തുന്നു, ആശുപത്രിയിലേക്ക് കൊണ്ടുപോവുന്നു. പിറ്റേ ദിവസം പോലീസ് ഭാഷ്യം വരുന്നു, പൊലീസുമായുള്ള ഏറ്റുമുട്ടലിൽ ജോർജ് ഫ്ളോയ്ഡ് 'ആരോഗ്യപരമായ കാരണത്താൽ മരിച്ചു'. അന്വേഷണം എഫ്. ബി. ഐ ഏറ്റെടുത്തു. അന്വേഷണവിധേയമായി ചില പോലീസുകാരെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുന്നു. നാടകത്തിനു താൽക്കാലിക തിരശ്ശീല വീഴുന്നു.

അമേരിക്കയിൽ വെളുത്ത പോലീസുകാരുടെ പരസ്യമായ മർദനത്തിനിരയാകുന്ന ആദ്യത്തെ കറുത്ത മനുഷ്യനല്ല ജോർജ് ഫ്ളോയ്ഡ്. ഇതിന് മുമ്പും സമാനമായ ഒരുപാടു സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, വെളുത്ത പോലീസുകാർ ശിക്ഷിക്കപ്പെടുന്നത് വളരെ ദുർലഭം. കാരണം പോലീസ് സേനയിൽ വെള്ളക്കാരുടെ മേധാവിത്തം അത്രമേൽ ശക്തമാണ്. ഈ സംഭവവും അത്തരത്തിൽ തേഞ്ഞുമാഞ്ഞു പോവുമോ എന്ന ആശങ്കയിലായിരുന്നു സാധാരണ അമേരിക്കൻ നിവാസികൾ. പക്ഷേ, അടുത്ത ദിവസം മിനിയാപോളിസ് നഗരവും സമീപപ്രദേശങ്ങളും ഉണരുന്നത് അതിശക്തമായ പ്രതിഷേധപ്രകടനങ്ങളോടെയാണ്. കോവിഡ് 19-ന്റെ കർശന നിയമങ്ങൾ ഒന്നും തന്നെ വകവെക്കാതെ ജനം പ്ലേക്കാർഡുകളും മുദ്രാവാക്യവുമായി തെരുവിലിറങ്ങി. 'ജോർജ് ഫ്ളോയ്ഡിനെ കൊന്ന പൊലീസുകാരെ അറസ്റ്റ് ചെയ്യുക, അവനെ വെടിവെച്ചു കൊല്ലുക, സ്റ്റേറ്റ് നീതി പാലിക്കുക.' തുടർന്ന്, പരക്കെ തീവെപ്പും അക്രമങ്ങളും നടന്നു. തൊട്ടടുത്തുള്ള സ്റ്റേറ്റുകളിലും വലിയ തോതിൽ പ്രതിഷേധ പ്രകടനങ്ങളുണ്ടായി. 'ഈ രാജ്യം വെള്ളക്കാരുടേത് മാത്രമല്ല, എല്ലാവരുടേതുമാണ്. കറുത്ത വർഗക്കാരെ സംരക്ഷിക്കുക' തുടങ്ങിയ പ്ലേക്കാർഡുകൾ തെരുവോരങ്ങളിൽ വ്യാപകമായി ഉയർന്നുപൊങ്ങി. ഇതെഴുതുമ്പോൾ മിനിയാപോളിസ് കോടതി ഉത്തരവിട്ടിരിക്കുന്നു, ജോർജ് ഫ്ളോയ്ഡിനെ കൊലപ്പെടുത്തിയ ഡെറിക്ൾ ഷൗവിനെ അറസ്റ്റ് ചെയ്യാനും അയാളുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കാനും. ഈ അസാധാരണ നടപടികൾ ഉണ്ടാവാൻ കരണം മാധ്യമങ്ങളുടെ ഇടപെടലുകളുണ്ടായതിനാലും, സംഭവത്തിന്റെ വീഡിയോകളും സി. സി. ടി. വി ദൃശ്യങ്ങളും വൈറൽ ആയതിനാലുമാണ്. സംഭവത്തിന്റെ ഗൗരവം അധികാരികൾക്കും കോടതിക്കും ബോധ്യമായതിനാൽ വേഗത്തിൽ നടപടിയും അറസ്റ്റും നടന്നു. പക്ഷേ അന്നു വൈകുന്നേരം തന്നെ ഡെറിക്ൾ ഷൗവിന് ജാമ്യം ലഭിച്ച വാർത്ത പുറത്തു വന്നതോടെ കലാപാഗ്നി കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. അറ്റ്ലാൻഡയിലും ലോസ് ആഞ്ചലസിലും കടകൾക്ക് തീയിട്ടു, പോലീസ് വാഹനങ്ങൾ കത്തിച്ചു. ഹൈവേ ബ്ലോക്ക് ചെയ്തു ഗതാഗതം തടസ്സപ്പെടുത്തി. സി. എൻ. എൻ വാർത്താ ലേഖകരെ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കെ സംഭവസ്ഥലത്തുവെച്ചു അറസ്റ്റ് ചെയ്തു. ആക്രമണകാരികൾ സി. എൻ. എൻ ആസ്ഥാനവും ആക്രമിച്ചു. 'ഞങ്ങൾക്ക് ഒരു പാടു കരയാനുണ്ട്, പറയാനുണ്ട്'- 43 വയസ്സായ ക്രിസ്റ്റീന പീറ്റർ എന്ന വെള്ളക്കാരി പെണ്ണ് വിതുമ്പിക്കൊണ്ട് പറഞ്ഞു. 'ഈ രാജ്യം എല്ലാവരുടേതുമാണ്. ഇവിടെ നീതി വേണം. അത് നടപ്പാക്കാൻ ഒരു സിസ്റ്റം ഉണ്ടാവണം. കറുത്തവനോ വെളുത്തവനോ എന്ന വേർതിരിവ് പാടില്ല...' അവൾ തുടർന്നു; 'ഞങ്ങൾക്ക് പോലും ഇവിടത്തെ സിസ്റ്റത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. കോവിഡ് കാലത്തെ വർക്ക് അറ്റ് ഹോം, സോഷ്യൽ ഡിസ്റ്റൻസ് എന്നിവയുമായി സഹകരിച്ചവരാണ് അമേരിക്കൻ ജനത. കൊറോണ കാരണം 40 ദശലക്ഷം അമേരിക്കക്കാർക്കാണ് ജോലി നഷ്ടപ്പെട്ടത്. അവരുടെ ഭാവി അനിശ്ചിതത്വത്തിലാണ്. ട്രംപ് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എവിടെയും എത്തുന്നില്ല. ഇനി അടുത്ത കാലത്തൊന്നും അമേരിക്കക്ക് സാമ്പത്തികമായി മികവ് പുലർത്താൻ കഴിയണമെന്നില്ല. ന്യൂനപക്ഷമായ കറുത്ത വർഗക്കാരോട് വെളുത്തവർ കാണിക്കുന്ന ക്രൂരതകളും സമീപനങ്ങളും മാറേണ്ടതുണ്ട്' എന്നും ക്രിസ്റ്റീന പറഞ്ഞു.

ചേർത്തുവായിക്കാൻ ഇതുപോലെ ഒരു പാടു സംഭവങ്ങൾ അമേരിക്കയിൽ സാധാരണമാണ്. കറുത്തവരും വെളുത്തവരും തമ്മിലുള്ള അന്തരം ഇപ്പോഴും ഇവിടെ പ്രകടമായി നിലനിൽക്കുന്നു. കോവിഡ് 19 പിടിപെട്ടു മരിച്ചവരിൽ നല്ലൊരു ശതമാനം കറുത്ത വർഗക്കാരാണെന്ന സത്യം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കോവിഡ് രോഗപരിചരണത്തിൽ പോലും വർണവിവേചനമുണ്ടെന്ന് ആരോപണമുയർന്നു.

'കഴുത്തിൽ നിന്നും ആ കാൽമുട്ട് ഒന്നു എടുക്കൂ...എനിക്ക് ശ്വസിക്കാൻ പറ്റുന്നില്ല..' ജോർജ് ഫ്ളോയ്ഡ് കേണപേക്ഷിക്കുമ്പോൾ ഡെറിക്ൾ തന്റെ കൈകൾ സ്വന്തം പാൻസിന്റെ പോക്കറ്റിൽ

# കൊറോണ! വീടു നിർമാണത്തിനു മുമ്പ് ഒരു നിമിഷം

ലോകമെമ്പാടും വ്യാപിച്ച കൊറോണ, സാമ്പത്തിക സ്ഥിതിയിൽ ഒരുപാട് മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്.

അഞ്ച് മാസങ്ങൾക്കു മുമ്പ് വീട് നിർമിക്കാൻ ഒരുങ്ങിയവരും, വീട് നിർമാണം സ്വപ്നം കണ്ടവരും, അതിനു വേണ്ടി പദ്ധതിയിട്ടവരും ഇന്നത്തെ വിശേഷാൽ സാഹചര്യത്തിൽ ഒരിക്കൽ കൂടി തങ്ങളുടെ ബജറ്റിനെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന ജോലിയോ, മുമ്പ് നിങ്ങളെ സഹായിക്കാം എന്ന് പറഞ്ഞവർക്ക് ഉണ്ടായിരുന്ന ജോലിയോ ഉണ്ടാകും എന്ന് ഉറപ്പില്ലാത്ത, ഇനി അഥവാ ഉണ്ടെങ്കിൽതന്നെ ശമ്പളം കിട്ടാൻ പ്രയാസമുള്ള, അതല്ലെങ്കിൽ ഉണ്ടായിരുന്ന അലവൻസും മറ്റും ചുരുങ്ങിയ ഈ സാഹചര്യത്തിൽ വീട് എങ്ങനെ ചെലവ് കുറഞ്ഞതാക്കാമെന്നും അനാവശ്യ ചെലവുകൾ എത്രത്തോളം ഒഴിവാക്കാമെന്നും വളരെ ഗൗരവമായ ചർച്ച അർഹിക്കുന്നു.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ ശാന്തപുരം ചുങ്കത്ത് സ്ഥിതിചെയ്യുന്ന BUILD- U Constructions-ലെ വിദഗ്ധ എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നിങ്ങളുടെ വീടുനിർമാണത്തിന് ആവശ്യമായ സാമ്പത്തിക ബജറ്റ് മുതൽ ഏറ്റവും ചെലവ് ചുരുങ്ങിയ രീതിയിൽ, പാഴ്ച്ചെലവുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട് തറയിടൽ മുതൽ വീട് ഇരിക്കൽ വരെയുള്ള കാര്യങ്ങൾ ഭംഗിയായി ചെയ്തുകൊടുക്കുന്നു.

ഞങ്ങളുടെ പ്രത്യേകതകൾ:

1. മാറിയ സാഹചര്യത്തിൽ നിർമാണ ചെലവ് 30 ശതമാനം വരെ കുറയ്ക്കാൻ വിദഗ്ധരുടെ നേതൃത്വത്തിൽ നിങ്ങളുടെ സൈറ്റിൽ വന്ന് വിദഗ്ധോപദേശം നൽകുന്നു.

2. ഇന്ന് ഇന്ത്യയിൽ ലഭിക്കുന്ന എല്ലാവിധ കൺസ്ട്രക്ഷൻ മെറ്റീരിയൽസുകളെയും പറ്റി ഗവേഷണം നടത്തി നിങ്ങളുടെ സ്വപ്നഭവനം ചെലവു കുറഞ്ഞ കൊട്ടാരമാക്കുന്നു.

3. പ്രവാസികൾക്ക് ഇടനിലക്കാരില്ലാതെ സാധനങ്ങൾ വാങ്ങുന്നതിനും നിർമാണത്തിന്റെ തൽസമയ ദൃശ്യങ്ങൾ വീക്ഷിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും പ്രത്യേക പ്രവാസി പാക്കേജ്.

4. നിങ്ങളുടെ ബജറ്റിനും സ്ഥലത്തിനും അനുസരിച്ച് അഞ്ചു ലക്ഷം രൂപ മുതൽ ഉള്ള വീടുകൾ നിർമിക്കാൻ പ്ലാൻ, എസ്റ്റിമേറ്റ്, കോൺട്രാക്ട്, സൂപ്പർ വിഷൻ തുടങ്ങിയ നിർമാണ മേഖലയിലെ എല്ലാ സേവനങ്ങളും.

## HANIYA'S SHE HOME

ഒരാൾ ഒരു വീട് ഉണ്ടാക്കിയാൽ അയാളുടെ ഉമ്മയും ഭാര്യയുമാണ് ആ വീട്ടിൽ ഏറ്റവും കൂടുതൽ കാലം ചെലവഴിക്കുന്നത്.

ഒരുപക്ഷേ വീടുണ്ടാക്കുന്ന ആൾ വർഷത്തിൽ ഒന്നോ രണ്ടോ മാസം വിശ്രമ ജീവിതത്തിന് മാത്രമായിരിക്കും വീട്ടിൽ വരുന്നത്.

എന്നാൽ ആ വീട്ടിൽ സ്ത്രീ ആവട്ടെ, ഒരു വിരുന്നു പോലും പോകാതെ ആയുഷ്കാലം മുഴുവൻ ആ വീട്ടിൽ കഴിച്ചുകൂട്ടുന്നവളാണ്.

ദൗർഭാഗ്യകരമെന്നു പറയട്ടെ, വീടുണ്ടാക്കുമ്പോൾ ആ സ്ത്രീക്ക് പലപ്പോഴും അവളുടെ അഭിപ്രായം പറയാൻ അവസരം ലഭിക്കാറില്ല.

ഭർത്താവ്, ആർക്കിടെക്റ്റ്, എഞ്ചിനീയർ, കോൺട്രാക്ടർ തുടങ്ങിയ ഒരുപാട് ആളുകളിലൂടെ ഈ ചർച്ച മുഴുവനാകുമ്പോൾ നിർമിക്കാൻ പോകുന്ന വീട്ടിൽ വർഷങ്ങളോളം താമസിക്കേണ്ടി വരുന്നവളുടെ അഭിപ്രായങ്ങൾക്ക് പലപ്പോഴും ആരും ചെവി കൊടുക്കാറില്ല.

ഈ സാഹചര്യത്തിലാണ് ഞങ്ങൾ പുതിയ സംരംഭത്തിലേക്കിറങ്ങുന്നത്.

ആദ്യം ഞങ്ങളുടെ ഡയറക്ടർ ഹാനിയയെ പരിചയപ്പെടുത്താം.

രാജ്യത്തെ ഏറ്റവും മികച്ച എഞ്ചിനീയർമാരെ വാർത്തെടുക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസിലേക്കുള്ള അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ മുപ്പത്തി രണ്ടാം റാങ്കോടെ പ്രവേശനം നേടിക്കൊണ്ട് സിവിൽ എഞ്ചിനീയറിംഗ് പൂർത്തിയാക്കിയ മലപ്പുറം ജില്ലയിലെ മങ്കട വടക്കാങ്ങര സ്വദേശിനി.

ഓരോ വീട് നിർമിക്കുമ്പോഴും അവിടെയുള്ള സ്ത്രീകളെ ഹാനിയയുടെ നേതൃത്വത്തിൽ സ്ത്രീകളായ എഞ്ചിനീയർമാർ കാണുകയും അവർക്ക് അവരുടെ സൗകര്യങ്ങളും അതിലെ വരുംവരായ്കകളും തിരിച്ചറിയാനും ഏതു സമയത്തും വനിതാ എഞ്ചിനീയർമാരെ ബന്ധപ്പെടാനും കഴിയുന്ന രീതിയിലുള്ള വനിതാ സൗഹൃദ വീട് നിർമാണം... HANIYA'S SHE HOME.

**നിങ്ങളുടെ വീട്ടിൽ ഒരു സിവിൽ എഞ്ചിനീയർ ഉണ്ടോ?**

നിങ്ങളുടെ മക്കൾ സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ ഉള്ളവരാണോ?

മാറിയ സാഹചര്യത്തിൽ ഒരു ജോലി ലഭിക്കുക എന്നുള്ളത് വളരെ പ്രയാസമാണ്. പഠനത്തോടൊപ്പം ജോലിയും കൃത്യമായി അറിഞ്ഞാൽ മാത്രമേ ഇനിയുള്ള കാലം മുന്നോട്ടുപോകാൻ ആവുകയുള്ളൂ.

തപാൽ വഴിയുള്ള നീന്തലിന്റെ സാധ്യത എന്നോ അവസാനിച്ചു.

എഞ്ചിനീയറിംഗ് വിദ്യാർഥികൾക്കും എഞ്ചിനീയർമാർക്കും വേണ്ടി തിരുവനന്തപുരം ലാൽ ബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രഫസർ ജാസിം ആനമങ്ങാടൻ, Haniya IIT MADRAS തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിദഗ്ധ എഞ്ചിനീയർമാർ നയിക്കുന്ന പ്രായോഗിക പരിശീലനം മാത്രമുള്ള എഞ്ചിനീയറിംഗ് ഫിനിഷിംഗ് സ്കൂൾ.

BUILD-U
ENRICHING CONSTRUCTION CALIBER
PERINTHALMANNA.
9495 640 557,8943 331 425

തിരുകിക്കൊണ്ടു മരണം ആസ്വദിക്കുകയായിരുന്നു. ജോർജ് ഫ്ളോയ്ഡിനെ നിഷ്കരുണം കൊലപ്പെടുത്തിയ ഡെറിക്ക് ഷൗവിൻ ഇതിനു മുമ്പും സമാനമായ രീതിയിൽ കറുത്തവരോട് പെരുമാറിയിട്ടുണ്ട്. പക്ഷേ ഇതേവരെ ഒരു കേസുപോലും അയാളുടെ പേരിൽ രേഖപ്പെടുത്തിയിട്ടില്ല.

കറുത്ത വർഗക്കാരായ ചെറുപ്പക്കാരെയാണ് വെളുത്ത പൊലീസുകാർ ലക്ഷ്യം വെക്കുന്നത്. കറുത്തവർഗക്കാരായ അമേരിക്കക്കാരെ വെളുത്ത പോലീസുകാർ വെടിവെച്ചും ശ്വാസംമുട്ടിച്ചും കൊല്ലുന്നത് അമേരിക്കയിൽ ഒറ്റപ്പെട്ട സംഭവമല്ല. ഇതിനുമുമ്പ് ടാമിർ റൈസ് എന്ന പന്ത്രണ്ടു വയസ്സുള്ള ആഫ്രോ–അമേരിക്കൻ പയ്യൻ കളിപ്പാട്ട തോക്ക് കൊണ്ടു കളിച്ചതിനു ആ കുഞ്ഞിനെ സ്പോട്ടിൽ വെടിവെച്ചു കൊന്ന ടിമോത്തി ലോമാൻ എന്ന വെളുത്ത പൊലീസുകാരനെതിരെ ഒരു ക്രിമിനൽ ചാർജ് പോലും ഫയൽ ചെയ്തില്ല! ആ പന്ത്രണ്ടു വയസ്സുള്ള പയ്യനെ കണ്ടപ്പോൾ ഭീകരവാദിയെ പോലെ വെള്ളക്കാരനായ പോലീസ് ഓഫീസർക്കു തോന്നിയത്രെ. ആ ന്യായം മതിയായിരുന്നു. കോടതികളിൽപോലും വിധികൾ വെള്ളക്കാർക്കു അനുകൂലമാകുന്നു. ഇതുപോലെ വെളുത്തവർഗക്കാരായ പോലീസ് ഉദ്യോഗസ്ഥർ കറുത്തവർഗക്കാരെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ അനവധിയാണ്. 2014-ൽ ന്യൂയോർക്കിലെ തെരുവിൽ നിന്നും എറിക് ഗാർണർ എന്ന കറുത്തവന്റെ കഴുത്തിൽ കാൽമുട്ട് അമർത്തിയപ്പോഴും ഉരുവിട്ടത് 'എനിക്കു ശ്വസിക്കാൻ പറ്റുന്നില്ല' എന്നായിരുന്നു. 400 വർഷമായി സമൂഹഗാത്രത്തിൽ ആഴത്തിൽ വേരിറക്കിയ വംശീയ വൈറസിനെ ചെറുക്കാനായില്ലെങ്കിൽ ഇവിടെ ഇനിയും കറുത്തവന്റെ കഴുത്തിൽ വെളുത്ത പോലീസിന്റെ കാൽമുട്ടുകൾ വീണുകൊണ്ടേയിരിക്കും. മിനിയാപോളിസ് സിറ്റി കൗൺസിൽ വൈസ് പ്രസിഡന്റ് അന്ദ്രേ ജാക്പിൻ പറഞ്ഞത്, നിർഭാഗ്യവശാൽ ഞാനും ഈ സിസ്റ്റത്തിന്റെ ഭാഗമായതിൽ ഖേദിക്കുന്നു എന്നാണ്. ജോർജ് ഫ്ലോയ്ഡ് സംഭവത്തിൽ പ്രതിഷേധിക്കുന്നത് കറുത്തവർ മാത്രമല്ല, ഈ സിസ്റ്റത്തിന്റെ ഭാഗമാകേണ്ടി വന്ന വെള്ളക്കാരും അവരോടൊപ്പം സഹതപിക്കുകയും നീതിക്കു വേണ്ടി ഗർജിക്കുകയും ചെയ്യുന്നു. മുൻ പ്രസിഡന്റ് ബറാക് ഒബാമയും അവരോടൊപ്പം തന്റെ നിലപാട് വളരെ വ്യക്തമായി ഭരണകൂടത്തെ അറിയിച്ചിരിക്കുന്നു.




പണ്ടുമുതലേ അടിമത്തവും അടിമത്ത കച്ചവടവും ഏറെ നടന്നിരുന്നത് അമേരിക്കയിലായിരുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ആഫ്രിക്കയിൽനിന്നും അടിമവേല ചെയ്യിക്കാനാണ് അവരെ ഇവിടെ കൊണ്ടുവന്നത്. കപ്പലിൽ കൂട്ടമായി കൊണ്ടുവരുന്ന ആഫ്രിക്കക്കാർ കരയിലെത്തും മുമ്പ് മരണപ്പെട്ടാൽ അറ്റ്ലാന്റിക് സമുദ്രത്തിൽ നിർദാക്ഷിണ്യം വലിച്ചെറിയുകയായിരുന്നു പതിവ്. ലൈംഗിക ചൂഷണത്തിനും അവർ ഇരകളായിരുന്നു. അമേരിക്കയിൽ ഇന്നു കാണുന്ന എല്ലാ നിർമാണ പ്രവൃത്തികളിലും അവരുടെ വിയർപ്പിന്റെയും അധ്വാനത്തിന്റെയും രുചിയും ഗന്ധവുമുണ്ട്. 1854-ൽ അടിമത്തം അവസാനിപ്പിക്കാനും എല്ലാ അടിമകളെയും മോചിപ്പിക്കാനുമായി നിയമഭേദഗതി കൊണ്ടുവന്നപ്പോൾ വെളുത്ത വർഗക്കാർ അതിനെ നഖശിഖാന്തം എതിർത്തു. എന്നാൽ അബ്രഹാം ലിങ്കൺ എന്ന കരുത്തനായ അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റ് തന്റെ ധീരമായ തീരുമാനത്തിലൂടെ എല്ലാ അടിമകളെയും മോചിപ്പിക്കുകയായിരുന്നു. 1865- ഏപ്രിൽ 11-നു ലിങ്കൺ നടത്തിയ അവസാനത്തെ പ്രസംഗത്തിൽ വർണവർഗഭേദമന്യേ എല്ലാ അമേരിക്കക്കാർക്കും വോട്ടവകാശവും നൽകി. മഴതോർന്നാലും മരം പെയ്യും എന്നപോലെ അമേരിക്കയിൽ ഇന്നും അടിമത്തരീതി ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ജോർജ് ഫ്ലോയ്ഡിന്റെ വധം.

ലോക ബോക്സിങ് പട്ടം കരസ്ഥമാക്കിയ, ലോകം മുഴുവൻ ആദരവോടെ കാണുന്ന കാഷ്യസ് ക്ലേ പോലും കറുത്തവനായതിനാൽ അവഗണിക്കപ്പെട്ടിരുന്നു. ബോക്സിംഗ് ചാമ്പ്യനായ ക്ലേ സ്വന്തം നാട്ടിലേക്ക് തിരിച്ചു വന്നത് ഏറെ പ്രതീക്ഷകളോടെയാണ്. തനിക്ക് ലോകകിരീടം ലഭിച്ചതിൽ സ്വന്തം നാടായ അമേരിക്ക ഏറെ സന്തോഷിക്കുമെന്നും അവർ തനിക്ക് വാരിക്കോരി സ്വീകരണങ്ങൾ തരുമെന്നും അദ്ദേഹം പ്രതീക്ഷിച്ചു. എന്നാൽ ആ പ്രതീക്ഷ അസ്ഥാനത്തായിരുന്നു. കറുപ്പിനോടുള്ള അവഗണന ചാമ്പ്യനായ ആ യുവാവിനും നേരിടേണ്ടി വന്നു. തീൻമേശകളിൽനിന്ന് പോലും ആട്ടിയോടിക്കപ്പെട്ടു. തന്റെ സ്വർണ മെഡലിന് പിച്ചളയുടെ വില പോലും ഇല്ലെന്നു മനസ്സിലാക്കിയ ക്ലേ, ഓഹിയോ നദിയുടെ ആഴപ്പരപ്പിലേക്ക് അത് വലിച്ചെറിഞ്ഞു. ഒരുപക്ഷേ ഇവിടെ നിന്നായിരിക്കാം ക്ലേ ഇസ്ലാമിന്റെ സമത്വ ചിന്തയിലേക്കും മാനവികതയിലേക്കും ആകർഷിക്കപ്പെടുന്നത്.

മനുഷ്യാവകാശ സംരക്ഷണത്തിന്റെ അപ്പോസ്തലന്മാരാണ് തങ്ങളെന്ന് ആണയിടുന്ന അമേരിക്ക കറുത്ത വർഗക്കാരുടെ ജീവിതംകൊണ്ട് അമ്മാനമാടുന്ന ദാരുണവും ദയനീയവുമായ സംഭവങ്ങൾ ധാരാളമാണ്. വെളുത്ത വർഗക്കാരുടെ ദുർഗന്ധം വമിക്കുന്ന വംശീയ മനസ്സ് മാറ്റിയെടുക്കാൻ നാളിതുവരെ ആർക്കും സാധിച്ചിട്ടില്ല. ●




# ഇപ്പോഴും വംശവെറി തന്നെയാണ് അമേരിക്കയെ നിർവചിക്കുന്നത്

കവർ സ്റ്റോറി / ഹിശാം അൽഹമാമി


ഇബ്നുൽ മുഖഫ്ഫഇന്റെ 'കലീല വ ദിംന' എന്ന കൃതിയിൽ ഋഷിവര്യനായ ബൈദബ ഇങ്ങനെ പറയുന്നുണ്ട്: ''ഇടറാത്ത കാലത്തോളം മനുഷ്യൻ അങ്ങനെ നടന്നുകൊണ്ടിരിക്കും. ഇടറിത്തുടങ്ങിയാലോ പിന്നെ ഇടർച്ചയോട് ഇടർച്ചയായിരിക്കും; പരന്ന, ഉറച്ച ഭൂമിയിലൂടെയാണ് അവന്റെ നടപ്പെങ്കിൽ പോലും.'' 'ടാറിൽ കുരുങ്ങിയവനെപ്പോലെ' എന്ന് ഈജിപ്തുകാർ പറയാറുണ്ട്. 'ഹോളിവുഡ് കാർട്ടൂൺ' എന്ന് വിശേഷിപ്പിക്കപ്പെട്ട അമേരിക്കൻ ഐക്യനാടുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. 2001-ൽ പ്രസിദ്ധീകൃതമായ 'പടിഞ്ഞാറിന്റെ മരണം' (Death of the West) എന്ന തന്റെ കൃതിയിലാണ് പാട്രിക് ബുക്കാനൻ ഇങ്ങനെയൊരു വിശേഷണം നൽകുന്നത്. ആ കൃതിയിൽ ഇങ്ങനെ കാണാം: ''ഈ അമേരിക്കൻ സമൂഹത്തെ സൃഷ്ടിച്ചിരിക്കുന്നത് സാഹചര്യങ്ങളും പണവുമാണ്. ആ സാഹചര്യങ്ങളും പണവും നീങ്ങിപ്പോവുമ്പോൾ ആ സമൂഹവും അപ്രത്യക്ഷമാകും; കാര്യമായ നഷ്ടമൊന്നും ഉണ്ടാക്കാതെത്തന്നെ.'' പാട്രിക് ബുക്കാനൻ ചില്ലറക്കാരനല്ല. നിക്സൻ, ഫോർഡ്, റീഗൻ എന്നീ മൂന്ന് അമേരിക്കൻ പ്രസിഡന്റുമാരുടെ ഉപദേശകനായി ജോലി ചെയ്തിരുന്ന ആളാണ്.

അമേരിക്കയിൽ കോവിഡ് ബാധയേറ്റ് മരിക്കുന്നവരുടെ എണ്ണം ഒരു ലക്ഷവും പിന്നിട്ട് മുന്നോട്ടു കുതിക്കുന്ന അത്യന്തം ദുഃഖകരമായ ഈ സാഹചര്യത്തിൽ ജോർജ് ഫ്ളോയിഡ് എന്ന കറുത്ത വർഗക്കാരന്റെ കൊലയേക്കാൾ അപമാനകരമായി മറ്റെന്താണ് ആ രാഷ്ട്രത്തിന്റെ മേൽ ഇനി പതിക്കാനുള്ളത്! ആ കൊലക്കെതിരെ ഉയരുന്ന അമർഷം തീപ്പൊരിയിൽനിന്ന് കാട്ടുതീ പോലെ പടരുകയാണ്. അത് അണക്കാൻ പെട്ടെന്നൊന്നും കഴിയുമെന്ന് തോന്നുന്നില്ല.

കണ്ടു നോക്കൂ, പത്തു മിനിറ്റ് നീളുന്ന ആ രംഗം. വെള്ളക്കാരനായ പോലീസുകാരൻ ജോർജ് എന്ന കറുത്ത വർഗക്കാരനെ കമഴ്ത്തി കിടത്തി തന്റെ മുട്ടുകാൽ അയാളുടെ കഴുത്തിൽ വെച്ചമർത്തുന്നു. 'എനിക്ക് ശ്വാസം കിട്ടുന്നില്ല' എന്ന് ആ കറുത്തവർഗക്കാരൻ വിലപിക്കുന്നുണ്ട്. ലോകം മുഴുവൻ ആ രംഗം കണ്ടുകൊണ്ടിരിക്കുന്നു. കോവിഡ് 19 യാദൃഛികതയാണോ ഗൂഢാലോചനയാണോ എന്ന തർക്കം ഇപ്പോഴും തീർന്നിട്ടില്ലല്ലോ. ഈ സംഭവത്തെപ്പറ്റിയും അങ്ങനെയൊരു തർക്കം ഉടലെടുക്കാം. പക്ഷേ ജോർജ് ഫ്ളോയിഡിന്റെ കൊല ഇത് രണ്ടുമല്ല എന്നതാണ് സത്യം. കാരണം ഇതു പോലുള്ള സംഭവങ്ങൾ, *വാഷിംഗ്ടൺ പോസ്റ്റ്* റിപ്പോർട്ട് പ്രകാരം, 2019-ൽ 1014 തവണ ആവർത്തിച്ച

താണ്. ഇരകളായി 1014 ജോർജുമാർ ഉണ്ടായിട്ടുണ്ട് എന്നർഥം.

അമേരിക്കയുടെ ഈ നാൽപ്പത്തിയഞ്ചാമത്തെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അമേരിക്കക്കാരുടെ തലയിൽ പതിച്ച ഇടിത്തീയാണ്, അവലക്ഷണമാണ്. ഏതൊക്കെ സങ്കടക്കടലുകളിലേക്കാണ് ആ ജനതയെ ഇയാൾ തള്ളിവിട്ടുകൊണ്ടിരിക്കുന്നത്. വംശീയവാദികളും തീവ്ര വലതുപക്ഷക്കാരുമെല്ലാം ചേർന്ന് ഇയാളെ വൈറ്റ് ഹൗസിലേക്ക് പറഞ്ഞയച്ച ഒന്നാം ദിവസം മുതൽ തന്നെ അമേരിക്കൻ കോൺഗ്രസ് അധ്യക്ഷ നാൻസി പെലോസി ചൊരിഞ്ഞ അധിക്ഷേപങ്ങൾക്ക് അർഹത നേടിയെടുത്ത ഒരാൾ. മുൻ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമക്കെതിരെ ട്രംപ് പേയിളകി ഉറഞ്ഞുതുള്ളിയത് ആർക്കും മറക്കാനാവില്ലല്ലോ. സ്വന്തം പിതാവിന്റെ







ജന്മസ്ഥലമായ കെനിയയിലേക്ക് പോകൂ എന്നായിരുന്നു ഒബാമയോട് ട്രംപിന്റെ ആക്രോശം! അതിന്റെ പ്രയോഗ മാതൃകയാണ് ജോർജിന്റെ കഴുത്തിൽ മുട്ടുകാലമർത്തി കൊലയാളി പോലീസുകാരൻ ചെയ്തുകാണിച്ചത്.

വീണ്ടുവിചാരമില്ലാത്ത, പ്രതികാര ദാഹിയായ ഈ പ്രസിഡന്റ് രാജ്യത്തെ അക്ഷരാർഥത്തിൽ തകർക്കുകയും ദുർബലപ്പെടുത്തുകയുമാണ്; ദുരന്തങ്ങളിൽനിന്ന് ദുരന്തങ്ങളിലേക്ക് നയിക്കുകയാണ്. ചരിത്രത്തെയും ജനാധിപത്യ സ്ഥാപനങ്ങളെയും അന്താരാഷ്ട്ര സഹകരണത്തെയും ഐക്യരാഷ്ട്ര സഭയെയും ലോകാരോഗ്യ സംഘടനയെയുമൊക്കെ നിരന്തരം തള്ളിപ്പറയുകയും വേട്ടയാടുകയും ചെയ്യുന്ന ഒരാൾ എങ്ങനെ ഈ സ്ഥാനത്തെത്തി?

ബ്രിട്ടീഷ് ചരിത്രകാരൻ പോൾ കെന്നഡി തന്റെ 'വൻശക്തികളുടെ ഉയർച്ചയും തകർച്ചയും' (The Rise and Fall of the Great Powers) എന്ന പുസ്തകത്തിൽ (1987) എഴുതുന്നു: ''പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ദുർബലമായിത്തീർന്ന ബ്രിട്ടന് ലോകശക്തി എന്ന സ്ഥാനം നഷ്ടപ്പെട്ടു. ബ്രിട്ടീഷുകാരുടെ ഇതേ വിധി അമേരിക്കക്കാർക്കും വന്നുഭവിക്കേണ്ടതായിരുന്നു. പല കാരണങ്ങളാൽ ഈ തകർച്ച സാവധാനവും ഒച്ചപ്പാടുകളില്ലാതെയുമാണ് സംഭവിക്കുന്നത് എന്നു മാത്രം'' (ട്രംപിന്റെ കാലത്തെ തകർച്ച സാവധാനമോ ഒച്ചപ്പാടുകളില്ലാതെയോ അല്ല). റോമൻ, ഇംഗ്ലീഷ് സാമ്രാജ്യങ്ങളിൽ തകർച്ചയുടെ മുമ്പ് കാണപ്പെട്ടിരുന്ന ലക്ഷണങ്ങളൊക്കെ ഇന്ന് അമേരിക്കയിൽ കാണാനാവുന്നുണ്ട്; പ്രതിസന്ധിയിലായ മധ്യവർഗജീവിതം, ദരിദ്രത, ധൂർത്തിന്റെ വ്യാപനം, പൊതു ദേശീയതയുടെ അഭാവം തുടങ്ങിയവ. അക്കാദമീഷ്യനും തത്ത്വചിന്തകനും കറുത്ത വർഗക്കാരനുമായ കോണൽ വെസ്റ്റ് (Cornel West) തന്റെ 'വംശപ്രശ്നങ്ങൾ (Race Matters -1993) എന്ന കൃതിയിൽ പോൾ കെന്നഡിയുടെ അഭിപ്രായങ്ങളെ ശരിവെക്കുന്നുണ്ട്. 'വേരുകളില്ലാതെ, കൂമ്പിയുണങ്ങുന്ന സമൂഹം' എന്നാണ് അമേരിക്കക്കാരെ കോണൽ വെസ്റ്റ് വിശേഷിപ്പിക്കുന്നത്.

1955 ഡിസംബർ ഒന്ന്. അമേരിക്കയിലെ അലബാമ സംസ്ഥാനത്തിലെ മോണ്ടഗോമറി നഗരത്തിൽ റോസ പാർക്കർ (അവർ 2005-ലാണ് മരിച്ചത്) വലിയൊരു 'പാതകം' ചെയ്തു. അവർ ബസ്സിന്റെ മുൻ സീറ്റിൽ തന്നെ ഇരുന്നു കളഞ്ഞു! ഒരു വെള്ളക്കാരി ബസ്സിൽ കയറിയപ്പോൾ റോസ എന്ന ഈ കറുത്ത വർഗക്കാരി എണീറ്റു കൊടുത്തതുമില്ല. പിന്നെ കേസും കൂട്ടവും. റോസയുടെ കൂട്ടുകാരികളും അടങ്ങിനിന്നില്ല. അവർ ഒന്നടങ്കം മോണ്ടഗോമറിയിലെ ബസ്സുകൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ബഹിഷ്കരണം അമേരിക്കയെ അക്ഷരാർഥത്തിൽ പിടിച്ചുകുലുക്കി. പിന്നീടുള്ള ചരിത്രത്തെ ഇത്രമേൽ സ്വാധീനിച്ച സംഭവങ്ങൾ ചുരുക്കമായിരിക്കും. കറുത്ത വർഗക്കാരായ അമ്പതിനായിരം അമേരിക്കക്കാരാണ് വീടുകളിൽനിന്ന് തൊഴിലിടങ്ങളിലേക്ക് കാൽനടയായി പോകാൻ തീരുമാനിച്ചത്. അത് 381 ദിവസം തുടർന്നു. പിന്നെ ജയിൽ, പിരിച്ചുവിടുമെന്ന ഭീഷണി, സമ്മർദങ്ങൾ... ഇങ്ങനെ ഭരണകൂട കുടില തന്ത്രങ്ങളൊക്കെയും അമേരിക്കയും പുറത്തെടുത്തു. ബ്ലാക് ചർച്ചുകളിൽ ബോംബ് വെക്കുക വരെ ചെയ്തു. സംഭവം വലിയ ചർച്ചകൾക്ക് വഴിവെച്ചു. പൊതു വാഹനങ്ങളിൽ വിവേചനം പാടില്ലെന്ന് അമേരിക്കൻ സുപ്രീം കോടതി വിധി വന്നത് ഇതിനെത്തുടർന്നാണ്. എല്ലാ പൗരന്മാർക്കും തുല്യ പരിരക്ഷ ലഭിക്കണമെന്ന ഭരണഘടനയുടെ പതിനാലാം ഭേദഗതിയാണ് കോടതി എടുത്തുദ്ധരിച്ചത്. കറുത്ത വർഗക്കാർക്ക് അവരുടെ എല്ലാ പൗരാവകാശങ്ങളും ലഭിച്ചുതു

ടങ്ങുന്നത് അതിനു ശേഷമായിരുന്നു.

തൊള്ളായിരത്തി അമ്പതുകളും അറുപതുകളും അമേരിക്കയെ സംബന്ധിച്ചേടത്തോളം വലിയ സംഘർഷങ്ങളുടെ കാലമായിരുന്നു. 'അമേരിക്ക സ്വന്തത്തോട് ഏറ്റുമുട്ടുന്നു' എന്നാണ് ആ സംഘർഷങ്ങൾ വിശേഷിപ്പിക്കപ്പെട്ടത്. ഒരു വശത്ത് തങ്ങൾക്ക് തുല്യനീതി ലഭിക്കണമെന്ന് മുറവിളി കൂട്ടുന്ന കറുത്ത വർഗക്കാർ. മറുവശത്ത് ആ ആവശ്യം അംഗീകരിക്കരുതെന്ന് ശഠിക്കുന്ന വെള്ളവംശീയവാദികൾ. 1963-ൽ ആ രാജ്യം പൗരാവകാശ ചരിത്രത്തിലെ ഏറ്റവും വലിയ പ്രക്ഷോഭറാലിക്ക് സാക്ഷിയായി. രണ്ടര ലക്ഷം അമേരിക്കക്കാർ അതിൽ അണിനിരന്നു. അതിൽ അറുപതിനായിരം പേർ വെള്ളക്കാരായിരുന്നു. അമേരിക്കയിലെ അടിമകളുടെ വിമോചനത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റ് അബ്രഹാം ലിങ്കന്റെ സ്മാരക സ്തൂപത്തിലേക്കാണ് പ്രക്ഷോഭകർ നീങ്ങിയത്. അവിടെ വെച്ചാണ് മാർട്ടിൻ ലൂഥർ കിംഗ് തന്റെ ഏറ്റവും ഉജ്ജ്വലമായ പ്രഭാഷണം നിർവഹിച്ചത്. 'എനിക്കൊരു സ്വപ്നമുണ്ട്...' - ആ പ്രഭാഷണത്തിന്റെ തുടക്കം അങ്ങനെയായിരുന്നു. മനുഷ്യന്റെ അന്തസ്സും അഭിമാനവും സ്വാതന്ത്ര്യവും വീണ്ടെടുക്കാനുള്ള സമരപോരാട്ടങ്ങളിലെ തിളങ്ങുന്ന ഐക്കണുകളിലൊന്നായി മാറി മാർട്ടിൻ ലൂഥർ കിംഗ്. അദ്ദേഹം പറഞ്ഞു: "എനിക്കൊരു സ്വപ്നമുണ്ട്. എന്റെ നാല് മക്കൾ അവരുടെ തൊലി നിറം നോക്കിയല്ല, അവരുടെ സ്വഭാവ വിശേഷങ്ങൾ നോക്കി വിലയിരുത്തപ്പെടുന്ന ഒരു നാൾ വരുമെന്ന സ്വപ്നം." അതേവർഷം തന്നെയാണ്, വംശമോ വർണമോ മതമോ ലിംഗമോ നോക്കാതെ എല്ലാവർക്കും തുല്യാവകാശങ്ങൾ നൽകുന്ന പൗരത്വ നിയമവും പാസ്സാക്കപ്പെടുന്നത്. അമേരിക്കയുടെ 35-ാം പ്രസിഡന്റ് ജോൺ കെന്നഡിയാണ് ആ നിയമനിർമാണത്തിന് മുൻകൈയെടുത്തതെങ്കിലും അദ്ദേഹം വധിക്കപ്പെട്ട ശേഷമാണ് അതേ വർഷം അത് നിയമമായത്. ആ ചരിത്രഘട്ടത്തിലെ വേറെയും പോരാളികളെ ഓർക്കാനുണ്ട്. ഇസ്‌ലാം സ്വീകരിച്ച കറുത്ത വർഗക്കാരൻ മാൽകം എക്സ് (അദ്ദേഹം 1965-ൽ വധിക്കപ്പെട്ടു) അവരിലൊരാളാണ്. മാർട്ടിൻ ലൂഥർ കിംഗിനോടൊപ്പം (അദ്ദേഹം വധിക്കപ്പെട്ടത് 1968-ൽ) മാൽകം



● മാർട്ടിൻ ലൂഥർ





● എബ്രഹാം ലിങ്കൻ

എക്സും കൂടിച്ചേർന്നപ്പോൾ ആഫ്രോ അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ സ്വാധീന ശക്തിയായി ആ വിമോചന പ്രസ്ഥാനം മാറി.

മറുവശത്തും അമേരിക്കക്കാർ മറക്കാത്ത രണ്ട് പേരുണ്ട്. 1924-ൽ സ്ഥാപിതമായ അമേരിക്കൻ കുറ്റാന്വേഷണ വിഭാഗമായ എഫ്.ബി.ഐയുടെ തലവനായിരുന്ന എഡ്ഗാർ ഹൂവർ. മരണം വരെ അതിന്റെ തലപ്പത്തിരുന്നയാൾ (മരിച്ചത് 1972-ൽ). മോണ്ട് ഗോമറി ഉൾപ്പെടുന്ന അലബാമ സംസ്ഥാനത്തിന്റെ ഗവർണറുമായിരുന്നു. ഇയാളുടെ വർണവെറിയൻ നയങ്ങൾ അതേപടി തുടർന്ന ജോർജ് വാലസ് (മരിച്ചത് 1998-ൽ) എന്നയാളും തുടർച്ചയായി അലബാമ ഗവർണറായിട്ടുണ്ട്.

എല്ലാവർക്കും തുല്യാവകാശങ്ങൾ നൽകുന്ന പൗരാവകാശ നിയമം പാസ്സാക്കിയതോടെ പഴയ കിരാതയുഗം അവസാനിച്ചുവെന്നും മാർട്ടിൻ ലൂഥർ കിംഗിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടുവെന്നുമാണ് അമേരിക്കക്കാർ കരുതിയിരുന്നത്.

ഇപ്പോഴിതാ, കഴിഞ്ഞ മേയ് 26-ന് ഒരു വർണവെറിയൻ പോലീസുകാരന്റെ കാൽമുട്ടിനടിയിൽ കഴുത്ത് ഞെരിക്കപ്പെട്ട ജോർജ് ഫ്ളോയ്ഡിന്റെ ശബ്ദം നാം കേൾക്കുന്നു; എനിക്ക് ശ്വസിക്കാൻ കഴിയുന്നില്ല... എല്ലാ പഴയ ഭീകരസ് മരണകളെയും അത് തിരിച്ചുകൊണ്ടുവന്നിരിക്കുന്നു; കറുത്ത വർഗക്കാരായ അമേരിക്കക്കാരിലേക്ക് മാത്രമല്ല, സമത്വവും നീതിയും നിഷേധിക്കപ്പെടുന്ന മുഴുവൻ ജനസമൂഹങ്ങളിലേക്കും. എത്ര നിന്ദ്യം, നീചം, പൈശാചികം! ●

(ഈജിപ്ഷ്യൻ പത്രപ്രവർത്തകനും കോളമിസ്റ്റുമാണ് ലേഖകൻ. *അറബി21കോം* പ്രസിദ്ധീകരിച്ചത്)




# കറുത്തവന്റെ ജീവിതം പ്രധാനമാണ്

കവർ സ്റ്റോറി / ഡോ. താജ് ആലുവ

tajaluva@gmail.com

ജോർജ് ഫ്ളോയിഡിന്റെ അതിനീചമായ കൊലപാതകം അമേരിക്കയിൽ 'കറുത്തവന്റെ ജീവിതം പ്രധാനമാണ്' (Black life matters) എന്ന മുദ്രാവാക്യത്തിന് വഴിതെളിക്കുമ്പോൾ, ലോകമെങ്ങും അത് മർദിതന്റെ ജീവിക്കാനുള്ള അവകാശസമരത്തിന് മൂർച്ച കൂട്ടുന്നുണ്ട്. ഒരുവശത്ത് ഒന്നാം ലോകം ഇതുവരെ അവർക്ക് പരിചയമില്ലാത്ത ആരോഗ്യ പ്രതിസന്ധിക്ക് മുന്നിൽ പകച്ചുനിൽക്കുമ്പോൾ, മറുവശത്ത് അവരിലെ അധികാരിവർഗം ഉയർത്തിവിട്ട വംശീയ ദുർഭൂതം അവരെത്തന്നെ തിരിഞ്ഞുകൊത്തുന്ന കാഴ്ചയാണ് കാണാനാകുന്നത്. ദേശ-ഭാഷാ-വർണ-വർഗ ഭേദമന്യേ മനുഷ്യസമത്വത്തിനും സാമൂഹികനീതിക്കും വേണ്ടത്ര പ്രാധാന്യം കൊടുക്കാതെ മുന്നോട്ടുപോയ 'വികസിത' സമൂഹങ്ങൾക്കിപ്പോഴും തിരിച്ചറിവുകളുണ്ടായിട്ടില്ലെങ്കിൽ, അതവരുടെ നാശത്തിന് തന്നെ കാരണമാകുന്നിടത്തേക്കാണ് കാര്യങ്ങളുടെ പോക്ക്.

മുഴുലോകത്തെയും ഇപ്പോഴും വേട്ടയാടുന്ന ഈ പ്രതിസന്ധിയെ മുന്നിൽ നിർത്തി, ഇസ്‌ലാം മുന്നോട്ടുവെക്കുന്ന സമത്വം, സാമൂഹിക നീതി, ജീവന്റെ വില, അഭിമാന സംരക്ഷണം, പൗരന്റെ അടിസ്ഥാനാവകാശ സംരക്ഷണം തുടങ്ങിയ മൂല്യങ്ങൾ ചർച്ചക്ക് വെക്കേണ്ട സമയമാണിപ്പോൾ. വിശുദ്ധ ഖുർആൻ മനുഷ്യസമൂഹത്തിന്റെ നിലനിൽപിനാധാരമായി വിവരിക്കുന്ന അത്തരം മൂല്യസങ്കൽപങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ വാക്കുകൊണ്ടും കർമം കൊണ്ടും സാക്ഷാത്കരിക്കേണ്ട സന്ദർഭം. സൂറഃ *അൽ ഹുജുറാത്തി*ലെ 13-ാം സൂക്തത്തിൽ മനുഷ്യസമൂഹത്തെ വിളിച്ചുകൊണ്ട് 'നിങ്ങളെ ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് നാം സൃഷ്ടിച്ചത്, വ്യത്യസ്ത ജനവിഭാഗങ്ങളും ഗോത്രങ്ങളുമൊക്കെയാക്കി നിങ്ങളെ നാം തിരിച്ചത്, നിങ്ങൾ തിരിച്ചറിയാൻ വേണ്ടി മാത്രമാണ്, നിങ്ങളിലേറ്റവും ആദരണീയർ ദൈവികശാസനകളെ കൂടുതൽ പാലിക്കുന്നവർ മാത്രമാണ്' എന്ന അസന്ദിഗ്ധമായ പ്രസ്താവന തന്നെയാണ് ഏതു കാലഘട്ടത്തിലും മനുഷ്യസമത്വത്തെക്കുറിച്ച പ്രോജ്ജ്വലമായ പ്രഖ്യാപനം. 'അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല, നിങ്ങളുടെ രക്തവും ധനവും അഭിമാനവും ഈ പ്രദേശത്തിന്റെയും മാസത്തിന്റെയും ദിവസത്തിന്റെയും പവിത്രത പോലെ സംരക്ഷിക്കപ്പെടേണ്ടതാണ്' എന്ന മുഹമ്മദ് നബി(സ)യുടെ വിടവാങ്ങൽ ഹജ്ജിലെ പ്രഖ്യാപനവും ഈ സന്ദർഭത്തിൽ ഓർക്കാം.




ഈ തത്ത്വങ്ങൾ അക്ഷരങ്ങളിലും പ്രമാണങ്ങളിലുമായി നിലകൊള്ളുകയായിരുന്നില്ല, അവ എങ്ങനെ പ്രയോഗവത്കരിക്കാമെന്ന് തിരുദൂതരും അനുയായികളും ലോകത്തിന് കാണിച്ചുകൊടുത്തിട്ടുമുണ്ട്. കറുത്ത വർഗക്കാരനായ എത്യോപ്യൻ അടിമ ബിലാലുബ്നു റബാഹിനെ (റ) തിരുനബിയുടെ തോളത്ത് കാൽ ചവിട്ടി കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിക്കാൻ കൽപിച്ച ആ അനർഘ നിമിഷം ഒന്നോർത്തുനോക്കൂ! അതുവരെ മക്കയിലെ ഖുറൈശി സ




മൂഹം പുലർത്തിപ്പോന്ന ആഢ്യത്വവും തൻപ്രമാണിത്തവും ചരിത്രത്തിലെ ഒരോർമപ്പിശകെന്ന പോൽ തിരുത്തുകയായിരുന്നു പ്രവാചകൻ. ബിലാലിന് പുറമെ, റോമക്കാരനായ സുഹൈബും പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിയും അടിസ്ഥാനവർഗത്തിന്റെ പ്രതിനിധി ഖബ്ബാബുമൊക്കെ 'ഉന്നതകുലജാതരായ' അബൂബക്റിനെയും ഉസ്മാനെയും (റ) പോലെ തിരുദൂതർക്ക് പ്രിയപ്പെട്ടവരായിരുന്നു. അഭയാർഥികളായി മക്കയിൽ നിന്നെത്തിയ മുഹാജിറുകളെയും മദീനയിലെ തദ്ദേശീയരായ അൻസ്വാറുകളെയും അതിമഹത്തായ സാഹോദര്യ പാശത്താൽ പ്രവാചകൻ ഒരു മാലയിലെ മുത്തു മണികളെന്ന പോലെ കോർത്തിണക്കി. അവർക്കിടയിൽ വിദ്വേഷത്തിന്റെയും അനൈക്യത്തിന്റെയും കനലുകളാളിക്കത്തിക്കാൻ ശ്രമമുണ്ടായപ്പോഴൊക്കെ സ്വതവേ സൗമ്യനും വിനയാന്വിതനുമായ തിരുമേനി കോപാകുലനായി അതിനെ നേരിട്ടു. ഒരു ദുർബല നിമിഷത്തിൽ, 'കറുത്തവളുടെ മകനേ' എന്ന് ബിലാലിനെ അഭിസംബോധന ചെയ്ത അബൂദർറുൽ ഗിഫാരിയെ നോക്കി, 'താങ്കളിലിപ്പോഴും ആ പഴയ വംശീയബോധത്തിന്റെ പിശാച് ഒളിഞ്ഞിരിപ്പുണ്ട്' എന്ന ഒരൊറ്റ പ്രഖ്യാപനം മതിയായിരുന്നു, തന്റെ കവിൾത്തടങ്ങൾ മണ്ണിൽ ബിലാലിന്റെ കാൽപാദത്തോട് ചേർത്തുവെച്ച്, 'ആ കാലുകൊണ്ട് ചവിട്ടിത്തേക്കൂ, എന്റെ വംശീയഭൂതത്തെ' എന്ന് അബൂദർറിനെക്കൊണ്ട് പറയിക്കാൻ. ജോർജ് ഫ്ളോയിഡിന്റെ കഴുത്ത് മുട്ടുകാൽ കൊണ്ട് ദീർഘനേരം അമർത്തിപ്പിടിച്ച്, എനിക്ക് ശ്വാസം മുട്ടുന്നുവെന്നും അൽപം വെള്ളം തരൂവെന്നുമൊക്കെയുള്ള ആർത്തനാദങ്ങൾക്ക് നേരെ പുഛത്തോടെ മുഖം തിരിച്ച് കറുത്തവന് നേരെയുള്ള വിവേചനത്തെ സ്ഥാപനവൽക്കരിച്ചവർക്ക് ഈ ചരിത്രവും അതിന്റെ തുടർച്ചയായ ഒട്ടനേകം സംഭവവികാസങ്ങളും നിരന്തരം ഓർമകൾ നൽകേണ്ട സന്ദർഭമാണിപ്പോൾ.


അമേരിക്കയിലും ഇന്ത്യയിലുമൊക്കെ ഭരണവർഗമിപ്പോൾ മനുഷ്യജീവനുകൾക്ക് തീരെ വിലകൽപിക്കുന്നില്ലെന്ന് മാത്രമല്ല, കീടജന്മങ്ങൾ പുഴുക്കളെപോലെ മരിച്ചുതീരട്ടെയെന്ന ചിന്തയാണോ അവരെ നയിക്കുന്നതെന്ന് സംശയിക്കേണ്ട സാഹചര്യമാണുള്ളത്. 'Make America Great Again' എന്ന മുദ്രാവാക്യത്തിന്റെ ബലത്തിൽ അധികാരത്തിൽ വന്ന ട്രംപിന്, കോവിഡ് മരണസംഖ്യ ഒരു ലക്ഷം കടന്ന്, ഈ മഹാമാരിമൂലം മരിച്ചവരുടെ എണ്ണത്തിൽ ലോകത്തെ എല്ലാ രാജ്യങ്ങളെയും അമേരിക്ക പിന്നിലാക്കിയതിൽ തെല്ലും അസ്വസ്ഥതയില്ലാത്തത് അങ്ങനെ മരിച്ചവരിലധികവും കറുത്ത വർഗക്കാരും സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ടവരുമായിരുന്നുവെന്നതാണ്. കേവലം നാലു മണിക്കൂർ മാത്രം നൽകി രാജ്യം മുഴുവൻ ലോക്ക് ഡൗണിലാക്കി, അന്തർ സംസ്ഥാന തൊഴിലാളികളെ റെയിൽപാളങ്ങളിലും ദേശീയപാതയോരങ്ങളിലും കൊലക്ക് കൊടുക്കാൻ വിട്ട മോദിക്കും കൂട്ടർക്കും ഇതിലൊന്നും യാതൊരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെടുന്നില്ല എന്നുള്ളത് സ്വന്തം ജനതയോട് ഇവരൊക്കെ വെച്ചുപുലർത്തുന്ന മനോഭാവത്തെ കൃത്യമായി വെളിവാക്കുന്നുണ്ട്. ഇവിടെയാണ്, ഒരാളെ അ


അമേരിക്കൻ സ്വത്വത്തിൽ അലിഞ്ഞുചേർന്ന വർണവിവേചനം സ്വയം അനുഭവിച്ച് ഇസ്‌ലാമിലൂടെ അതിൽനിന്ന് മോചനം നേടിയ അമേരിക്കക്കാരായ രണ്ട് കറുത്ത ഇതിഹാസങ്ങളുടെ ആത്മകഥ. അമേരിക്കയെ തുറന്നുകാട്ടുന്നുണ്ട് ഈ രണ്ട് കൃതിയും

**മാൽക്കം എക്സ്**

**അലക്സ് ഹാലി**

മൊഴിമാറ്റം. എ.പി. കുഞ്ഞാമു




**പൂമ്പാറ്റയുടെ ആത്മാവ്**

**മുഹമ്മദലിയുടെ ആത്മകഥ**

**മുഹമ്മദ് അലി**
**ഹന യാസ്മിൻ അലി**

മൊഴിമാറ്റം. ബഷീർ മിസ്അബ്




ISLAMIC PUBLISHING HOUSE
PH: 0495 2720072, 2724618, WP NO: 9544299877
Online store: www.iphkerala.com/store/

ന്യായമായി വധിക്കുന്നത് മനുഷ്യവംശത്തെയാകമാനം ഇല്ലാതാക്കുന്നതിന് തുല്യമാണെന്നും ഒരാൾക്ക് ജീവിക്കാൻ വക നൽകുന്നത് മനുഷ്യകുലത്തെയാകമാനം ജീവിപ്പിച്ചതിന് തുല്യമാണെന്നുമുള്ള ഖുർആനിക പ്രഖ്യാപനം ഈ സമൂഹത്തിന് മുന്നിൽ ഉയർത്തിപ്പിടിക്കേണ്ടത്. തന്റെ ഭരണാധികാരത്തിനു കീഴിൽ യൂഫ്രട്ടീസ് നദീതീരത്ത് ഒരു ആട്ടിൻകുട്ടി വിശന്ന് വലഞ്ഞു ചത്താൽ താൻ അതിന് സർവേശ്വരന്റെ മുന്നിൽ ഉത്തരം പറയേണ്ടിവരുമല്ലോ എന്നോർത്ത് മനസ്സ് പിടഞ്ഞ ഉമർ (റ) പാഠമാകുന്നത്. പാതിരാവിൽ രാജ്യത്തിലുടനീളം വേഷപ്രഛന്നരായി നടന്ന് വിശക്കുന്നവന്റെയും അവശതകളനുഭവിക്കുന്നവന്റെയും വേവലാതികൾ ചുഴിഞ്ഞറിഞ്ഞ് അത് പരിഹരിക്കുന്നതിന് ഓടിനടക്കുന്ന ഭരണാധികാരികളുണ്ടായത് ഈ ധർമബോധത്തിൽനിന്നാണ്. ആ ധർമബോധം ഭരണാധികാരിക്ക് നഷ്ടപ്പെടുമ്പോൾ ജനങ്ങൾ തെരുവിലിറങ്ങി അവരെ ഓർമിപ്പിക്കേണ്ടി വരുന്നു, ഞങ്ങളുടെ ജീവിതം പ്രധാനമാണെന്ന്.





പ്രമുഖ അമേരിക്കൻ അഭിഭാഷകനായ ബ്രയാൻ സ്റ്റീവൻസിന്റെ പ്രശസ്തമായ ടെഡ്ടോക്കിന്റെ (TED Talk) തലവാചകം 'We need to talk about an injustice' (നാം ഒരനീതിയെക്കുറിച്ച് സംസാരിക്കേണ്ടതുണ്ട്) എന്നാണ്. യൂട്യൂബിൽ വൻ ജനപ്രീതി ലഭിച്ചിട്ടുള്ള ആ പ്രഭാഷണത്തിലദ്ദേഹം പറയുന്ന പ്രധാനപ്പെട്ട ചില വാചകങ്ങൾ: ''ദാരിദ്ര്യത്തിന്റെ വിപരീതം ഒരിക്കലും സമ്പത്തല്ല, മറിച്ച് നീതിയാണ്. ഒരു സമൂഹമെന്ന നിലക്ക് നാം വിലയിരുത്തപ്പെടുക ഉന്നതമായ സാങ്കേതിക വിദ്യ, ബുദ്ധിശക്തി, നൂതനമായ ഡിസൈനുകൾ എന്നിവ വെച്ചായിരിക്കില്ല ഒരിക്കലും. മറിച്ച് പാവപ്പെട്ടവരോടും അരികുവത്കരിക്കപ്പെട്ടവരോടും തടവുകാരോടുമൊക്കെ എങ്ങനെ പെരുമാറുന്നുവെന്നതായിരിക്കും നമ്മെക്കുറിച്ച വിലയിരുത്തലിന്റെ സുപ്രധാന മാനദണ്ഡം.''

സ്റ്റീവൻസ് ഉന്നയിക്കുന്ന ഏറ്റവും സുപ്രധാനമായ സംഗതി, നീതിയില്ലാത്തിടത്ത് ദാരിദ്ര്യം ഉടലെടുക്കുമെന്നാണ്. ലോകത്തെവിടെയുമിന്ന് പ്രകടമാകുന്ന കയ്പുറ്റ യാഥാർഥ്യമാണിത്. വിവിധ ജനവിഭാഗങ്ങൾക്കെതിരെ പൊതുസമൂഹത്തിൽനിന്നും ഭരണകൂടത്തിൽനിന്നുമുണ്ടാവുന്ന അനീതിയും അസമത്വവുമാണ് ആ വിഭാഗങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. അമേരിക്കയിലെ തന്നെ ഉദാഹരണം അദ്ദേഹം എടുത്തു കാണിക്കുന്നു; ''നിങ്ങളൊരു കറുത്തവർഗക്കാരനും നിരപരാധിയുമാണെങ്കിൽ, വെള്ളക്കാരനും കുറ്റവാളിയുമായ ഒരാളേക്കാളും 22 ഇരട്ടി വധശിക്ഷക്ക് വിധിക്കപ്പെട്ട് ജീവൻ നഷ്ടപ്പെടാൻ സാധ്യത കൂടുതലാണ്. ഇങ്ങനെ വധശിക്ഷക്ക് വിധിക്കപ്പെടുന്ന 9 പേരിൽ ഒരാൾ പൂർണമായും നിരപരാധിയാണെന്നതാണ് യാഥാർഥ്യമെന്ന് കണക്കുകൾ പറയുന്നു. പതിമൂന്നും പതിനാലും വയസ്സുള്ള നിരവധി ആഫ്രോ-അമേരിക്കൻ കുട്ടികൾ വധശിക്ഷക്ക് വിധിക്കപ്പെടുന്ന അമേരിക്കൻ സംസ്ഥാനമാണ് അലബാമ. അവിടെ 18-നും 35-നും ഇടയിൽ പ്രായമുള്ള 34 ശതമാനം കറുത്തവർഗക്കാരായ യുവാക്കൾ, തങ്ങളുടെ പേരിൽ കെട്ടിച്ചമക്കപ്പെട്ട കുറ്റങ്ങളുടെ പേരിൽ വോട്ടവകാശം നിഷേധിക്കപ്പെട്ടവരായുണ്ട്. കറുത്തവർഗക്കാരായ മൂന്നിലൊരാൾ ശരാശരി 18 മുതൽ 30 വർഷം വരെ തടവുശിക്ഷ അനുഭവിക്കുന്നുണ്ട്.''

സാമൂഹിക നീതി സ്ഥാപിക്കുന്നതിന് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനം, അതിന്റെ മുന്നിൽ മറ്റു പരിഗണനകൾ വരരുതെന്നാണ്. ''അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനു വേണ്ടി നേർമാർഗത്തിൽ ഉറച്ചു നിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനത്തോടുള്ള വിരോധം നിങ്ങളെ നീതിയിൽ നിന്നു വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തിയോട് ഏറ്റം ഇണങ്ങുന്നത്'' (*അൽ മാഇദ* 9). ''അല്ലയോ സത്യവിശ്വാസികളേ, നീതിയുടെ ധ്വജവാഹകരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ -നിങ്ങളുടെ നീതിനിഷ്ഠയുടെയും സത്യസാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ, ദരിദ്രനാവട്ടെ, അല്ലാഹുവാകുന്നു നിങ്ങളിലേറെ അവരുടെ ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ, സ്വേഛകളെ പിൻപറ്റി നീതിയിൽനിന്ന് അകന്നുപോകാതിരിക്കുവിൻ. വളച്ചൊടിച്ചു സംസാരിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ, അറിഞ്ഞുകൊള്ളുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹു അറിയുന്നുണ്ട്'' (*അന്നിസാഅ്* 135). ഈ അടിസ്ഥാന തത്ത്വങ്ങൾ മുൻനിർത്തി വേണം പുതിയ ലോകത്ത് നീതിയുടെ സംസ്ഥാപനം ലക്ഷ്യം വെച്ച് പ്രവർത്തിക്കാൻ. മഖ്സൂം ഗോത്രത്തിലെ സ്ത്രീ മോഷ്ടിച്ചതിന് ശിക്ഷ നടപ്പാക്കാതിരിക്കാൻ ശിപാർശയുമായി വന്ന തനിക്കേറ്റവും പ്രിയപ്പെട്ട സൈദിന്റെ മകൻ ഉസാമയോട്, ചുവന്ന മുഖവുമായി പ്രവാചകൻ ഉദ്ഘോഷിച്ച ആ വചനങ്ങളുണ്ടല്ലോ; 'നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത്, അവരിലെ ഉന്നതർ കുറ്റം ചെയ്താൽ വെറുതെ വിടുകയും പാവപ്പെട്ടവർ ചെയ്താൽ ശിക്ഷ നടപ്പാക്കുകയും ചെയ്തതാണ്. അല്ലാഹുവാണ, മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിലും ഞാനവളുടെ കൈ വെട്ടുക തന്നെ ചെയ്യും.' ദിഗന്തങ്ങളിൽ മുഴങ്ങിയ ആ പ്രഖ്യാപനം, നീതി ദേവതക്ക് കണ്ണില്ലെന്ന് ആധുനിക നിയമഗ്രന്ഥങ്ങളിൽ ഇടം പിടിക്കുന്നതിനും എത്രയോ മുമ്പ് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

വിശുദ്ധ വേദഗ്രന്ഥത്തിലെ സുപ്രധാനമായ 11 വചനങ്ങൾ (*അന്നിസാഅ്* 105-115) ശത്രുവെന്ന് ഗണിക്കപ്പെട്ടിരുന്ന ഒരു ജൂതന്റെ നിരപരാധിത്വം തെളിയിക്കാനായി അല്ലാഹു പ്രത്യേകം അവതരിപ്പിച്ചത് മനസ്സിലാക്കിത്തരുന്നതെന്തെന്നാൽ, തെറ്റു ചെയ്തവൻ പ്രവാചകന്റെ അനുചരനായാലും അത് തുറന്നുകാട്ടപ്പെടേണ്ടതുതന്നെയാണെന്നാണ്. ഇങ്ങനെ പക്ഷഭേദങ്ങളില്ലാത്ത നീതി കൈക്കൊണ്ടതിനാലാണ്, റോമൻ ഭരണാധികാരിയുടെ ദൂതൻ മരത്തണലിൽ ഉച്ച നേരത്ത് ഉറങ്ങിക്കിടന്ന രണ്ടാം ഖലീഫ ഉമറി(റ)നെ ചൂണ്ടി, 'താങ്കൾ നീതി കൈകൊണ്ടു; അതിനാൽ താങ്കൾ നിർഭയനായി' എന്ന് പറയാൻ പ്രേരിതനായത്. ഇന്നിപ്പോൾ പൊതുജനങ്ങളുടെ പ്രതിഷേധം ഭയന്ന് ബങ്കറിലൊളിച്ചിരിക്കാൻ ലോകത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി നിർബന്ധിക്കപ്പെടുന്ന സാഹചര്യത്തിൽ വിസ്മയകരമായ ഈ പാഠങ്ങൾ വീണ്ടും പുറത്തെടുത്തേ മതിയാവൂ. ●

സുൽത്താന്മാരുടെ കോടതികൾ നീതിയുടെ ഇന്ത്യൻ അനുഭവങ്ങൾ – 2



● ആഗ്ര കോട്ട മെയിൻ കവാടം

# മുഗൾകാലത്തെ നീതിന്യായം

**ലേഖനം / ശിഹാബുദ്ദീൻ ആരാമ്പ്രം**

മുഗൾ ഭരണാധികാരികളായ സുൽത്താന്മാരും കോടതികളുടെ പ്രാധാന്യത്തെ ഒട്ടും ചെറുതായി കണ്ടിരുന്നില്ല. അതിനാൽ കോടതികളിൽനിന്ന് ജനങ്ങൾക്ക് ലഭിച്ചിരുന്ന നീതിയും സമത്വവും നിലനിർത്തുന്നതിന് അവർ ജാഗ്രതയോടെ പ്രവർത്തിച്ചു. കോടതിയുടെ അധികാരങ്ങൾ സുതാര്യമാക്കുന്നതിനും മനുഷ്യാവകാശ ധ്വംസനങ്ങൾ തടയുന്നതിനും നിയമവ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി. ഒപ്പം തലസ്ഥാനത്തേതിന് സമാനമായ കോടതി സംവിധാനങ്ങൾ പ്രവിശ്യാ ആസ്ഥാനങ്ങളിലും സ്ഥാപിച്ചു. വിവിധ അധികാരശ്രേണികളിലുള്ള നാല് കോടതികൾ വീതമാണ് ഓരോ കേന്ദ്രങ്ങളിലും നിലവിൽ വന്നത്. ഖാദി അൽ ഖുദാത് (മുഖ്യ ന്യായാധിപൻ), മീറെ അദ്ൽ (പ്രധാന നീതിമാൻ), ഖാദി (ജഡ്ജി), ആദിൽ (നീതിമാൻ) എന്നീ സ്ഥാനപ്പേരുകളിൽ ഉള്ളവരായിരുന്നു അത്തരം കോടതികളിൽ നീതിനിർവഹണത്തിന് നേതൃത്വം നൽകിയിരുന്നത്. അവരിൽ ഓരോരുത്തരെയും സഹായിക്കാൻ ആവശ്യമായ വേറെയും നിരവധി ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. പ്രവിശ്യകൾക്കു കീഴിലെ പർഗാനകളിലും അവക്കു കീഴിലെ കച്ചേരികളിലും കോടതികൾ പ്രവർത്തിച്ചു. പർഗാനകളിൽ ശിഖസ്താർ, അമീൻ എന്നീ ഉദ്യോഗസ്ഥന്മാരായിരുന്നു നേതൃത്വം നൽകിയിരുന്നത്. പർഗാന ആസ്ഥാനത്തുനിന്ന് അകലെയായി സ്ഥിതി ചെയ്തിരുന്ന പ്രദേശങ്ങളിലെ വില്ലേജുകളിലായിരുന്നു കച്ചേരികൾ. സമീന്ദാർ(ജന്മി)മാർക്കോ ജാഗീർദാർമാർക്കോ ആയിരുന്നു അവിടത്തെ ചുമതല. എന്നാൽ കച്ചേരികൾ നിലവിലില്ലാതിരുന്ന പ്രദേശങ്ങളിൽ വില്ലേജ് അധികാരിയുടെ ആസ്ഥാനത്ത് എത്തിയായിരുന്നു ജനങ്ങൾ തർക്കങ്ങൾക്ക് പരിഹാരം തേടിയിരുന്നത്.

ഏതെങ്കിലും കോടതിയിൽനിന്ന് മതിയായ നീതി ലഭിക്കുന്നില്ലെന്ന് പരാതിയുള്ളവർക്ക് അതിന്റെ മേൽക്കോടതിയെ സമീപിക്കാം. എന്നിട്ടും നീതി ലഭിക്കാത്തവർക്ക് ദിവാനെ അദാലത്തിനെ സമീപിക്കാം. എന്നാൽ മുഴുവൻ കോടതികളിൽനിന്നും നീതി കിട്ടിയിട്ടില്ലെന്ന് ബോധ്യമുള്ളവർക്ക്


● ജഹാംഗീർ


● ഷാജഹാൻ


● ഔറംഗസീബ്


സുൽത്താന് നേരിട്ടു തന്നെ പരാതി നൽകാനും അവസരം ലഭിച്ചിരുന്നു. പല കോടതികളും വിധിപറഞ്ഞ കേസുകളാണെങ്കിൽ പോലും അവയെ തികഞ്ഞ പരിഗണനയോടെയും സൂക്ഷ്മ വിശകലനത്തോടെയും തന്നെയായിരുന്നു എല്ലാ സുൽത്താന്മാരും പരിഗണിച്ചിരുന്നത്. അത്രമാത്രം രാജ്യത്ത് നീതി പുലരണമെന്ന് ആഗ്രഹിച്ചിരുന്നവരായിരുന്നു അവർ. അതുകൊണ്ടാണ് ഏകാധിപതികളായ രാജാക്കന്മാരായിരിക്കുമ്പോഴും ജനാധിപത്യവാദികളെപ്പോലെ രാജ്യം ഭരിക്കാൻ അവർക്ക് കഴിഞ്ഞത്.

അക്ബർ ചക്രവർത്തിയുടെ കാലം മുതൽക്കാണ് നീതിന്യായ വ്യവസ്ഥയിൽ പുതിയ പരിഷ്കാരങ്ങൾക്ക് തുടക്കമായത്. ഷേർഷയുടെ ചില നടപടികൾ അതിന് അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. കോടതി വിധിയിൽ പരാതിയുള്ളവരുടെ കേസുകൾ കേൾക്കാനായി എല്ലാ വ്യാഴാഴ്ചയും രാവിലെ ഒമ്പത് മണി മുതൽ അക്ബർ ദൗലത് ഖാനയിൽ എത്തും. ആ സമയത്ത് അവിടെ ഒരു വലിയ സദസ്സ് തന്നെ ഒരുമിച്ചുകൂടും. മാത്രവുമല്ല, കോടതിവിധിയിൽനിന്ന് ഭിന്നമായിട്ടാണ് അക്ബർ ചക്രവർത്തി വിധിക്കുന്നതെങ്കിൽ അതിന്റെ സാധുത വിലയിരുത്താൻ ന്യായാധിപന്മാർ ഉൾപ്പെടെയുള്ള കോടതി ഉദ്യോഗസ്ഥന്മാർ അവിടെ ഹാജരാവണമെന്ന് അദ്ദേഹം കൽപിച്ചിരുന്നു. കൂടാതെ വിധിന്യായത്തെ പുതിയ രീതിയിൽ സമീപിക്കുന്നത് മനസ്സിലാക്കാൻ മക്കളും പേരമക്കളും ഉൾപ്പെടെയുള്ള രാജകുമാരന്മാരെല്ലാം അവിടെ സമ്മേളിച്ചിരുന്നതായി അബുൽ ഫദ്ൽ അല്ലാമി, 'ആഈനെ അക്ബരി'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാലര മണിക്കൂർ സമയമാണ് അതിനായി അദ്ദേഹം നീക്കിവെച്ചിരുന്നത്. എന്നാൽ കേസുകളുടെ ആധിക്യമനുസരിച്ച് രാത്രിയിൽ പോലും അദ്ദേഹം പരാതികൾ കേട്ടിരുന്നു. കോടതിവിധിയിൽനിന്ന് ഭിന്നമായ തീരുമാനത്തിലേക്കാണ് ചക്രവർത്തി എത്തുന്നതെങ്കിൽ അതിനു മുമ്പ് നിയമവിദഗ്ധരുമായും കൊട്ടാരത്തിലെ ഉന്നതരുമായും അദ്ദേഹം കൂടിയാലോചിക്കാറുണ്ട്. അകാരണമായി ആരും ശിക്ഷിക്കപ്പെടാതിരിക്കാനും ശ്രദ്ധിച്ചു. 'ഞാനാണ് കുറ്റവാളിയെങ്കിൽ, വിധി എനിക്ക് എതിരായിരിക്കു'മെന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

അക്ബർ ചക്രവർത്തിയുടെ പിൻഗാമിയായി വന്ന ജഹാംഗീർ ചക്രവർത്തിയും നീതിനിർവഹണ രംഗത്ത് സ്തുത്യർഹമായ സേവനമാണ് കാഴ്ചവെച്ചത്. അധികാരം ഏറ്റെടുത്ത ശേഷം അദ്ദേഹം ആഗ്രയിലെ കോട്ടയിൽ ഒരു സ്വർണച്ചങ്ങല സ്ഥാപിച്ചതായി 'തുസ്ബുകെ ജഹാൻ ഗീരി'യിലെ പ്രഥമ അധ്യായത്തിൽതന്നെ പരാമർശിച്ചിട്ടുണ്ട്. സുൽത്താൻ ഇൽതുമിശിനെ പോലെ എല്ലാ വിഭാഗം ജനങ്ങൾക്കും പൂർണമായും നീതി ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു അത്. ആ ചങ്ങലയുടെ ഒരറ്റം കൊട്ടാരത്തിനകത്തും മറ്റേയറ്റം യമുനാ നദിയുടെ കരയിൽ നാട്ടിയ ഒരു കരിങ്കൽ തൂണിലുമായിരുന്നു ബന്ധിച്ചിരുന്നത്. കോടതിയിൽനിന്ന് നീതി ലഭിക്കാത്തവർക്കും തങ്ങളുടെ പ്രശ്നം മറ്റാരും അറിയാതെ ചക്രവർത്തിയെ ധരിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്കും ഏതെങ്കിലും അർഥത്തിൽ കോടതിയെ സമീപിക്കാൻ കഴിയാത്തവർക്കുമെല്ലാം ആ ചങ്ങലയിൽ പിടിച്ചു വലിക്കാം. അപ്പോൾ സുൽത്താൻ അതിനെപ്പറ്റി അറിയുകയും പരാതിക്കാരന്റെ ആവലാതി കേട്ട് നീതി ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യും. എന്നാൽ ജഹാംഗീറിനെപ്പറ്റി പഠനം നടത്തിയ ആധുനിക ചരിത്രകാരനായ ഡോ. ബേനി പ്രസാദ്, പേർഷ്യൻ കൈയെഴുത്തു പ്രതിയായ 'റാസുൽ മുലൂകി'നെ അവലംബിച്ച് രസകരമായ ഒരു സംഭവം പരാമർശിച്ചിട്ടുണ്ട്. ഒരു ദിവസം ആ ബെല്ല് മുഴങ്ങിയപ്പോൾ അന്വേഷണത്തിന് ഉത്തരവിട്ടു. അപ്പോൾ യമുനയുടെ തീരത്ത് മേഞ്ഞുനടക്കുന്ന വയറൊട്ടിയ ഒരു കഴുതയെ അല്ലാതെ ആരെയും കണ്ടില്ല. പിന്നീട് ആ കഴുതയുടെ ഉടമയെ കണ്ടെത്തിയപ്പോഴാണ് വസ്തുത പുറത്തായത്; ആ കഴുതക്ക് ആവശ്യമായ ഭക്ഷണമോ വെള്ളമോ നൽകാതെ നിരന്തരം ഭാരം വഹിപ്പിക്കുകയും അതിനു ശേഷം അലയാൻ വിടുകയുമാണത്രെ ആ ഉടമയുടെ പതിവ്. കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തിയ ശേഷം ഉടമയെ താക്കീത് ചെയ്ത് വിട്ടയച്ചു. ജഹാംഗീർ സ്ഥാപിച്ച ആ സ്വർണച്ചങ്ങല 'സഞ്ചീറെ അദ്ൽ' (നീതിയുടെ ചങ്ങല) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതുപോലെ, ഭൂമിയിൽനിന്ന് താമസക്കാരെയും കൃഷിഭൂമിയിൽനിന്ന് കർഷകരെയും അവരുടെ കൈവശഭൂമി സർക്കാറിന്റേതാണെന്നു പറഞ്ഞ്, ഒഴി

പ്പിക്കരുതെന്ന് എല്ലാ സമീന്ദാർമാർക്കും (ജന്മി) ജഹാൻഗീരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മുകളിൽ പരാമർശിച്ചതു പോലെ എല്ലാ ചൊവ്വാഴ്ചയും പൂർണമായും അദ്ദേഹം ജനങ്ങളുടെ പരാതികൾ കേൾക്കാൻ നീക്കിവെച്ചു. കൂടാതെ ഓരോ ദിവസവും രണ്ട് മണിക്കൂർ വീതവും അദ്ദേഹം ജനങ്ങളുടെ പരാതികൾ കേട്ടു. ആ സന്ദർഭത്തിൽ നീതിന്യായ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അവിടെ സന്നിഹിതരാവണമെന്ന് ഉത്തരവ് നൽകി. പരാതികൾ സസൂക്ഷ്മം കേൾക്കുകയും നിയമവിശാരദരുമായുള്ള ചർച്ചക്കു ശേഷം പരിഹാരം നിർദേശിക്കുകയും ചെയ്തു. കൂടാതെ രാജ്യത്തെ എല്ലാ നഗരങ്ങളിലും കോടതികൾ സ്ഥാപിച്ചു. അതോടനുബന്ധിച്ച് പരാതി സെല്ലും പ്രവർത്തിച്ചിരുന്നു. ദൂരദിക്കുകളിൽനിന്നുള്ള പരാതികൾക്ക് കൊട്ടാരത്തിൽനിന്നു തന്നെയാണ് തീർപ്പു കൽപിച്ചിരുന്നതെങ്കിലും അതിന്റെ പരിഹാരത്തിന് അതത് പ്രവിശ്യാ ഗവർണർമാരെ ചുമതലപ്പെടുത്തി.

നീതിനിർവഹണത്തിൽ പിതാവിന്റെ പാത പിന്തുടർന്നാണ് സുൽത്താൻ ഷാജഹാൻ ചക്രവർത്തിയും പ്രവർത്തിച്ചിരുന്നത്. അദ്ദേഹം ജനങ്ങളുടെ പരാതികൾ കേട്ടിരുന്നത് ബുധനാഴ്ചകളിലായിരുന്നു. ആവലാതികൾ കേൾക്കുമ്പോൾ സഹാനുഭൂതിയോടെ കാര്യങ്ങൾ ആരായുകയും ഒപ്പം ഉണ്ടായിരുന്ന നിയമ വിദഗ്ധരുടെ അഭിപ്രായം കൂടി പരിഗണിച്ച് പരിഹാരം നിർദേശിക്കുകയും ചെയ്തു. സൈനിക നീക്കങ്ങൾ നടക്കുമ്പോഴും വിനോദങ്ങളിൽ മുഴുകുമ്പോഴുമെല്ലാം ബുധനാഴ്ചകളിലെ ജനസമ്പർക്ക പരിപാടിക്ക് അദ്ദേഹം മുടക്കം വരുത്തിയിരുന്നില്ല. ഓരോ ബുധനാഴ്ചകളിലും ഇരുപതോളം പേരെങ്കിലും പരാതിക്കാരായിട്ടുണ്ടാവും. എന്നാൽ അത് കുറവാണെന്ന വീക്ഷണക്കാരനായിരുന്നു ചക്രവർത്തി. പരാതി സെല്ലിലെ പ്രധാന ഉദ്യോഗസ്ഥനെ പരാതികൾ കുറഞ്ഞതിന്റെ പേരിൽ ഒരിക്കൽ ഷാജഹാൻ ആക്ഷേപിക്കുകയുണ്ടായി. എന്നാൽ പരാതിക്കാരായി ഒരാളെങ്കിലും ഇല്ലെങ്കിൽ മാത്രമേ തന്നെ കുറ്റക്കാരനായി കാണാവൂ എന്ന്, പരാതി സെല്ലിലെ ഉദ്യോഗസ്ഥൻ ചക്രവർത്തിയോട് പറഞ്ഞതായി 'ലുബ്ബുത്തവാരീഖെ ഹിന്ദി'ൽ റായ് ബഗ്റമാൾ രേഖപ്പെടുത്തിയിട്ടുണ്ട്. നീതിന്യായം ദേശീയതലത്തിൽതന്നെ



● അക്ബർ

വ്യവസ്ഥാപിതമായി നടത്തിയിരുന്നതിനാൽ മറ്റുള്ളവരുടെ സമാധാനം കെടുത്തുന്നതും പരസ്പരം ശണ്ഠ കൂടുന്നതുമെല്ലാം ജനങ്ങൾക്കിടയിൽ അപൂർവമായി. കുറ്റങ്ങൾ പിടിക്കപ്പെട്ടാൽ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനാവില്ലെന്ന് ജനങ്ങളെല്ലാം തിരിച്ചറിഞ്ഞതായി 'ലുബ്ബുത്തവാരീഖെ ഹിന്ദി'ൽ രേഖപ്പെടുത്തിയതായി കാണാം.


സുൽത്താൻ ഔറംഗസീബ് ആലംഗീറിന്റെ കാലത്തും നീതിന്യായ കോടതികൾ വലിയ സേവനമാണ് പൊതുസമൂഹത്തിന് നൽകിയത്. കോടതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാവുന്നതിന് പല പദ്ധതികളും അദ്ദേഹം നടപ്പാക്കി. കോടതികളിലെ കേസുകൾ നീതിപൂർവമാണ് നിർവഹിക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്താൻ എല്ലാ പ്രവിശ്യാ ഗവർണർമാരോടും അദ്ദേഹം കൽപിച്ചു. തടവിലാക്കപ്പെടുന്നവർ കുറ്റവാളികളല്ലെങ്കിൽ അവരെ ഉടൻ തന്നെ മോചിപ്പിക്കണം. ഏതെങ്കിലും കേസ് വിധിപറയാതെ അകാരണമായി നീണ്ടുപോകുന്നുണ്ടെങ്കിൽ അതിന് പരിഹാരം കാണാനും അദ്ദേഹം ആജ്ഞാപിച്ചിരുന്നു. അദ്ദേഹത്തിന്റെ കോടതിയിൽ ഏഷണിക്കോ വഞ്ചനക്കോ അവസരം ലഭിച്ചിരുന്നില്ല. കേസുകൾ നടക്കുമ്പോൾ രണ്ടോ മൂന്നോ തവണ അദ്ദേഹം കോടതിയിൽ വരും. സുസ്മേരവദനനായിട്ടാണ് എത്തുക. അനുഭാവപൂർവം ഓരോരുത്തരുടെയും പ്രശ്നങ്ങൾ കേൾക്കും. പരാതിക്കാർ തങ്ങൾക്ക് വേണ്ടപ്പെട്ട ഒരാളോടെന്ന പോലെ നിർഭയരായി അദ്ദേഹത്തോട് കാര്യങ്ങൾ പറയും. ഒരിക്കൽ പോലും അവർക്കിടയിൽ നെറ്റിചുളിച്ച് സുൽത്താൻ ഔറംഗസീബ് പ്രത്യക്ഷപ്പെട്ടിരുന്നില്ലെന്ന് 'മിർആതെ ആലമി'ൽ ബക്തവാർ ഖാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ആഴ്ചയിൽ ഒരു ദിവസം കോടതികൾക്ക് അദ്ദേഹം അവധി പ്രഖ്യാപിച്ചു. ഖാദിമാർ അഞ്ചു ദിവസം കോടതിയിലും ഒരു ദിവസം ഗവർണർമാരോടൊപ്പം ജനങ്ങളുടെ പരാതികൾ കേൾക്കാനുമായി നീക്കിവെക്കണമെന്ന് അദ്ദേഹം ഉത്തരവിറക്കി. സൂര്യോദയം കഴിഞ്ഞ് ഒരു മണിക്കൂറിനകം കോടതികൾ ആരംഭിക്കാനും ഉച്ചവരെ കേസുകൾക്ക് തീർപ്പ് കൽപിക്കാനും ആജ്ഞാപിച്ചു. ആഴ്ചയിൽ ഒരു ദിവസം പൂർണമായി അദ്ദേഹവും കോടതിയിൽ ഹാജരായി. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ മറ്റൊരു കൽപന, വധശിക്ഷക്ക് വിധിക്കപ്പെട്ട പ്രതിയുടെ വധശിക്ഷ നടപ്പാക്കുന്നതിനു മുമ്പ്, മൂന്ന് തവണ അതിനായി സുൽത്താന്റെ അനുവാദം ലഭിക്കണമെന്നായിരുന്നു. ആ നിയമത്തിലൂടെ അന്യായമായ എല്ലാ വധശിക്ഷകൾക്കും അദ്ദേഹം തടയിട്ടു. മാത്രവുമല്ല, ഖാദിയുടെ മാത്രം വിധിതീർപ്പിലൂടെ ആരെയും വധശിക്ഷക്ക് വിധേയമാക്കാൻ കഴിഞ്ഞിരുന്നുമില്ല. ഔറംഗസീബിന്റെ നീതിനിർവഹണത്തിന് മുന്നിൽ സർവരും തുല്യരായിരുന്നു. ചക്രവർത്തിക്കെതിരെ പരാതിയുള്ളവർക്ക് കോടതിയെ സമീപിക്കാമെന്ന് രാജ്യമൊട്ടുക്കും അദ്ദേഹം വിളംബരം ചെയ്തു. ഒരിക്കൽ മുഹമ്മദ് ആദിൽ ഖാൻ എന്ന കൊട്ടാരത്തിലെ ഒരു ജോലിക്കാരനെ സൈന്യാധിപരിൽ ഒരാളായ ഖാൻ ഫൈറൂസ് ജംഗ് വിഷം നൽകി കൊലപ്പെടുത്തിയതായി ബന്ധുക്കൾ പരാതി നൽകി. അന്വേഷണത്തിൽ ഖാൻ ഫൈറൂസ് ജംഗ് കുറ്റക്കാരനാണെന്ന് കണ്ടെത്തി. ഉടൻതന്നെ സുൽത്താൻ ഔറംഗസീബ് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ വധശിക്ഷക്ക് വിധേയമാക്കാൻ പ്രധാനമന്ത്രിയോട് കൽപിച്ചതായി 'അഹ്കാമെ ആലംഗീരി'യിൽ ഹമീദുദ്ദീൻ ഖാൻ രേഖപ്പെടുത്തിയിട്ടുണ്ട്. നീതിയും ശിക്ഷയുമെല്ലാം നടപ്പാക്കുന്നതിൽ അദ്ദേഹം സ്വന്തം മക്കളോടു പോലും വിട്ടുവീഴ്ച ചെയ്തിരുന്നില്ലെന്നതാണ് ചരിത്രം. അദ്ദേഹത്തിന്റെ പുത്രന്മാരും രാജകുമാരന്മാരുമായ ബഹദൂർ ഷാ (മുഅള്ളം ഷാ) ഒന്നാമനെയും മുഹമ്മദ് അഅ്ളം ഷായെയുമെല്ലാം ശിക്ഷിച്ചതായ പരാമർശങ്ങളും 'അഹ്കാമെ ആലംഗീരി'യിൽ കാണാം. ●

(തുടരും)

# വീരേന്ദ്രകുമാർ പതിറ്റാണ്ടുകളുടെ സൗഹൃദം

സ്മരണ / ശൈഖ് മുഹമ്മദ് കാരകുന്ന്
smkarakunnu@gmail.com



ചെറുപ്രായത്തിൽ തന്നെ വീരേന്ദ്രകുമാറുമായി ബന്ധപ്പെടാൻ അവസരം ലഭിച്ചിരുന്നു. ഏറ്റവുമാദ്യം പരിചയപ്പെടുത്തിയത് സുൽത്താൻ ബത്തേരിയിലെ പി.സി ഫൈസലാണെന്നാണ് ഓർമ.

പലരുമായെന്നപോലെ ആദ്യമായി അടുത്തിടപഴകാൻ അവസരം ലഭിച്ചത് പ്രഭാഷണവേദിയിൽ വെച്ചു തന്നെയാണ്. പിന്നീട് സ്റ്റേജുകളിൽ വെച്ചെന്ന പോലെ അദ്ദേഹത്തിന്റെ വീട്ടിൽ വെച്ചും *മാതൃഭൂമി* ഓഫീസിൽ വെച്ചും പലതവണ അടുത്ത് ബന്ധപ്പെടാൻ അവസരം ലഭിച്ചു. അവയിൽ പലതും ഇസ്‌ലാമും മുസ്‌ലിംകളുമായി ബന്ധപ്പെട്ട് *മാതൃഭൂമി*യിൽ വന്നുകൊണ്ടിരുന്ന വാർത്തകളും ലേഖനങ്ങളും ഫീച്ചറുകളുമായും ബന്ധപ്പെട്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ച് തെറ്റായ വാർത്തകൾ വന്നപ്പോഴും നേരിൽ കണ്ട് സംസാരിക്കുകയുണ്ടായി. തെറ്റുകൾ പത്രം പിന്നെയും ആവർത്തിച്ചിരുന്നുവെങ്കിലും ഒരിക്കൽ പോലും വീരേന്ദ്രകുമാർ അവയെ ന്യായീകരിച്ചിരുന്നില്ല. പറയുന്നത് ശ്രദ്ധയോടെ കേൾക്കുകയും വിഷയം പഠിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. വിമർശനങ്ങളെ വളരെ സൗമനസ്യത്തോടെയാണ് കേട്ടുകൊണ്ടിരുന്നത്. ഒന്നിലേറെ തവണ ഞങ്ങളുടെ സാന്നിധ്യത്തിൽ തന്നെ പത്രമോഫീസിലെ ബന്ധപ്പെട്ടവരെ വിളിച്ച് വിശദീകരണം ചോദിക്കുകയും തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യപ്പെടുകയും ചെയ്ത അനുഭവവുമുണ്ട്.

ജമാഅത്തെ ഇസ്‌ലാമിയുടെയും പോഷക സംഘടനകളുടെയും പരിപാടികളിൽ പങ്കെടുക്കുന്നതിൽ അനൽപമായ താൽപര്യം കാണിച്ചിരുന്ന പ്രഗത്ഭനായ പ്രഭാഷകനാണ് എം.പി വീരേന്ദ്രകുമാർ. ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ നിരന്തരം വ്യാജാരോപണം നടത്തിയിരുന്നവരുടെ നടുവിൽ സത്യസന്ധമായ നിലപാട് സ്വീകരിക്കാനും തുറന്നു പറയാനും ധൈര്യം കാണിച്ച അപൂർവം രാഷ്ട്രീയ നേതാക്കളിൽ ഒരാൾ.

വർഗീയത, വംശീയത, ഫാഷിസം, സാമ്രാജ്യത്വ അധിനിവേശം, പ്രകൃതിക്കെതിരായ കൈയേറ്റം, മണ്ണും വിണ്ണും വായുവും വെള്ളവും മലിനമാക്കുന്ന മനുഷ്യവിരുദ്ധ വികസനം എന്നിവക്കെതിരായ ശക്തമായ നിലപാടാണ് ഞങ്ങളെ ചേർത്തുനിർത്തിയിരുന്ന ഏറ്റവും കരുത്തുറ്റ കണ്ണി. ബാബരി മസ്ജിദ് വർഗീയഭ്രാന്തന്മാർ തകർത്ത ഇരുണ്ട കാലത്ത് വർഗീയ ഫാഷിസത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും അത് തുറന്നു പറയാൻ ആർജവം കാണിക്കുകയും ചെയ്തുവെന്നത് കേരള ജനത എന്നും ഓർത്തുവെക്കും. 'രാമന്റെ ദുഃഖം' ഏറെ ചർച്ച ചെയ്യപ്പെടാനുള്ള കാരണവും അതുതന്നെ.

സാഹിത്യ, സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ, ഭരണ, മാധ്യമ രംഗങ്ങളിലെല്ലാം അതികായനായി നിലകൊണ്ടപ്പോഴും തന്റെ സഹജമായ വിനയത്തോട് വിടപറയുകയുണ്ടായില്ല. ഹൃദ്യമായി പൊട്ടിച്ചിരിച്ചിരുന്ന വിരേന്ദ്രകുമാർ സൗമ്യമായ സമീപനത്തിന്റെയും പെരുമാറ്റത്തിന്റെയും ഉടമയായിരുന്നു. മതനിരപേക്ഷ കേരളത്തിന് കരുത്തനായ ഒരു നേതാവിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഒരു നല്ല സുഹൃത്തിനെയുമാണ് വിരേന്ദ്രകുമാറിന്റെ വിയോഗത്തോടെ നഷ്ടമായത്; വ്യക്തിപരമായി പതിറ്റാണ്ടുകളായി സ്നേഹബന്ധം കാത്തുസൂക്ഷിക്കുന്ന ഒരു നല്ല സുഹൃത്തിനെയും. ●




# വ്യക്തിഗത ടാർഗറ്റുകൾ എന്ന പ്രസ്ഥാന പ്രവർത്തനം

പ്രസ്ഥാന ചിന്തകൾ / ടി. മുഹമ്മദ് വേളം

tm.velam@gmail.com

ഇസ്‌ലാമിക പ്രസ്ഥാനം പ്രവർത്തകരെ രണ്ട് തരം പ്രവർത്തനങ്ങൾ ഏൽപിക്കുന്നുണ്ട്. അതിലൊന്ന് സംഘടിത പ്രവർത്തനങ്ങളാണ്. യോഗങ്ങൾ, സമ്മേളനങ്ങൾ, സമരങ്ങൾ, കൂട്ടായ സേവന പ്രവർത്തനങ്ങൾ.... അതിന്റെ പട്ടിക നീണ്ടതാണ്. രണ്ടാമത്തേത് വ്യക്തിതല പ്രവർത്തനങ്ങളാണ്. പാരായണങ്ങൾ, പഠനങ്ങൾ, പ്രബോധന-സംസ്കരണ-സേവന ബന്ധങ്ങൾ, ഗൃഹയോഗങ്ങൾ, വിശാല കുടുംബത്തെ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ മുതലായവ ഇതിന്റെ ഉദാഹരണങ്ങളാണ്. ആദ്യം പറഞ്ഞ ഇനത്തിലെ പ്രവർത്തനങ്ങളിൽ എല്ലാ പ്രവർത്തകരും പൊതുവെ സജീവമായിരിക്കും. കാരണം അത് എല്ലാവരും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങളാണ്. അതിന് നേതൃത്വമുണ്ടായിരിക്കും. പ്രവർത്തകർ അതിൽ ഭാഗഭാക്കായാൽ മതിയാവും. നമ്മുടെ ശാരീരിക അധ്വാനവും സാന്നിധ്യവുമാണ് അതിൽ പ്രധാനം.

വ്യക്തിഗത ടാർഗറ്റുകളുടെ നിർവഹണത്തിൽ ഓരോ പ്രവർത്തകനും ഒറ്റക്കാണ്. ഒന്നിച്ചാകുമ്പോൾ ശക്തരാവുകയും ഒറ്റക്കാവുമ്പോൾ ദുർബലരാവുകയും ചെയ്യുക എന്ന ഒരു പ്രശ്നം മനുഷ്യനു പൊതുവിലുണ്ട്. ആൾക്കൂട്ട മനശ്ശാസ്ത്രം ഈ മനുഷ്യദൗർബല്യത്തിന്റെ ഏറ്റവും സാമൂഹികവിരുദ്ധ പ്രകടിത രൂപമാണ്. ആൾക്കൂട്ട സംഘടിതത്വത്തിന് രണ്ട് സവിശേഷതകൾ ഉണ്ട്: ഒന്ന്, അത് ഏറ്റവും സാമൂഹികവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്നു. രണ്ട്, ഇങ്ങനെ വലിയ അളവിൽ സാമൂഹികവിരുദ്ധമായി പ്രവർത്തിക്കുന്നവർതന്നെ ഒറ്റക്കൊറ്റക്കായാൽ അത് പോലും പ്രവർത്തിക്കാൻ ശേഷിയുള്ളവരായിക്കൊള്ളണമെന്നില്ല. എന്നല്ല, അവരിൽ പലരും വളരെ ദുർബലരായിരിക്കും.

ഇസ്‌ലാം ഓരോ അനുയായിയെയും ധാർമികമായും ഭൗതികമായും കരുത്തരായി വളർത്താനാണ് പരിശ്രമിക്കുന്നത്. കരുത്തരായ വ്യക്തികൾ ഉൾച്ചേരുകയും പരസ്പരം ശക്തി വർധിപ്പിക്കുകയും ചെയ്യുന്ന കരുത്തുറ്റ സമൂഹം എന്നതാണ് വ്യക്തി-സമൂഹ ബന്ധത്തെ കുറിച്ച ഇസ്‌ലാമിക കാഴ്ചപ്പാട്. വ്യക്തി ശക്തനാവുക എന്നത് സാമൂഹികതക്കെതിരായ കാഴ്ചപ്പാടല്ല. ഇസ്‌ലാമിന്റെ ഓരോ കോശത്തിലും സാമൂഹികതയുടെ ജനിതകാംശങ്ങൾ അടങ്ങിയിട്ടുണ്ടാവും. ഇബ്റാഹീം നബി ജനതകളുടെ പിതാവാണ്. പക്ഷേ, അദ്ദേഹം അനുയായികൾ വളരെ കുറച്ച് മാത്രമുള്ള പ്രവാചകനായി നടന്നു. അദ്ദേഹത്തെ കുറിച്ച് അല്ലാഹു പറയുന്നത് അദ്ദേഹം ഒരു സമൂഹമായിരുന്നു എന്നാണ് (നഹ്ൽ 120). ഒരു വ്യക്തി തന്നെ സാമൂഹികതയുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു പ്രവർത്തിച്ചു എന്നാണതിന്റെ അർഥം.

കൂടെ ആളുണ്ടായാലും ഇല്ലെങ്കിലും വ്യക്തി തന്നെ ഒരു പ്രസ്ഥാനമായി പ്രവർത്തിക്കേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ ഒന്നാമത്തെ യൂനിറ്റ് ഹൽഖയല്ല, പ്രവർത്തകനാണ്. പ്രവർത്തകൻ ഹൽഖാ ഘടനയുടെ ഒരു ഭാഗം മാത്രമല്ല, സ്വയം തന്നെ ഒരു പ്രസ്ഥാന ഘടനയാണ്. വ്യക്തിപരമായി തന്നെ കരുത്തനായ ഒരു പ്രവർത്തകനു മാത്രമേ വ്യക്തിത

ല ടാർഗറ്റുകൾ ഏറ്റെടുത്ത് നിർവഹിക്കാൻ കഴിയുകയുള്ളൂ. നാം വ്യക്തിപരമായി ദുർബലരായ പ്രവർത്തകരായിരിക്കുമ്പോൾ സംഘടിത പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകയും വ്യക്തിപരമായ ടാർഗറ്റുകളിൽ ശൂന്യരായിരിക്കുകയും ചെയ്യും.




ഇസ്‌ലാമിക പ്രസ്ഥാനത്തെ മറ്റു നിരവധി പ്രസ്ഥാനങ്ങളിൽ നിന്ന് പ്രായോഗികമായി വ്യതിരിക്തമാക്കുന്ന ഘടകമാണ് വ്യക്തിതല പ്രവർത്തനങ്ങൾ. പൊതുജീവിതത്തിൽ മാത്രമല്ല, വ്യക്തിജീവിതത്തിലും പ്രസ്ഥാന പ്രവർത്തകനായിരിക്കാൻ ആവശ്യപ്പെടുന്ന പ്രസ്ഥാനങ്ങളാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ.

സംഘടിതത്വത്തിന്റെ മാത്രം കരുത്തുകൊണ്ടല്ല ചരിത്രത്തിൽ ഇസ്‌ലാം ഐതിഹാസികമായ വിജയങ്ങൾ നേടിയത്. വ്യക്തിപരമായിത്തന്നെ കരുത്തരായവർ സുസംഘടിതർ കൂടിയായപ്പോൾ നേടിയ വിജയങ്ങളാണവ. ആദ്യകാല വിശ്വാസികൾ വ്യക്തിമികവിന്റെ സാന്ദ്രതയിൽ പിന്നീട് ചെറിയ മാറ്റങ്ങളുണ്ടായി എന്ന് അല്ലാഹു പറയുന്നു: ''പ്രവാചകരേ, അവരെ പോരാട്ടത്തിന് പ്രേരിപ്പിക്കുക. അവരിൽ സ്ഥൈര്യമുള്ള ഇരുപത് പേരുണ്ടെങ്കിൽ അവർക്ക് ഇരുനൂറു പേരെ ജയിക്കാനാവും. നൂറു പേരുണ്ടെങ്കിൽ അവിശ്വാസികളായ ആയിരത്തെ ജയിക്കാനാവും. കാരണമവർ കാര്യങ്ങൾ ഗ്രഹിക്കാത്ത ജനതയാണ്. ഇപ്പോൾ അല്ലാഹു നിങ്ങൾക്കത് ലഘൂകരിച്ചിരിക്കുന്നു. നിങ്ങളിൽ ദുർബലതയുണ്ടെന്ന് അവൻ മനസ്സിലാക്കുന്നു. നിങ്ങളിൽ സ്ഥൈര്യമുള്ള നൂറു പേരുണ്ടെങ്കിൽ ഇരുനൂറു പേരെ ജയിക്കാനാവും'' (അൽഅൻഫാൽ 65,66). വ്യക്തിത്വപരമായ കരുത്തുള്ള ധാരാളം വ്യക്തികളുള്ള സമൂഹം എന്നതാണ് പ്രവാചക അനുചര സമൂഹത്തിന്റെ സവിശേഷത.

വ്യക്തിത്വപരമായി തന്നെ കരുത്തുള്ള ധാരാളം വ്യക്തികൾ ഉണ്ടാവുക എന്നത് ആദ്യകാല ഇസ്‌ലാമിക സമൂഹനായകരുടെ ആഗ്രഹം കൂടിയായിരുന്നു. അബൂഉബൈദത്തുൽ ജർറാഹി(റ)ന്റെ മരണവാർത്ത അറിഞ്ഞപ്പോൾ അന്നത്തെ ഖലീഫ ഉമർ (റ) പറയുന്നുണ്ട്; 'അപ്രാപ്യമായ വല്ലതും ഞാൻ ആഗ്രഹിക്കുകയാണെങ്കിൽ അബൂഉബൈദയെപ്പോലെയുള്ള വ്യക്തികൾ നിറഞ്ഞ വീടുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കും.' സമൂഹം എന്താവണമെന്നതിനെ കുറിച്ച് പൊതുവായ സ്വപ്നം മാത്രമല്ല, വ്യക്തികൾ ഏതു തരത്തിലാവണമെന്നും ഇസ്‌ലാമിന്റെ ആദ്യകാല നായകന്മാർ സ്വപ്നം കണ്ടിരുന്നു.

ചരിത്രത്തിൽ ഇസ്‌ലാം പ്രചരിച്ചത് കേവല സംഘടനാ പ്രവർത്തനങ്ങളിലൂടെ അല്ല. ഇസ്‌ലാംതൽപരരായ എല്ലാ വ്യക്തികളും അവരുടെ നിത്യജീവിതത്തിന്റെയും നിത്യവൃത്തിയുടെയും ഭാഗമായി ഇസ്‌ലാമിക പ്രബോധനം നിർവഹിച്ചു. അബുൽ അഅ്‌ലാ മൗദൂദി ഇക്കാര്യം ചൂണ്ടിക്കാട്ടുന്നുണ്ട്: ''ക്രിസ്ത്യാനികളിൽ കാണപ്പെടുന്നതു പോലെ മതപ്രബോധനാർഥം പ്രത്യേക മിഷനറി സൊസൈറ്റികളുടെ സംവിധാനം മുസ്‌ലിംകളിൽ ഇല്ലെന്ന് നാം പലതവണ പറഞ്ഞുകഴിഞ്ഞു. ദീനീസേവനം അനുയായികളിൽ ഒരു വിഭാഗത്തിന്റെ മാത്രം ചുമതലയായി ഇസ്‌ലാം കാണുന്നില്ല എന്നതാണ് അതിന്റെ മുഖ്യ കാരണം. സന്ദർഭാനുസൃതം മുഴുവൻ കഴിവുകളും ദീനീസേവനത്തിന് വ്യയം ചെയ്യണമെന്ന് ഇസ്‌ലാം അതിന്റെ ഓരോ അനുയായികളോടും ആവശ്യപ്പെടുന്നു. ക്രിസ്ത്യാനികളിൽ ഒരു സവിശേഷ വിഭാഗമൊഴിച്ച് മറ്റാരും പങ്കുവഹിക്കുകയോ, മതകാര്യങ്ങളിൽ താൽപര്യം കാണിക്കുകയോ ചെയ്യുന്നില്ല. ഇപ്രകാരം മുസ്‌ലിംകളിലും ഒരു പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നെങ്കിൽ ദീനീപ്രബോധനം ഒരു വിഭാഗത്തിനു മാത്രം താൽപര്യമുള്ള കാര്യമായി കലാശിക്കുകയും മുസ്‌ലിം ജനസമൂഹം പൊതുവിൽ ദീനീപ്രചാരണത്തിൽ വിമുഖരായിത്തീരുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമാകുമായിരുന്നു.'' (ഇസ്‌ലാം വാളിന്റെ തണലിലോ?)

ഇതിനർഥം ഈ പ്രബോധകരുടെ പിന്നിൽ സംഘടനകൾ ഉണ്ടായിരുന്നില്ല എന്നല്ല. ആധുനിക പ്രസ്ഥാനങ്ങളുടെ പൂർവരൂപങ്ങളായ വ്യത്യസ്ത ത്വരീഖത്തുകളുടെ ഭാഗമായിരുന്നു മിക്കവാറും ഈ പ്രബോധകർ. പക്ഷേ സംഘടനയും നേതൃത്വവും മാത്രമല്ല സംഘാംഗവും സ്വന്തം നിലക്ക് പ്രബോധകനായിരുന്നു എന്ന വസ്തുതയാണ് സയ്യിദ് മൗദൂദി ചൂണ്ടിക്കാട്ടുന്നത്.

കോവിഡ് 19-നെ തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ സംഘടിത പ്രവർത്തനങ്ങൾ നിലക്കപ്പെട്ടു. കുറച്ചു സമയത്തിനുള്ളിൽ ഓൺലൈൻ വഴി അത്തരം പ്രവർത്തനങ്ങൾ പരിമിതികളോടെ പുനരാരംഭിച്ചു എന്നത് ശരിയാണ്. പക്ഷേ ഏതു ലോക്ക് ഡൗണിലും ഒരു പ്രസ്ഥാന പ്രവർത്തകൻ പ്രസ്ഥാന പ്രവർത്തനങ്ങൾ ഇല്ലാത്തവനായി മാറുന്നില്ല. ഏത് അസ്വാതന്ത്ര്യത്തിലും സാമൂഹികമായല്ലെങ്കിൽ, വ്യക്തിഗതമായി അവർ പ്രസ്ഥാന പ്രവർത്തനം നിർവഹിച്ചുകൊണ്ടിരിക്കും. വ്യക്തി തല പ്രവർത്തനത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തിയ പ്രാസ്ഥാനിക സന്ദർഭം കൂടിയായിരുന്നു ലോക്ക് ഡൗൺ കാലം. ●


## ആവശ്യമുണ്ട്

മലപ്പുറം ജില്ലയിലെ പ്രശസ്തമായ ഇംഗ്ലീഷ് മീഡിയം സെക്കന്ററി സ്കൂളിലേക്ക് വൈസ് പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന മോറൽ സ്റ്റഡീസ് അധ്യാപകനെ ആവശ്യമുണ്ട്.
ഇംഗ്ലീഷ്, അറബിക് ഭാഷാ പരിജ്ഞാനമുള്ള പരിചയ സമ്പന്നരായ പ്രസ്ഥാന പ്രവർത്തകർക്ക് മുൻഗണന.

**Email: markazkdtyhr@gmail.com**
**Tel: 7034626227**





# നാം അനുഭവിക്കാത്ത ജീവിതങ്ങൾ നമുക്ക് കെട്ടുകഥകൾ മാത്രമാണ്

**അനുഭവം / മുഹമ്മദ് അബ്ദുൽ ബാസിത്വ്**

ഡൽഹി വംശഹത്യക്കെതിരെ പ്രതിഷേധിച്ച് ആലുവയിൽ ട്രെയിൻ തടഞ്ഞതിന് അറസ്റ്റു ചെയ്യപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിഞ്ഞതിന്റെ ചില അനുഭവങ്ങൾ പങ്കു വെക്കുകയാണ്. എഴുതാൻ അൽപ്പം വൈകിയത് നന്നായെന്ന് ഇപ്പോൾ തോന്നുന്നു. മൊത്തം ജനങ്ങളും അടച്ചുപൂട്ടപ്പെട്ട അവസ്ഥയിൽ കഴിയുമ്പോൾ അവർക്ക് ജയിൽവാസത്തിന്റെ ചിത്രങ്ങൾ സ്വന്തം അനുഭവങ്ങളുമായി പെട്ടെന്ന് സമീകരിക്കാൻ കഴിയും. കേരളത്തിൽ ആദ്യമായിട്ടാവും ട്രെയിൻ തടഞ്ഞതിന്റെ പേരിൽ ജാമ്യം നിഷേധിക്കുന്നത്, അതും 37 പേർക്ക്. ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ധാർഷ്ട്യമാണ് ഇത്തരമൊരു നടപടിയിലേക്ക് നയിച്ചത്. പതിവ് അസഭ്യ വാക്കുകൾ ഉപയോഗിച്ച ഉന്നത ഉദ്യോഗസ്ഥന്റെ മുഖത്തേക്ക് വിരൽ ചൂണ്ടി താക്കീത് നൽകിയ ചടുല ചെറുപ്പം, ഒരുപാട് പ്രതീക്ഷകൾ നൽകുന്നു. അല്ലാഹു ഉദ്ദേശിച്ച പരീക്ഷണങ്ങൾ നമുക്ക് തടുക്കാൻ കഴിയില്ലല്ലോ.

പോലീസ് സ്റ്റേഷൻ, കോടതി, കേസ്, ജയിൽ എന്നിവ നിത്യജീവിത വ്യവഹാരങ്ങളിൽ പൊതുവെ കടന്നുവരാത്തവയാണ്; അല്ലെങ്കിൽ കടന്നുവരാൻ നാം ഇഷ്ടപ്പെടാത്തവ. ലോകത്തെ ഏത് സ്വാതന്ത്ര്യസമര, വിമോചന, നവോത്ഥാന ചരിത്രം എടുത്തു പരിശോധിച്ചാലും തടവറയും തൂക്കുകയറും നാടുകടത്തലുമൊന്നുമില്ലാതെ അവ മുന്നേറിയിട്ടില്ലെന്ന് കാണാനാവും. ജയിൽവാസം എന്നത് സത്യ സമര മാർഗത്തിൽ അനിവാര്യമായും കടന്നുവരുന്ന ഒന്നാണ്. പ്രവാചകന്മാർ, ഇമാമുമാർ, നവോത്ഥാന നായകന്മാർ, അധിനിവേശവിരുദ്ധ പോരാളികൾ, പണ്ഡിതന്മാർ, സ്വാതന്ത്ര്യസമര സേനാനികൾ, സാമൂഹിക പരിഷ്കർത്താക്കൾ തുടങ്ങി ഭരണകൂടത്തിന് അനിഷ്ടമായത് വിളിച്ചു പറഞ്ഞവർക്കെല്ലാം തടവറവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

ജയിലറകളിൽ ചിലപ്പോൾ കടുത്ത ശാരീരിക പീഡനങ്ങൾ അനുഭവിക്കേണ്ടിവരും. ചിലപ്പോൾ മാനസിക പീഡനമായിരിക്കും. രണ്ടാമത്തെ ഇനം പീഡനം നിസ്സാരമായിരിക്കുമെന്നു കരുതരുത്. മനസ്സിനേൽക്കുന്ന ക്ഷതം ഏത് മരുന്ന് കൊണ്ട് മാറും! നമ്മുടേതായ എല്ലാം വാങ്ങി വെക്കുന്നു, അർധനഗ്നരാക്കി പരിശോധിക്കുന്നു. നിങ്ങളുടെ


● താഹിര്‍ മദനി

ജയിലില്‍ ആറ് ബ്ലോക്കുകളിലായാണ് ഞങ്ങളെ പാര്‍പ്പിച്ചത്. ഓരോ ബ്ലോക്കും പല കാലങ്ങളില്‍ നിര്‍മിച്ചതു കൊണ്ടാവണം, പല വലിപ്പത്തിലുള്ള മുറികളാണ്. എല്ലാവര്‍ക്കും പായ, ജിംകാള്‍ (കട്ടിയുള്ള പരുക്കന്‍ പുതപ്പ്), രണ്ട് പ്ലേറ്റ്, ഒരു ഗ്ലാസ്, പിന്നെ അവരവരുടെ വസ്ത്രങ്ങള്‍ (റിമാന്‍ഡില്‍ സ്വന്തം വസ്ത്രം ഉപയോഗിക്കാം). ആരും ജയില്‍ വസ്ത്രം സ്ഥിരമായി ധരിക്കുന്നത് കണ്ടില്ല. ചില സെല്ലുകളില്‍ ടി.വിയും (രാത്രി മാത്രം) ഫാനും ഉണ്ട്. ചിലതില്‍ ഫാന്‍ പോലും ഇല്ല. എല്ലാ സെല്ലിലും പൊതുവായുള്ളത് അര മതില്‍ മറയുള്ള കക്കൂസും, കൊതുകും പിന്നെ കഞ്ചാവും. മറ്റൊരു ലഹരി കേസില്‍ കോടതിയില്‍ ഹാജരാക്കാന്‍ പോയപ്പോള്‍ കഞ്ചാവ് തിരുകാനുള്ള ബീഡി വാങ്ങാന്‍ അനുവദിക്കാത്തതിന് കൂടെ വന്ന പോലീസുകാരന്റെ തല തല്ലിപ്പൊളിച്ച ഒരാളെ അവിടെ കണ്ടു. സെന്‍ട്രല്‍ പ്രിസണ്‍ ആന്റ് കറക്ഷന്‍ (correction) ഹോം എന്നത് corruption എന്ന് മാറ്റി വായിക്കേണ്ടി വരും. ഇത്തരത്തില്‍ ലഹരിക്ക് അടിപ്പെട്ട ആളുകള്‍ അക്രമവാസനയില്ലാത്ത പുതിയ മനുഷ്യരായി പുറത്തിറങ്ങുമെന്ന് എങ്ങനെ പറയാന്‍ കഴിയും?

വൈകീട്ട് 4:30-ന് രാത്രി ഭക്ഷണം എടുത്തുവെക്കണം, കാരണം 5:30-ന് വിസില്‍ കേട്ടാല്‍ തലയെണ്ണി സെല്‍ അടക്കും. നാം നിത്യജീവിതത്തില്‍ പാടത്തോ മൈതാനത്തോ അങ്ങാടിയിലോ കറങ്ങി നടക്കുന്ന സമയം, ജയിലില്‍ കന്നുകാലികളെ പോലെ ബന്ധിക്കപ്പെടുന്നു. മനസ്സ് മടുപ്പിക്കുന്ന യാന്ത്രിക ജീവിതം. രാത്രി മുഴുവന്‍ അണയാതെ ജ്വലിച്ചുനില്‍ക്കുന്ന ട്യൂബ് ലൈറ്റുകള്‍. ഇടതടവില്ലാതെ മൂളുന്ന കൊതുകുകള്‍. എങ്ങനെയോ നേരം വെളുപ്പിച്ചു. ജയിലിലെ ആദ്യ പ്രഭാതം. തഹജ്ജുദ് നമസ്കാരത്തില്‍ മനസ്സിന് ശക്തിയേകാന്‍ എല്ലാവരും അല്ലാഹുവോട് പ്രാര്‍ഥിച്ചു. എവിടെനിന്നോ കേട്ട സ്വുബ്ഹ് ബാങ്ക് ഇന്നും മനസ്സിലുണ്ട്. 6 മണിക്ക് വിസില്‍ കേട്ടാല്‍ തലയെണ്ണലിന് ഇരുമ്പ് ഗേറ്റിന്റെ മുമ്പില്‍ നിരയായി ഇരിക്കണം. അര മണിക്കൂര്‍ കഴിഞ്ഞ് ഗേറ്റ് തുറക്കും. പ്രഭാതഭക്ഷണത്തിന് വേണ്ടുവോളം ഉപ്പുമാവും ഒരു പഴവും. ടാങ്കില്‍നിന്ന് വെള്ളം കോരിയുള്ള അലക്കും കുളിയും. ഓരോ ബ്ലോക്കിലും മേസ്തിരി (സൂപ്പര്‍വൈസര്‍) മാരെ തടവുകാരില്‍ നിന്ന് തന്നെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്തെങ്കിലും ആവശ്യം ഉണ്ടെങ്കില്‍ അവരെ അറിയിക്കണം, ബ്ലോക്കിന്റെ പുറത്ത് ഇറങ്ങാന്‍ ആണെങ്കില്‍ പോലും.

ആദ്യദിനം ഒരു ശനിയാഴ്ചയാണ്. സ്വന്തമായി ഉണ്ടാക്കിയെടുത്ത ജിം ഉപകരണങ്ങള്‍ കൊണ്ട് കാര്യമായി വ്യായാമം

ഭാവി അവസാനിച്ചു, നിങ്ങളെ സംഘടന ഇനി തിരിഞ്ഞു നോക്കില്ല, നിങ്ങള്‍ കളിച്ചത് കേന്ദ്രത്തോടായതിനാല്‍ കേന്ദ്രം നിങ്ങളെ പാഠം പഠിപ്പിക്കും, ഇനി അടുത്തൊന്നും പുറത്തിറങ്ങാന്‍ കഴിയില്ല, ഇവര്‍ക്കൊക്കെ എന്തിന്റെ കേടാണ്, ഇനി ഗള്‍ഫില്‍ പോകാന്‍ കഴിയുമോ.... ഞങ്ങള്‍ കേള്‍ക്കാനായി ഉദ്യോഗസ്ഥരുടെ അടക്കം പറച്ചിലുകള്‍... അങ്ങനെ തുടങ്ങുന്നു മാനസിക പീഡകള്‍. ഞങ്ങളുടെ കൂട്ടത്തിലെ 20 വയസ്സിനു താഴെയുള്ള 13 പേരെ ബോയ്സ് ഹോമിലേക്കാണ് കൊണ്ടുപോയത്. അവരെ അവിടെ മണിക്കൂറുകളോളം നിര്‍ത്തി അസഭ്യവര്‍ഷം നടത്തി. ഇരിക്കാന്‍ പോലും അനുവദിച്ചില്ല. പ്രായപൂര്‍ത്തി ആവുന്നതിനു മുമ്പേ മയക്കുമരുന്ന് കേസില്‍ അറസ്റ്റിലായ കുട്ടികളാണ് അവിടെയധികവും. ഇത്തരം കേന്ദ്രങ്ങള്‍ ഈ തലമുറക്ക് എന്ത്

**ഒരു ദിവസത്തെ അനുഭവം മാസങ്ങളുടേതായി തോന്നി. നാം വാഴ്ത്തുന്ന ധീരര്‍ അനുഭവിച്ച ത്യാഗങ്ങളുടെ ഒരു അംശം അനുഭവിക്കാന്‍ ഭാഗ്യം നല്‍കിയ അല്ലാഹുവിനെ സ്തുതിക്കുന്നു. വരും കാലങ്ങളില്‍ ഈ കിരാത ഭരണങ്ങള്‍ക്കെതിരെ ശബ്ദമുയര്‍ത്തുമ്പോള്‍ തടവറകള്‍ നമുക്ക് അന്യമല്ല എന്നത് ഓര്‍മയില്‍ ഉണ്ടാകണം.**

ദുര്‍ഗുണപരിഹാരമാണ് നല്‍കുന്നത്! സാഹചര്യമോ അറിവില്ലായ്മയോ മൂലം ഇവിടങ്ങളില്‍ എത്തിപ്പെടുന്ന കുട്ടികളില്‍ ഇത്തരം 'ഉദ്യോഗസ്ഥ' ശിക്ഷണങ്ങള്‍ ഉണ്ടാക്കുന്ന മുറിവ് ആഴമേറിയതാണ്.

ചെയ്യുന്നവര്‍. ശനിയാഴ്ച ഉച്ചഭക്ഷണത്തിന് മട്ടന്‍ ആണെന്ന് കേട്ടു, അതാണ് അവരുടെ ഉന്മേഷത്തിന്റെ കാരണവും. പലരുടെയും സംസാരത്തില്‍ മട്ടന്‍ കടന്നു വന്നു. അവര്‍ പ്രതീക്ഷിച്ചിരിക്കുന്ന ആഴ്ചയിലെ ഒരു ദിവസം ശനിയാഴ്ച




**കരിനിയമങ്ങൾ ചാർത്തി ജയിലിലിലടക്കപ്പെടുന്നവർ സ്വന്തം ആളുകളിൽ നിന്ന് പോലും ഭീകരമായ ഒറ്റപ്പെടുത്തൽ അനുഭവിക്കുന്നു. ജോലിക്ക്, വിവാഹ ആലോചനകൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ, തടസ്സങ്ങൾ. ഇതുകൊണ്ടൊക്കെ തന്നെ, ശരീരികമായല്ല, മാനസികമായാണ് ജയിലറകൾ നമ്മുടെ ജീവിതത്തെ വല്ലാതെ സ്വാധീനിക്കുക. ഈ ഭയമാണ് പലരെയും, ഉന്നതരെ പോലും, ഭരണകൂടവുമായി സന്ധി ചെയ്യാൻ പ്രേരിപ്പിക്കുന്നത്.**

ആയിരിക്കും. ബാക്കി ദിവസങ്ങളെല്ലാം അവർക്ക് ഒന്നുപോലെ. ഉച്ചക്ക് വീട്ടിൽ ഒരു വിശിഷ്ട അതിഥി വരാനിരിക്കുന്ന പോലൊരു പ്രതീതി. ഞങ്ങളും ആ അതിഥിയെ കാത്തിരുന്നു. മട്ടൻ ബിരിയാണി പ്രതീക്ഷിച്ച ഞങ്ങൾക്ക് ലഭിച്ചത് സാധാരണ ലഭിക്കുന്ന ചോറ് തന്നെ. മട്ടൻ കറി കിട്ടാൻ പാത്രങ്ങൾ സെൽ തിരിച്ച് നിരത്തി വെക്കണം. ഓരോ സെല്ലിലെയും പാത്രങ്ങൾ വെച്ച് ആളെണ്ണം കൃത്യമാണോ എന്ന് എണ്ണി നോക്കും. ശേഷം കൃത്യം ഒരു തവി മട്ടൻ കറി. പിന്നെ ആഴ്ചയിൽ 2 വട്ടം മാത്രം അനുവദിക്കപ്പെടുന്ന ഫോൺ കാളും, ഉറ്റവരുടെ സന്ദർശനവും നൽകുന്ന സന്തോഷം ചെറുതല്ല. ഞങ്ങളുടെ റിമാൻഡ് വാർത്ത അറിഞ്ഞപ്പോൾ, പാനായിക്കുളം കേസിൽ നിരപരാധി എന്നു കണ്ട് വിട്ടയക്കപ്പെട്ട റാസിഖ് റഹീം പ്രാർഥിച്ചത്, 'മനോബലം തളരാതെ കാത്തോളണേ നാഥാ' എന്നായിരുന്നു. കരിനിയമങ്ങൾ ചാർത്തി ജയിലിലിലടക്കപ്പെടുന്നവർ സ്വന്തം ആളുകളിൽ നിന്ന് പോലും ഭീകരമായ ഒറ്റപ്പെടുത്തൽ അനുഭവിക്കുന്നു. ജോലിക്ക്, വിവാഹ ആലോചനകൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ, തടസ്സങ്ങൾ. ഇതുകൊണ്ടൊക്കെ തന്നെ, ശരീരികമായല്ല, മാനസികമായാണ് ജയിലറകൾ നമ്മുടെ ജീവിതത്തെ വല്ലാതെ സ്വാധീനിക്കുക. ഈ ഭയമാണ് പലരെയും, ഉന്നതരെ പോലും, ഭരണകൂടവുമായി സന്ധി ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

കുറ്റവാളികൾക്ക് തങ്ങൾ ചെയ്ത തെറ്റിനുള്ള ശിക്ഷയാണ് ജയിൽവാസം. ചെയ്തുപോയ തെറ്റുകളിൽ പശ്ചാത്തപിക്കാനും തിരുത്താനും അധികപേരും ശ്രമിക്കുന്നു. ആദർശധീരർക്ക് ജയിലറ ശിക്ഷണമാണ്. അവരിൽ നിരപരാധികളും പോരാളികളുമുണ്ടാവും. ചെയ്യാത്ത കുറ്റത്തിന് ജയിലിൽ അടക്കപ്പെട്ടവരെയാണ് 'നിരപരാധികൾ' എന്ന് വിളിച്ചത്. ഭരണകൂടം ചുമത്തിയ കുറ്റങ്ങൾ ഏറ്റുപറഞ്ഞാൽ ഒരുപക്ഷേ അവർക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷാ കാലാവധി, ഇതുവരെ അവർ അനുഭവിച്ച വിചാരണാ തടവിനേക്കാൾ കുറവായിരിക്കാം. ജയിൽ മോചനം ലഭിക്കുകയും ചെയ്തേക്കാം. എന്നാൽ ചെയ്യാത്ത കുറ്റം ഏറ്റുപറയാൻ കൂട്ടാക്കാതെ അവർ നിയമയുദ്ധം നടത്തുന്നു,

**ഫാഷിസത്തിനെതിരെ ശക്തമായ പോരാട്ടം കാഴ്ച വെച്ച പൂർവികരെ പോലെ സമരമുഖത്ത് ഉറച്ചുനിൽക്കും എന്ന് ആവർത്തിച്ചു പറയുന്നവരാണ് നാം. അത്തരമൊരു അവസ്ഥ സംജാതമായാൽ മൺമറഞ്ഞ സമര ചരിത്രങ്ങൾ നമ്മിലൂടെ പുനർജനിക്കും എന്ന് പറയുന്ന നാം മനസ്സിലാക്കേണ്ടത്, ആ അവസ്ഥ സംജാതമായിരിക്കുന്നു എന്നതാണ്.**

വിചാരണാ തടവിൽ തുടരുന്നു, സകരിയ്യയെ പോലെ. ചിലർ നിരപരാധിത്വം തെളിയിച്ചു മോചിതരായ ശേഷം മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ സജീവമാകുന്നു; ഈയിടെ മരണപ്പെട്ട പ്രഫ. അബ്ദുർറഹ്മാൻ ഗീലാനിയെ പോലെ. എടുത്തുപറയേണ്ടത്, അദ്ദേഹത്തിന്റെ രണ്ട് മക്കളും ഇന്ന് നിയമവിദ്യാർഥികളാണ് എന്നതാണ്. പോരാളികൾ എന്ന് വിശേഷിപ്പിച്ചത്, ഭരണകൂട-ഫാഷിസ്റ്റ് കൂട്ടുകെട്ടിന്റെ ഹിംസകളെ മൂർച്ചയുള്ള വാക്കുകൾ കൊണ്ട് വിമർശിച്ചതിന്, സത്യം ഉറക്കെ വിളിച്ചുപറഞ്ഞതിന് ജയിൽവാസം അനുഭവിക്കുന്നവരെയാണ്.

ഇതെഴുതുമ്പോൾ ശർജീൽ ഇമാം, ഗർഭിണിയായ സഫൂറ സർഗാർ, ത്വാഹിർ മദനി, താഹിർ ഹുസൈൻ, ഖാലിദ് സൈഫി, കഫീൽ ഖാൻ, മീരാൻ ഹൈദർ, സഞ്ജീവ് ഭട്ട് എന്നിവരെ കള്ളക്കേസുകളിൽ കുടുക്കി ജയിലിൽ അടച്ചിരിക്കുന്നു.

ഒന്നാലോചിച്ചുനോക്കൂ, ആരുമറിയാത്ത കഫീൽ ഖാൻ എന്ന ഡോക്ടർ യോഗി സർക്കാരിന്റെ വീഴ്ചകളെ ചൂണ്ടിക്കാട്ടിയതിനാണ് ജയിലിൽ അടക്കപ്പെട്ടത്. ജയിൽമോചിതനായ അദ്ദേഹം പിൻവലിയുകയല്ല, മറിച്ച് രാജ്യമെങ്ങുമുള്ള ഫാഷിസ്റ്റ് വിരുദ്ധ പോരാളികൾക്ക് ആവേശമാവുകയാണ് ചെയ്തത്. ഇത്തരമൊരു മാനസികാവസ്ഥയിൽ തന്നെയായിരുന്ന റിമാൻഡ് ചെയ്യപ്പെട്ട ഞങ്ങളെല്ലാവരും. ജാമ്യം വൈകുമെന്ന് അറിഞ്ഞപ്പോൾ ആവേശം ഇരട്ടിക്കുകയാണ് ചെയ്തത്. ഓരോ സെല്ലിലും ഉസ്റ കൂടാനും പഠനം നടത്താനുമുള്ള ആലോചനകൾ തുടങ്ങി. അതിനുവേണ്ട പുസ്തകങ്ങൾ എത്തിക്കാൻ വിളിച്ചറിയിച്ചു. അസ്റിന് ജയിലിലെ പള്ളിയിൽ ഒത്തുകൂടാൻ തീരുമാനിച്ചു. വുദൂ എടുത്ത് പള്ളിയിൽ പ്രവേശിച്ചപ്പോൾ സ്വന്തം ഭവനത്തിൽ പ്രവേശിച്ച അനുഭൂതി. ജീവിതത്തിൽ അന്നേവരെ തോന്നാത്ത ഒന്ന്. പള്ളിയിലെ ഷെൽഫ് നിറയെ പുസ്തകങ്ങൾ, തഫ്സീറുകൾ, സാഹിത്യങ്ങൾ. നമസ്കാര ശേഷം ആവശ്യമുള്ള പുസ്തകങ്ങൾ എടുത്ത്, സഹോദരങ്ങൾക്ക് സലാം പറഞ്ഞ് മടങ്ങുമ്പോഴാണ് അപ്രതീക്ഷിതമായി ജാമ്യവാർത്ത എത്തുന്നത്. രാത്രിയോടെ ജയിൽമോചിതരായി വീടുകളിൽ തിരികെയെത്തി.

ഒരു ദിവസത്തെ അനുഭവം മാസങ്ങളുടേതായി തോന്നി. നാം വാഴ്ത്തുന്ന ധീരർ അനുഭവിച്ച ത്യാഗങ്ങളുടെ ഒരു അംശം അനുഭവിക്കാൻ ഭാഗ്യം നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു. വരും കാലങ്ങളിൽ ഈ കിരാത ഭരണങ്ങൾക്കെതിരെ ശബ്ദമുയർത്തുമ്പോൾ തടവറകൾ നമുക്ക് അന്യമല്ല എന്നത് ഓർമയിൽ ഉണ്ടാകണം. അതിന് തയാറാകണം. പിൻവലിയുകയോ, കള്ളസാക്ഷ്യം നൽകുകയോ അല്ല വേണ്ടത്. ജയിലറ കണ്ട് ഭയന്ന്, മർദകർ നൽകിയ തിളങ്ങുന്ന പട്ടു പൈജാമയിട്ട് സൈനബുൽ ഗസാലിക്കെതിരെ മൊഴി നൽകിയ അലി അശ്മാവിയല്ല നമ്മുടെ മാതൃക, കുരിശിലേറ്റി പ്രഹരിച്ചിട്ടും പതറാതെ നിന്ന ഫാറൂഖ് മൻശവിയാണ്.

ഫാഷിസത്തിനെതിരെ ശക്തമായ പോരാട്ടം കാഴ്ച വെച്ച പൂർവികരെ പോലെ സമരമുഖത്ത് ഉറച്ചുനിൽക്കും എന്ന് ആവർത്തിച്ചു പറയുന്നവരാണ് നാം. അത്തരമൊരു അവസ്ഥ സംജാതമായാൽ മൺമറഞ്ഞ സമര ചരിത്രങ്ങൾ നമ്മിലൂടെ പുനർജനിക്കും എന്ന് പറയുന്ന നാം മനസ്സിലാക്കേണ്ടത്, ആ അവസ്ഥ സംജാതമായിരിക്കുന്നു എന്നതാണ്. ആ ചരിത്രങ്ങൾ ആവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ കോവിഡ് ഭീതിയിലും ഭരണകൂടം ജയിലുകൾ നിറച്ചുകൊണ്ടിരിക്കുന്നു. തേച്ചു മിനുക്കിയ വസ്ത്രം അണിഞ്ഞു വന്ന് വീട്ടിലേക്ക് തിരികെ പോകുന്ന 'വൈറ്റ് കോളർ' സമരമുറകൾ മറന്നേക്കുക. വീട്ടിൽ നിന്നിറങ്ങുമ്പോൾ തന്നെ തവക്കുലിന്റെ മന്ത്രം മനസ്സറിഞ്ഞ് ഉരുവിടുക. യുദ്ധത്തിന്റെ അധ്യായങ്ങൾക്കായി കാത്തിരുന്ന്, അത് ഇറങ്ങിയപ്പോൾ മരണവെപ്രാളത്തിലായി പിൻവലിഞ്ഞ കപടന്മാരുടെ ചരിത്രം നമുക്ക് പാഠമാകേണ്ടതുണ്ട്.

'നിങ്ങൾ ചെയ്യാത്തത് നിങ്ങൾ എന്തിനു പറയുന്നു' എന്ന വിശുദ്ധ ഖുർആന്റെ ചോദ്യം എപ്പോഴും മനസ്സിലുണ്ടാവണം. നാം തടവറകളെ ഭയക്കുകയും വെറുക്കുകയും ചെയ്യുന്നുവെങ്കിൽ, മഹാരഥന്മാരുടെ കഥചൊല്ലി നാം വീമ്പുപറയരുത്. പോരാളികളെ നിങ്ങൾക്ക് കാണാനാവുക തെരുവുകളിലോ തടവറകളിലോ അല്ലെങ്കിൽ മണ്ണിനടിയിലോ ആണെന്ന് ഇബ്നുതൈമിയ്യ (റ) പറഞ്ഞത് എത്രയോ സത്യം. എന്റെ കൂട്ടരേ, വിപ്ലവങ്ങൾക്കെന്നും കസ്തൂരിയുടെ ഗന്ധമായിരുന്നു. ●


**മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്**

**പ്രബോധനം**

ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് - 12
Ph: 0495 2730073, 2730744

**വരിസംഖ്യ**

| | |
|---|---|
| 2 വർഷം | 1200 |
| 1 വർഷം | 600 |
| 6 മാസം | 300 |

Beneficiary:
Prabodhanam Weekly
Federal Bank - Nadakavu Branch
Current A/C No.
13000200015019
IFSC Code: FDRL0001300

ബാങ്കിൽ പണമടക്കുന്നവർ ഏജൻസിയാണെങ്കിൽ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്.

ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1067**

# സൂറ – 34 / സബഅ്

**സൂക്തം: 48 – 54**

ദൈവദൂതന്മാരെ നിഷേധിക്കുന്നവർ യഥാർഥത്തിൽ നിഷേധിക്കുന്നത് അതിഭൗതിക യാഥാർഥ്യങ്ങളെ തന്നെയാണ്. എന്നിട്ട് സ്വന്തം അഭിരുചിക്കൊത്ത അഭിപ്രായങ്ങളും നിഗമനങ്ങളും പ്രചരിപ്പിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അതൊക്കെ അവരുടെ ആശകളും അഭിനിവേശങ്ങളും മാത്രമായിരുന്നു.

قُلْ إِنَّ رَبِّي يَقْذِفُ بِالْحَقِّ عَلَّامُ الْغُيُوبِ ﴿٤٨﴾

48. പറയുക: എന്റെ വിധാതാവ് സത്യം പ്രക്ഷേപണം ചെയ്യുകയാകുന്നു. അഗോചര യാഥാർഥ്യങ്ങളൊക്കെയും അവൻ നന്നായി അറിയുന്നു.

**48**

قُلْ = നീ പറയുക إِنَّ رَبِّي = എന്റെ വിധാതാവ് يَقْذِفُ = എറിയുന്നു, വിക്ഷേപണം ചെയ്യുകയാകുന്നു

بِالْحَقِّ = സത്യം കൊണ്ട് عَلَّامُ = (അവൻ) നന്നായി അറിയു(ന്നു)ന്നവനാകുന്നു

الْغُيُوبِ = അഗോചര(യാഥാർഥ്യങ്ങൾ (ഒക്കെയും)

قذف-ൽനിന്നുള്ള ഭാവികാല ക്രിയയാണ് يَقْذِفُ. എറിയുക, വിക്ഷേപിക്കുക എന്നാണ് قذف-ന്റെ ഭാഷാർഥം. അനാശാസ്യ നടപടി ആരോപിക്കുന്നതിനും قذف എന്നാണ് പറയുക. قذف القذيفة മിസൈൽ വിക്ഷേപണമാണ്. സംപ്രേഷണം ചെയ്യുന്നു, വിക്ഷേപിക്കുന്നു എന്നാണ് ഇവിടെ ഉദ്ദേശ്യം. يَقْذِفُ بِالْحَقِّ എന്നതിനു ശേഷം അനുക്തമായ ഒരു വാക്കുണ്ട്. 21:18-ൽ അത് വ്യക്തമാക്കിയിരിക്കുന്നു. بَلْ نَقْذِفُ بِالْحَقِّ عَلَى الْبَاطِلِ فَيَدْمَغُهُ (അല്ല, നാം സത്യത്തെ മിഥ്യക്കു നേരെ വിക്ഷേപിക്കുകയാകുന്നു. അപ്പോൾ സത്യം മിഥ്യയുടെ ശിരസ്സെടുക്കുന്നു). عَلَّامُ الْغُيُوبِ തൊട്ട് മുമ്പ് പരാമർശിച്ച رَبّ-ന്റെ വിശേഷണമാണെങ്കിലും അതൊരു സ്വതന്ത്ര വാക്യമായിട്ടാണവതരിപ്പിച്ചിരിക്കുന്നതെന്ന് عَلَّامُ-ന്റെ അന്ത്യം ഉകാരം (رفع) സൂചിപ്പിക്കുന്നു. هو എന്ന അനുക്തമായ ആഖ്യയുടെ ആഖ്യാതമാണത്. വചനസാരമിതാണ്: എന്റെ നിയോഗത്തിലൂടെ, ഖുർആൻ സൂക്തങ്ങളുടെ അവതരണത്തിലൂടെ നിങ്ങളിൽ നടമാടുന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നേർക്ക് യാഥാർഥ്യത്തെ അതിശക്തമായി തൊടുത്തുവിട്ടിരിക്കുകയാണവൻ. അത് വന്നുകൊള്ളുമ്പോൾ നിലവിലുള്ള അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ശിരസ്സുകൾ തകർന്നുപോകുന്നുവെന്ന് ബുദ്ധിപരമായ സത്യസന്ധതയോടെ ചിന്തിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. ഈ ബോധ്യത്തെ തമസ്കരിച്ചുകൊണ്ട് എന്നെ തോൽപിക്കാൻ ശ്രമിക്കുകയാണ് നിങ്ങൾ. എന്നാൽ എന്റെ നാഥൻ ഗോചരവും അഗോചരവുമായ എല്ലാ കാര്യങ്ങളും ഏറ്റം നന്നായി അറിയുന്നുണ്ടെന്ന് ഓർത്തുകൊള്ളുക. ●

قُلْ جَاءَ الْحَقُّ وَمَا يُبْدِئُ الْبَاطِلُ وَمَا يُعِيدُ ﴿٤٩﴾

49. പ്രവാചകൻ വിളംബരം ചെയ്യുക. സത്യം സമാഗതമായിരിക്കുന്നു. ഇനി ഇവിടെ അസത്യത്തിനു നിലനിൽപില്ല.

**49**

قُلْ = (പ്രവാചകൻ വിളംബരം ചെയ്യുക) പറയുക  جَاءَ الْحَقُّ = സത്യം സമാഗതമായിരിക്കുന്നു
وَمَا يُبْدِئُ الْبَاطِلُ وَمَا يُعِيدُ = (ഇനി) അസത്യം തുടങ്ങുകയുമില്ല, മടങ്ങുകയുമില്ല(ത്തിന് ഇവിടെ നിലനിൽപില്ല)

അല്ലാഹു വിക്ഷേപിച്ച സത്യത്തിൽ അഥവാ ഏകദൈവത്തിലും പരലോകത്തിലുമുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ ദീനുൽ ഇസ്‌ലാം ഈ ദേശത്ത് സമാഗതമായിക്കഴിഞ്ഞിരിക്കുന്നു. ശിർക്കിനും വിഗ്രഹാരാധനക്കും അതുമായി ബന്ധപ്പെട്ട അനാചാരങ്ങൾക്കും ഇനി ഇവിടെ നിനിൽപില്ല. താമസിയാതെ അത് തിരിച്ചുവരാനാവാത്തവണ്ണം ഇവിടെ നിന്ന് തിരോധാനം ചെയ്യും. مَا يُبْدِئُ الْبَاطِلُ وَمَا يُعِيدُന്റെ ഭാഷാർഥം മിഥ്യ തുടങ്ങുകയുമില്ല, മടങ്ങുകയുമില്ല എന്നാണ്. ക്ഷയിച്ച് ക്ഷയിച്ച് പൂർവ സ്ഥിതിയിലേക്ക് തിരിച്ചെത്താനാവാത്ത വിധം തിരോധാനം ചെയ്യുക എന്ന അർഥത്തിലുള്ള പ്രയോഗമാണിത്. അയാൾ സ്വയം സംസാരിക്കുകയോ മറ്റുള്ളവരുടെ സംസാരത്തോട് പ്രതികരിക്കുകയോ ചെയ്യില്ല എന്ന അർഥത്തിലും فلان مَا يُبْدِئُ وَمَا يُعِيدُ എന്നു പറയും. ഈ അർഥം പരിഗണിക്കുമ്പോൾ മിഥ്യാ ദൈവങ്ങൾ യാതൊന്നും സൃഷ്ടിക്കുന്നുമില്ല, പുനഃസൃഷ്ടിക്കുന്നുമില്ല എന്നാകും ആശയം. 17: 81-ൽ وَقُلْ جَاءَ الْحَقُّ وَزَهَقَ الْبَاطِلُ إِنَّ الْبَاطِلَ كَانَ زَهُوقًا (നീ പ്രഖ്യാപിക്കുക. സത്യം സമാഗതമായിരിക്കുന്നു. മിഥ്യ തകർന്നുപോയി. തീർച്ചയായും മിഥ്യ തകരേണ്ടതുതന്നെയാകുന്നു). അവിടെ وَزَهَقَ الْبَاطِلُ എന്നു പ്രയോഗിച്ചതിനു സമാനമാണ് مَا يُبْدِئُ الْبَاطِلُ وَمَا يُعِيدُ എന്നു പ്രയോഗിച്ചത്. ഈ രണ്ട് സൂക്തങ്ങളും മക്കയിലാണവതരിച്ചത്. ഹിജ്റക്ക് ശേഷം മക്ക വിമോചനത്തോടെ ഈ വാക്യം പൂർണമായി പുലർന്നു. മക്കാ വിമോചന ദിവസം കഅ്ബക്കടുത്തെത്തിയ നബി (സ) ഈ രണ്ട് സൂക്തങ്ങളും ഉച്ചത്തിൽ പാരായണം ചെയ്തുകൊണ്ടിരുന്നതായി ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്തിരിക്കുന്നു. ●

---

قُلْ إِن ضَلَلْتُ فَإِنَّمَا أَضِلُّ عَلَىٰ نَفْسِي ۖ وَإِنِ اهْتَدَيْتُ فَبِمَا يُوحِي إِلَيَّ رَبِّي ۚ إِنَّهُ سَمِيعٌ قَرِيبٌ ﴿٥٠﴾

50. അവരോട് പറയുക: ഞാൻ സന്മാർഗഭ്രഷ്ടനായെങ്കിൽ എന്റെ മാർഗഭ്രംശത്തിന്റെ ദോഷം എനിക്കുതന്നെ. ഇനി ഞാൻ സന്മാർഗത്തിലാണെങ്കിലോ, അത് എന്റെ വിധാതാവ് നൽകിയ ദിവ്യബോധനത്താലത്രെ. തീർച്ചയായും എല്ലാം കേൾക്കുന്ന സമീപസ്ഥനാണവൻ.

**50**

قُلْ = (അവരോട്) പറയുക إِن ضَلَلْتُ = ഞാൻ മാർഗ ഭ്രഷ്ടനായെങ്കിൽ
فَإِنَّمَا أَضِلُّ عَلَىٰ نَفْسِي = (എന്റെ മാർഗഭ്രംശത്തിന്റെ ദോഷം എനിക്കു തന്നെ) എന്റെ മേൽ തന്നെയാണ് എന്റെ മാർഗഭ്രംശം
وَإِنِ اهْتَدَيْتُ = (ഇനി) ഞാൻ സന്മാർഗത്തിലാണെങ്കിൽ (ങ്കിലോ)
فَبِمَا يُوحِي إِلَيَّ رَبِّي = (അത്) എന്റെ വിധാതാവ് എനിക്ക് നൽകിയ ദിവ്യബോധനത്താലത്രെ
إِنَّهُ سَمِيعٌ قَرِيبٌ = തീർച്ചയായും എല്ലാം കേൾക്കുന്നവനും സമീപസ്ഥനുമാണവൻ

സത്യനിഷേധികളെ ഉണർത്തേണ്ട മറ്റൊരു കാര്യം ഇതാണ്: ഞാൻ കൊടിയ മാർഗഭ്രംശത്തിലകപ്പെട്ടിരിക്കുകയാണെന്നാണല്ലോ നിങ്ങളുടെ വാദം. അത് ശരിയാണെങ്കിൽ തന്നെ അതിന്റെ ദോഷമത്രയും അനുഭവിക്കേണ്ടത് ഞാൻ തന്നെയാണ്. നിങ്ങൾക്ക് ഒരു ചുക്കും നഷ്ടപ്പെടാനില്ല. നിങ്ങൾ പറയുന്ന ദൈവങ്ങളൊക്കെ കോപിക്കുക എന്നോടാണ്. പരലോകത്ത് ശിക്ഷിക്കപ്പെടുന്നതും ഞാനായിരിക്കും. പിന്നെ നിങ്ങളുടെ സമ്പത്തിനോ സ്ഥാനമാനങ്ങൾക്കോ മറ്റു ഭൗതിക വിഭവങ്ങൾക്കോ ഒരു ഹാനിയും വരുത്താത്ത, എന്റെ മാർഗഭ്രംശത്തോട് എന്തിന് നിങ്ങൾ രോഷാകുലരാവുകയും ആക്രമിക്കുകയും ചെയ്യണം? അവനായി, അവന്റെ വഴികേടായി എന്നു വെച്ച് പാട്ടിനു വിട്ടാൽ പോരേ? മറിച്ച് സത്യസന്ധനും നീതിമാനുമായ സന്മാർഗിയായിട്ടാണ് നിങ്ങൾ എന്നെ കാണുന്നതെങ്കിലോ, യഥാർഥത്തിൽ ഞാൻ അങ്ങനെയാണെന്ന് നിങ്ങളുടെ മനസ്സാക്ഷി സമ്മതിക്കും. എങ്കിൽ അത് പ്രപഞ്ച വിധാതാവ് എനിക്ക് നൽകിയ ദിവ്യസന്ദേശത്തിന്റെ ഫലമാണെന്ന് നിങ്ങൾ സമ്മതിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ വിധത്തിൽ ചിന്തിക്കുകയാണെങ്കിൽ അതല്ലാതെ മറ്റൊരു കാരണം കണ്ടെത്താൻ നിങ്ങൾക്ക് കഴിയില്ല. വസ്തുത അതാണെങ്കിൽ നിങ്ങൾ എന്നെ തള്ളിപ്പറയുന്നതും ആക്രമിക്കുന്നതും നിസ്സാര കാര്യമല്ല. നിങ്ങൾക്ക് ഭയങ്കരമായ കഷ്ടനഷ്ടങ്ങൾക്കിടയാകുന്ന ഗുരുതരമായ സംഗതിയാകുന്നു. കാരണം അപ്പോൾ നിങ്ങൾ തള്ളിപ്പറയുന്നത് അല്ലാഹുവിനെയും അവന്റെ വചനങ്ങളെയുമാണ്. അതിന്റെ ദോഷങ്ങൾ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിലായി ഈ ലോകത്തുതന്നെ അനുഭവിച്ചു തുടങ്ങും. പരലോകത്താകട്ടെ, കൊടിയ നിത്യ ദുരിതത്തിന്റെയും യാതനയുടെയും രൂപത്തിലായിരിക്കും നേരിടേണ്ടിവരിക. ഈ സന്ദർഭത്തിൽ إِنَّهُ سَمِيعٌ قَرِيبٌ പ്രകാശിപ്പിക്കുന്ന ആശയം ഇതാണ്: നിങ്ങൾ എന്റെ വാക്കുകൾ കേൾക്കാനും ഒരു മഹാദുരന്തം അടുത്തുവരുന്നു എന്ന യാഥാർഥ്യം അംഗീകരിക്കാനും കൂട്ടാക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഭാഗധേയം അല്ലാഹു തീരുമാനിച്ചുകൊള്ളും. അവൻ എല്ലാം ഏറ്റം നന്നായി കേട്ടുകൊണ്ട് നിങ്ങളുടെ അടുത്തുതന്നെയുണ്ടെന്നും ഏതു നിമിഷത്തിലും അവന് നിങ്ങളെ പിടികൂടാൻ കഴിയുമെന്നും ഓർത്തിരിക്കുക. ●

وَلَوْ تَرَىٰٓ إِذْ فَزِعُوا۟ فَلَا فَوْتَ وَأُخِذُوا۟ مِن مَّكَانٍ قَرِيبٍ ﴿٥١﴾

51. ഈയാളുകൾ ഭയാക്രാന്തരാകുന്നത് നീയെങ്ങാനും കാണുകയാണെങ്കിൽ! അപ്പോൾ അവിടെ നിന്ന് ആർക്കും കടന്നുകളയാനാവില്ല. അടുത്തുനിന്ന് തന്നെ അവർ പിടികൂടപ്പെടുന്നു.

**51**

وَلَوْ تَرَىٰ إِذْ فَزِعُوا = അവൻ (ഈയാളുകൾ) ഭയാക്രാന്തരാകുന്നത് നീ (എങ്ങാനും) കാണുകയാണെങ്കിൽ

فَلَا فَوْتَ = അപ്പോൾ നഷ്ടമാവലില്ല (അവിടെ നിന്ന് ആർക്കും കടന്നുകളയാനാവില്ല)

وَأُخِذُوا مِن مَّكَانٍ قَرِيبٍ = അടുത്തു നിന്നുതന്നെ അവർ പിടികൂടപ്പെടുന്നു

ഈ ലോകത്ത് അല്ലാഹുവിന്റെ കൊടൂരമായ ശിക്ഷക്കിരയാകുമ്പോഴും പരലോകത്ത് വിചാരണാ സഭയിൽ ഒരുമിച്ചുകൂടുമ്പോഴും ധർമധിക്കാരികൾക്കുണ്ടാകുന്ന ഭയാക്രാന്തിയും വെപ്രാളവും വർണിക്കുകയാണിത്. فَاتَ (നഷ്ടപ്പെട്ടു, പാഴായി)ൽനിന്നുള്ള ക്രിയാ നാമമാണ് فَوْتَ. ഈ ലോകത്തെ ശിക്ഷയിൽനിന്നും പരലോകത്തെ വിചാരണയിൽനിന്നും ആർക്കും ഓടിയൊളിച്ചു രക്ഷപ്പെടാനാവില്ല എന്നാണ് ഇവിടെ ഉദ്ദേശ്യം. ഇന്ന് ദൈവിക ദൃഷ്ടാന്തങ്ങൾക്കു നേരെ കണ്ണടക്കുകയും സത്യസന്ദേശത്തിനു നേരെ ചെവിയടക്കുകയും ചെയ്യുന്ന ഈയാളുകൾ ഉന്മൂലന ശിക്ഷക്കിരയാകുമ്പോൾ, അല്ലെങ്കിൽ വിചാരണാ സഭയിൽ ഹാജരാകുമ്പോൾ ഭയാക്രാന്തരായി വെപ്രാളം കൊള്ളുന്നത് പ്രവാചകനെങ്ങാനും കാണാനിടയാവുകയാണെങ്കിൽ! എങ്കിൽ എന്നു പറഞ്ഞ ശേഷം അതിന്റെ പൂരകം അനുക്തമാക്കുന്നത് നേരത്തേ 31-ാം സൂക്തത്തിൽ ഇതേ ശൈലിയിൽ വന്നിട്ടുള്ളതുപോലെ പൂരകം അവർണനീയമാകുന്നു എന്ന് ധ്വനിപ്പിക്കുന്നതിനു വേണ്ടിയാണ്. അന്ന് ആർക്കും വിചാരണാ വൻസഭിൽനിന്ന് ഓടിപ്പോകാനോ ഒളിച്ചിരിക്കാനോ ആരിലെങ്കിലും അഭയം പ്രാപിക്കാനോ കഴിയില്ല. അതിനൊക്കെയും അവർ തുനിയുമെങ്കിലും ആ ശ്രമം ആരംഭിക്കുമ്പോൾ തന്നെ ശിക്ഷാ വിധി പിടികൂടിയിരിക്കും. وَأُخِذُوا مِن مَّكَانٍ قَرِيبٍ. ●

---

وَقَالُوٓا۟ ءَامَنَّا بِهِۦ وَأَنَّىٰ لَهُمُ ٱلتَّنَاوُشُ مِن مَّكَانٍۭ بَعِيدٍ ﴿٥٢﴾

52. അപ്പോൾ അവർ വിലപിക്കുകയായി, ഞങ്ങളിതാ ദൈവിക ദീനിൽ വിശ്വസിച്ചിരിക്കുന്നു. ബഹുദൂരം അകന്നുപോയ കാര്യം ഇനിയെങ്ങനെ അവർക്ക് കൈവരാൻ?!

**52**

وَقَالُوا = അവർ പറഞ്ഞു (വിലപിക്കുകയായി) آمَنَّا بِهِ = ഞങ്ങൾ (ഇതാ) അതിൽ (ദൈവിക ദീനിൽ) വിശ്വസിച്ചിരിക്കുന്നു

وَأَنَّىٰ لَهُمُ التَّنَاوُشُ = (ഇനി) അവർക്കെങ്ങനെ കൈവരാൻ مِن مَّكَانٍ بَعِيدٍ= ദൂരസ്ഥലത്തുനിന്ന് (ബഹുദൂരം അകന്നുപോയ കാര്യം)

അന്നേരം അവർ മുറവിളി കൂട്ടും; ഞങ്ങളിതാ പ്രവാചകനിൽ വിശ്വസിച്ചിരിക്കുന്നു. هَٰذَا مَا وَعَدَ الرَّحْمَٰنُ وَصَدَقَ الْمُرْسَلُونَ(കരുണാമയനായ ദൈവം താക്കീതു ചെയ്തിരുന്ന ദിവസം തന്നെയാണിത്, ദൈവദൂതന്മാർ പറഞ്ഞതൊക്കെയും സത്യമായിരുന്നു). പക്ഷേ വിശ്വാസത്തിന്റെയും കർമത്തിന്റെയും സ്ഥലം ഭൗതികലോകമായിരുന്നു. ഭൗതികലോകത്ത് പ്രവാചകന്റെയും പ്രബോധകരുടെയും സാന്നിധ്യത്തിലായിരുന്നപ്പോൾ വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നവരാണിവർ. ഇപ്പോഴവർ ഈമാനിന്റെ ലോകത്തുനിന്ന് അതിദ്രുതം അകന്നുകഴിഞ്ഞിരിക്കുന്നു. അഗോചര യാഥാർഥ്യങ്ങളിലായിരുന്നു വിശ്വസിക്കേണ്ടത്. അനുഭവവേദ്യമായ യാഥാർഥ്യത്തിൽ വിശ്വാസത്തിനു പ്രസക്തിയില്ല. അതിനാൽ ഇപ്പോൾ ഈമാൻ പ്രഖ്യാപിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. വിട്ടുകളഞ്ഞ് വിദൂരതയിലേക്കകന്നുപോയത് ഇനിയെങ്ങനെ കൈയിൽ കിട്ടാൻ?! نوش (ലഭ്യമാവുക, കരഗതമാവുക)ൽനിന്നുള്ളതാണ് تَنَاوُشُ (കൈവരിക). അവർക്ക് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നപ്പോൾ തൊട്ടടുത്തായിരുന്ന ഈമാൻ തെരഞ്ഞെടുക്കാതിരുന്നവർക്ക് അത് സാധ്യതയിൽനിന്നും സാന്നിധ്യത്തിൽനിന്നും ബഹുദൂരം അകന്നുപോയ ശേഷം എങ്ങനെ കൈവരാൻ എന്നാണ് وَأَنَّىٰ لَهُمُ التَّنَاوُشُ -ന്റെ ആശയം. يَوْمَ يَأْتِي بَعْضُ آيَاتِ رَبِّكَ لَا يَنفَعُ نَفْسًا إِيمَانُهَا ന്റെ നാഥന്റെ ചില ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷമാകുന്ന നാളിൽ ഒരാൾക്കും തന്റെ ഈമാൻ പ്രയോജനപ്പെടുന്നതല്ല (6:158) എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണിത്. ●

---

وَقَدْ كَفَرُوا۟ بِهِۦ مِن قَبْلُ ۖ وَيَقْذِفُونَ بِٱلْغَيْبِ مِن مَّكَانٍۭ بَعِيدٍ ﴿٥٣﴾

53. നേരത്തേ അവരതിനെ രൂക്ഷമായി നിഷേധിച്ചതായിരുന്നുവല്ലോ. അവർക്ക് അതിവിദൂരമായിരുന്ന അവർക്കപ്രാപ്യമായ അതിഭൗതിക കാര്യങ്ങൾ ഒരു തെളിവുമില്ലാതെ പ്രക്ഷേപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**53**

وَقَدْ كَفَرُوا بِهِ = അവരതിനെ (രൂക്ഷമായി) നിഷേധിച്ചു (ച്ചതായിരുന്നുവല്ലോ)

مِن قَبْلُ = മുമ്പ്, നേരത്തേ وَيَقْذِفُونَ = അവർ പ്രക്ഷേപണം ചെയ്തു(കൊണ്ടിരിക്കുകയും ചെയ്യുന്നു)

بِالْغَيْبِ = അദൃശ്യം (അതിഭൗതിക കാര്യങ്ങൾ ഒരു തെളിവുമില്ലാതെ)

مِن مَّكَانٍ بَعِيدٍ = അതിവിദൂരമായ സ്ഥലത്തുനിന്ന് (അവർക്കപ്രാപ്യമായ)

ഇഹലോക ജീവിതത്തിൽ അവർ അല്ലാഹുവിനെ നിഷേധിക്കുകയും അവന്റെ ദൂതന്മാരെ തള്ളിപ്പറയുകയുമായിരുന്നു. അതിഭൗതിക ജ്ഞാനത്തിൽനിന്ന് ബഹുദൂരം അകലെയായിരുന്നവർ തെളിവുകളോ പ്രമാണങ്ങളോ ഒന്നുമില്ലാതെ സ്വയംകൃത സിദ്ധാന്തങ്ങൾ പ്രഘോഷിച്ചുകൊണ്ടിരുന്നു. ചിലർ ഈ അണ്ഡകടാഹത്തിന്റെ മുക്കുമൂലകളെല്ലാം പരതി ബോധ്യപ്പെട്ടതുപോലെ ദൈവം ഇല്ല എന്നു വാദിച്ചു. ദൈവം ഉണ്ടെങ്കിലും അവന് ഭൗതികലോകത്തിന്റെ പ്രവർത്തനത്തിൽ ഒരു കാര്യവുമില്ല എന്നായിരുന്നു ചിലരുടെ വാദം. ദൈവത്തിന് മനുഷ്യരിലേക്ക് ദൂതന്മാരെ നിയോഗിക്കുന്ന പരിപാടിയൊന്നുമില്ല എന്നു ചിലർ. പ്രവാചകത്വം അവകാശപ്പെടുന്നവർ ഭ്രാന്തന്മാർ അല്ലെങ്കിൽ കള്ളന്മാരാണ്. ദൈവം ഏകനല്ല. അവന് നിരവധി പങ്കാളികളും സഹകാരികളുമുണ്ട്. ഏതു ദൈവത്തെയും ആരാധിക്കാം. ഓരോരുത്തരും ആരാധിക്കുന്ന ദൈവങ്ങൾ ഇഹത്തിലും പരത്തിലും അവരെ രക്ഷിച്ചുകൊള്ളും. ഉയിർത്തെഴുന്നേൽപും സ്വർഗനരകങ്ങളുമെല്ലാം അന്ധവിശ്വാസങ്ങൾ മാത്രം. ഈ വാദങ്ങളെല്ലാം അടിസ്ഥാനരഹിതമായ അനുമാനങ്ങൾ മാത്രമാണ്. قذفا بالحجارة കല്ലുകൊണ്ടെറിയലാണ്. ആഴത്തിൽ ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ, തെളിവുകളും ന്യായങ്ങളും കണ്ടെത്താതെ അഭിരുചിക്കൊത്ത് സംസാരിക്കുകയാണ് قذف بالقول. 18:22-ലെ رَجْمًا بِالْغَيْبِ ന് ഏറക്കുറെ ഇതേ അർഥമുണ്ട്. അതിഭൗതിക ലോകം പഞ്ചേന്ദ്രിയങ്ങൾക്കതീതമാണ്. ഇന്ദ്രിയാനുഭവങ്ങളെ മാത്രം ആസ്പദമാക്കി അതിനെ വിധിക്കാനാവില്ല. അതിഭൗതിക യാഥാർഥ്യങ്ങളെക്കുറിച്ച് പറയേണ്ടത് അതിഭൗതിക ലോകത്തുള്ളവരാണ്, അവർക്കേ അതിനു കഴിയൂ. അതുകൊണ്ടാണ് ഭൗതികലോകത്തുള്ളവരെ അതിഭൗതിക കാര്യങ്ങളറിയിക്കാൻ അല്ലാഹു മലക്കുകൾ മുഖേന ദൈവദൂതന്മാരെ നിയോഗിച്ചത്. ഈ ദൈവദൂതന്മാരെ നിഷേധിക്കുന്നവർ യഥാർഥത്തിൽ നിഷേധിക്കുന്നത് അതിഭൗതിക യാഥാർഥ്യങ്ങളെ തന്നെയാണ്. എന്നിട്ട് സ്വന്തം അഭിരുചിക്കൊത്ത അഭിപ്രായങ്ങളും നിഗമനങ്ങളും പ്രചരിപ്പിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അതൊക്കെ അവരുടെ ആശകളും അഭിനിവേശങ്ങളും മാത്രമായിരുന്നു. ●

---

وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ كَمَا فُعِلَ بِأَشْيَاعِهِم مِّن قَبْلُ ۚ إِنَّهُمْ كَانُوا فِي شَكٍّ مُّرِيبٍ ﴿٥٤﴾

54. അവർക്കും അവരുടെ അഭിലാഷങ്ങൾക്കുമിടയിൽ മറയിടപ്പെട്ടിരിക്കുന്നു. അവരെപ്പോലുള്ള പൂർവികർ തടയപ്പെട്ടതുപോലെ. തീർച്ചയായും സങ്കീർണമായ സന്ദേഹത്തിലാണവർ.

**54**

وَحِيلَ = മറയിടപ്പെട്ടിരിക്കുന്നു بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ = അവർക്കും അവരുടെ അഭിലാഷങ്ങൾക്കുമിടയിൽ

كَمَا فُعِلَ = ചെയ്യ(തടയ)പ്പെട്ടതുപോലെ بِأَشْيَاعِهِم مِّن قَبْلُ = നേരത്തെ അവരുടെ കക്ഷികൾ (അവരെപ്പോലുള്ള പൂർവികർ)

إِنَّهُمْ كَانُوا = തീർച്ചയായും അവർ (ആണവർ) അവർ ആയിരുന്നു

فِي شَكٍّ = സന്ദേഹത്തിൽ مُّرِيبٍ = സങ്കീർണമായ

എന്നാൽ ഇഹത്തിലും പരത്തിലും നിർണായകമായ ശിക്ഷ വന്നുഭവിക്കുമ്പോൾ ഇക്കൂട്ടർക്കും അവരുടെ സകല മോഹങ്ങൾക്കുമിടയിൽ കനത്ത മറ വീഴുന്നു. അവർ തികച്ചും നിസ്സഹായരാകുന്നു. അപ്പോഴവർ വിശ്വസിക്കാനാഗ്രഹിക്കും. പക്ഷേ അപ്പോഴത്തെ ഈമാൻ നിഷ്ഫലമാകുന്നു. ചിലർ തങ്ങൾക്ക് ഭൗതികലോകത്ത് ഒരു അവസരം കൂടി തരേണമെന്ന് അപേക്ഷിച്ചു നോക്കുന്നു. പക്ഷേ لَا يَسْتَأْخِرُونَ سَاعَةً وَلَا يَسْتَقْدِمُونَ (അവർക്ക് ഒരു നിമിഷം പോലും പിന്താനോ മുന്താനോ കഴിയില്ല-24:30). ചിലർ തങ്ങൾ ആരാധിച്ച ദേവീദേവന്മാരെയും പുണ്യാത്മാക്കളെയും വിളിച്ചുകൊണ്ടിരിക്കും. പക്ഷേ وَضَلَّ عَنْهُم مَّا كَانُوا يَفْتَرُونَ (അവർ കൃത്രിമമായി ഉണ്ടാക്കിയ ദൈവങ്ങളെല്ലാം അവരിൽനിന്ന് വഴിമാറിപ്പോയി-6:24). അങ്ങനെ അവരുടെ മുന്നിൽ രക്ഷയുടെ എല്ലാ കവാടങ്ങളും കൊട്ടിയടക്കപ്പെടുന്നു. സകല പ്രതീക്ഷകളും നഷ്ടപ്പെട്ട് നൈരാശ്യത്തിന്റെ കയത്തിൽ മുങ്ങുന്ന അവർക്ക് മുന്നിൽ നരകത്തിലേക്കുള്ള വഴി മാത്രമേ തുറന്നു കിടക്കൂ.

كَمَا فُعِلَ بِأَشْيَاعِهِم സൂചിപ്പിക്കുന്നത് ഇഹലോകത്ത് നിർണായക ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്ന പൂർവ സമുദായങ്ങളെയാണ്. ആദ്യകാലത്ത് ഖുറൈശികൾ മുഹമ്മദ് നബിയോട് സ്വീകരിച്ച അതേ നിലപാട് തങ്ങളുടെ പ്രവാചകന്മാരോരോട് സ്വീകരിച്ച ആദ്, സമൂദ്, മിദ്‌യാൻ ഗോത്രം, സോദമികൾ തുടങ്ങിയവരെല്ലാം ദൈവശിക്ഷയാൽ നശിച്ചുപോവുകയായിരുന്നു. شيعة-ന്റെ ബഹുവചനമാണ് اشياع ഒരേ വീക്ഷണവും നിലപാടും പങ്കുവെക്കുന്നവരുടെ ഗ്രൂപ്പാണ് شيعة. ഇവരെപ്പോലെ പ്രവാചക സന്ദേശം തള്ളിക്കളഞ്ഞ് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിച്ചവർ എന്നു താൽപര്യം. അതാണോ ഇതാണോ, ശരിയോ തെറ്റോ എന്ന സംശയമാണ് شك. അതായത് വിരുദ്ധമായ രണ്ട് കാര്യങ്ങളുടെ സാധ്യത സമ്മതിക്കൽ. مريب-ന്റെ അർഥം 11:62 സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഇത് شك-ന്റെ വിശേഷണമായി വരുമ്പോൾ കടുത്ത സംശയം അല്ലെങ്കിൽ മനസ്സിനെ മഥിക്കുന്ന ആശയ സങ്കീർണത, ആശയക്കുഴപ്പം എന്നർഥമാകുന്നു. പ്രവാചകത്വത്തെക്കുറിച്ച് വേദക്കാരിൽനിന്ന് അറബികൾ കേട്ടിട്ടുണ്ട്. തങ്ങളിൽ ഒരു പ്രവാചകൻ വരാനുണ്ടെന്നും അദ്ദേഹം വന്നാൽ ഇസ്മാഈല്യരെയെല്ലാം ജയിച്ചടക്കി തങ്ങളുടെ കീഴാളരും ആജ്ഞാനുവർത്തികളുമാക്കുമെന്നും യഹൂദർ അറബികളെ ഭീഷണിപ്പെടുത്താറുണ്ടായിരുന്നു. ഒരു പക്ഷേ അപ്പറഞ്ഞ പ്രവാചകൻ തന്നെ ആയിരിക്കുമോ മുഹമ്മദ് എന്ന് അവർ സംശയിച്ചു. എങ്കിൽ അദ്ദേഹത്തെ വിശ്വസിക്കുന്നതിലും പിന്തുണക്കിന്നതിലുമല്ലേ തങ്ങളുടെ രക്ഷയും സൗഭാഗ്യവും? പക്ഷേ പ്രവാചകൻ വരിക ഇസ്രാഈല്യരിലാണ് എന്നാണ് ഇസ്രായീല്യർ പറയുന്നത്. മുഹമ്മദ് (സ) ഇസ്മാഈല്യനാണല്ലോ. മാത്രമല്ല അദ്ദേഹം പ്രചരിപ്പിക്കുന്ന ധർമശാസ്ത്രം തങ്ങളുടെ പരമ്പരാഗത വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും എതിരുമാണ്. നിലവിലെ സാമ്പത്തിക വ്യവസ്ഥയുമായും ദേശീയ-രാഷ്ട്രീയ താൽപര്യങ്ങളുമായും അത് ഒത്തുപോകുന്നുമില്ല. ഇതായിരുന്നു അവരെ കുഴക്കിയ പ്രശ്നം. ●

الحمد لله الذي وفقني لإتمام تنوير سورة سبأ




# ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമിതി: മാലിക് ബിന്നബിയുടെ കർമപദ്ധതി

ലേഖനം/ **പി.എ അനസ്**
paanas101@gmail.com

നവലോകക്രമത്തിൽ ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമിതി ആധുനിക മുസ്‌ലിം സമൂഹത്തിന്റെ ബലതന്ത്രങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇസ്‌ലാം വിഭാവന ചെയ്യുന്ന സാമൂഹിക പരിവർത്തന ശേഷിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വിശ്വാസി സമൂഹത്തിന് കഴിയേണ്ടതുണ്ട്. ഇതിന് മുസ്‌ലിം സമൂഹത്തെ പ്രാപ്തമാക്കാൻ സമഗ്രമായ മാർഗനിർദേശങ്ങൾ (തൗജീഹത്ത്) നൽകുന്നുണ്ട് അൾജീരിയൻ ചിന്തകനായ മാലിക് ബിന്നബി (1903–1973). 'സാമൂഹിക വിദ്യാഭ്യാസ പദ്ധതി' (Social Educational Project) എന്നാണ് അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്. സമൂഹത്തിന്റെ ചിന്ത, പ്രവർത്തനം, സമ്പത്ത് എന്നിവയുടെ വിനിയോഗത്തിലെ കാര്യക്ഷമത ഉറപ്പ് വരുത്തുക എന്നതാണ് ഇതുകൊണ്ടുള്ള ലക്ഷ്യം. സംസ്കാരം, അധ്വാനം, മൂലധനം എന്നീ മൂന്ന് മേഖലകളെ സമഗ്രമായി ഉൾക്കൊള്ളുന്ന രീതിയിൽ നാഗരികതയെ പുനർനിർമിക്കാനുതകുന്ന മാർഗനിർദേശക തത്ത്വങ്ങളാണ് അവയിലടങ്ങിയിരിക്കുന്നത്.

**1) സംസ്കാരത്തിന്റെ രൂപീകരണ തത്ത്വം**

ഒരു നാഗരികത(ഹദാറ)യുടെ പ്രധാന ഭാഗമാണ് അതിന്റെ സംസ്കാരം (സഖാഫത്ത്). സമൂഹത്തിലെ വ്യക്തികൾ, ആശയങ്ങൾ, വസ്തുക്കൾ എന്നിവ തമ്മിലുള്ള ബന്ധങ്ങളുടെ സ്വഭാവം നിർണയിക്കുന്നിടത്ത് സംസ്കാരം പ്രധാന പങ്ക് വഹിക്കുന്നു. സമൂഹത്തിലെ ഓരോ അംഗത്തിന്റെയും വ്യക്തിത്വം രൂപപ്പെടുത്തുന്ന അവസ്ഥയാണ് സംസ്കാരമെന്ന് ബിന്നബി നിർവചിക്കുന്നുണ്ട്. കേവല മനുഷ്യനെ (Man), വ്യക്തി (Person) ആക്കി മാറ്റുകയാണ് സംസ്കാരം. ഭൂമിയിലെ ദൈവ പ്രാതിനിധ്യം (ഖിലാഫത്ത്) നൽകപ്പെടാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന പ്രക്രിയ എന്ന് ഖുർആനിക പരിപ്രേക്ഷ്യത്തിൽ ഇത് വായിക്കാം. രക്തച്ചൊരിച്ചിലുകൾക്കും പകപോക്കലുകൾക്കും വഴിവെക്കില്ലേ ഈ പുതുസൃഷ്ടി എന്ന ആശങ്ക മനുഷ്യസൃഷ്ടിപ്പിന്റെ തുടക്കത്തിൽ മാലാഖമാർ പങ്കുവെക്കുന്നുണ്ട്. വിവേചനബോധം ഉൾക്കൊള്ളുന്ന മനുഷ്യന്റെ സർഗാത്മക തലങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്

അല്ലാഹു അതിന് മറുപടി നൽകിയത് (*ഖുർആൻ* 2: 30-33).

ഈ അടിസ്ഥാനത്തിൽ ധാർമികവും സൗന്ദര്യശാസ്ത്രപരവുമായ മൂല്യങ്ങളുടെയും പരിണാമങ്ങളുടെയും വ്യവസ്ഥയാണ് സംസ്കാരം. ഒരു സവിശേഷ സംസ്കാരം ആർജിച്ച വിഭാഗം അവരുടേതായ പ്രത്യേക ശീലങ്ങളും രൂപങ്ങളും വർണങ്ങളും സ്വീകരിക്കുന്നതായി കാണാം. സമൂഹനിർമാണത്തിന്റെ പ്രാരംഭഘട്ടത്തിൽ ഈ സാംസ്കാരിക ഘടകങ്ങൾ അതിന്റെ സത്തയിൽ ഉൾച്ചേർന്നിരിക്കും. കാലക്രമേണ അതിന്റെ യഥാർഥ സൗന്ദര്യവും ആത്മാവും നഷ്ടപ്പെട്ട് പുറംപൂച്ചായി മാറുന്നു. മുസ്‌ലിം സമൂഹത്തെ സവിശേഷമായി പരിഗണിച്ചാൽ, അവരുടെ അറബി മാനങ്ങൾ, വേഷവിധാനങ്ങൾ, ഭക്ഷണ രീതികൾ തുടങ്ങിയവയോട് ആധുനിക സമൂഹം എങ്ങനെ സമീപിക്കുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാവും.

സാമൂഹിക ഉന്നമനത്തിന് അനുയോജ്യമായ സാംസ്കാരിക പരിസരം രൂപപ്പെടുത്തിയെടുക്കുകയെന്നത് അനിവാര്യമാണ്. സദാചാരസംഹിത, സൗന്ദര്യബോധം, പ്രായോഗിക യുക്തി, സാങ്കേതിക വൈദഗ്ധ്യം എന്നീ നാല് മേഖലകളെ ഉൾക്കൊള്ളുന്ന ഒരു കർമ പദ്ധതിയാണ് ഇതിനായി ബിന്നബി മുന്നോട്ടു വെക്കുന്നത്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:

1) സദാചാരമൂല്യങ്ങളിൽ അധിഷ്ഠിതമായ സാമൂഹിക ബന്ധം.

2) സാമൂഹിക യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്ന സൗന്ദര്യബോധം.

3) പൊതു പ്രവർത്തനങ്ങളെ കേന്ദ്രീകരിക്കുന്ന പ്രായോഗിക കാഴ്ചപ്പാട്.

4) ഓരോ വ്യക്തിക്കും ഇണങ്ങുന്ന മെച്ചപ്പെട്ട ജീവനോപാധികൾ.

ഇവയോരോന്നും വിശദമായി പരിശോധിക്കാം.

### എ) സദാചാര സംഹിത (Ethical Constitution)

ധാർമികതയിലൂന്നിയ സദാചാര മൂല്യങ്ങളാണ് സാംസ്കാരിക നിർമിതിയുടെ ഒരു പ്രധാന ഘടകം. സദാചാരത്തിന്റെ താത്ത്വിക അവലോകനങ്ങളേക്കാൾ പ്രായോഗിക രീതികൾക്കാണ് ബിന്നബി ഊന്നൽ നൽകുന്നത്. സദാചാരബോധം വ്യക്തികളുടെ ആത്മാവിനെ തൊട്ടുണർത്തുമ്പോൾ തങ്ങളുടെ പോരായ്മകൾ തിരുത്തി മുന്നോട്ടു പോകാൻ സമൂഹത്തെ അത് പ്രാപ്തമാക്കും. ഇസ്‌ലാമിക സമൂഹത്തിൽ വിശുദ്ധ ഖുർആനും തിരുസുന്നത്തും സദാചാരസംഹിതയുടെ അടിസ്ഥാന പ്രമാണങ്ങളാണ്. അപരിഷ്കൃതരായ അറേബ്യൻ സമൂഹത്തെ എപ്രകാരമാണ് സംസ്കാരസമ്പന്നരാക്കിയതെന്ന് വിശുദ്ധ ഖുർആൻ വിവരിക്കുന്നുണ്ട്: ''നിരക്ഷരർക്കിടയിൽ അവരിൽനിന്നുതന്നെ ദൂതനെ നിയോഗിച്ചവൻ അവനാണ്. അദ്ദേഹം അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്തുകൊടുക്കുകയും അങ്ങനെ അവരെ സംസ്കരിക്കുകയും അവർക്ക് വേദവും തത്ത്വജ്ഞാനവും അഭ്യസിപ്പിക്കുകയും ചെയ്യുന്നു'' (62: 02). ഇവിടെ പ്രവാചക ദൗത്യത്തിൽ വേദവചനം എത്തിച്ചുകൊടുക്കുന്ന പ്രക്രിയയെ 'തിലാവത്ത്' (യത്ത്‌ലൂ) എന്നാണ് ഖുർആൻ പ്രയോഗിച്ചത്. കേവല ഓതിക്കൊടുക്കലുകൾക്കപ്പുറം വിശാലമായ അർഥതലങ്ങളുണ്ട് തിലാവത്തിന്. 'അനുധാവനം ചെയ്യുക,' 'പ്രായോഗിക തലത്തിൽ പിന്തുടരുക' എന്നീ ആശയങ്ങൾ അതുൾക്കൊള്ളുന്നു. ദൈവിക വചനങ്ങളെ പിന്തുടരാനും അനുസരിക്കാനും സമൂഹത്തെ പരിശീലിപ്പിക്കുമ്പോൾ അവർ സംസ്കാരസമ്പന്നരായി മാറുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ ഈ തിലാവത്തിന്റെ ഒരുപാട് ഉദാഹരണങ്ങൾ കാണാം. 'വ്യഭിചാരത്തോട് അടുത്ത് പോകരുത്' (*ഖുർആൻ* 17:32) എന്ന വചനമാണ് മാഇസി(റ)നെ കുറ്റം ഏറ്റു പറഞ്ഞ് ശിക്ഷ സ്വീകരിക്കാൻ പ്രേരിപ്പിച്ചത്.

നിയമം സാമൂഹിക സൃഷ്ടി എന്നതിനപ്പുറം ദൈവപ്രോക്തമാവുമ്പോൾ കൂടുതൽ വിശാലമാകും. സാഹചര്യങ്ങളുടെയും പൊതുബോധങ്ങളുടെയും സൃഷ്ടിയാണ് നിയമമെന്ന് ഒരു വാദമുണ്ട്. ജാഹിലിയ്യാ സമൂഹത്തിൽ പെൺകുഞ്ഞുങ്ങളെ കുഴിച്ചുമൂടുന്ന രീതി ഇതിനുദാഹരണമാണ്. ഇസ്‌ലാം ഈ വിഷയം കൈകാര്യം ചെയ്യുന്ന രീതി വളരെ ശ്രദ്ധേയമാണ്. പെൺകുട്ടികളെ കുഴിച്ചുമൂടിയിരുന്ന സമൂഹത്തോട് 'പട്ടിണി പേടിച്ച് നിങ്ങൾ കുട്ടികളെ കൊല്ലരുത്. അവർക്കും നിങ്ങൾക്കും അന്നമേകുന്നത് നാമാണ്' (*ഖുർആൻ* 17: 31) എന്ന ദൈവവചനം അതിന്റെ ഭൗതിക സാഹചര്യങ്ങളെ കൃത്യമായി കൈകാര്യം ചെയ്തു. കുഴിച്ചുമൂടപ്പെട്ട പെൺകുട്ടി ആ പാപികൾക്കെതിരെ സംസാരിക്കുമെന്ന ഓർമപ്പെടുത്തൽ (*ഖുർആൻ* 81: 8,9) ആ സമൂഹ മനസ്സാക്ഷിയെ നേരിട്ട് അഭിസംബോധന ചെയ്യുന്നു. സദാചാര ബോധങ്ങളും നിയമ സംഹിതയും ദൈവികമാകേണ്ടതിന്റെ ആവശ്യകതയാണ് ഇത് സൂചിപ്പിക്കുന്നത്.

### ബി) സൗന്ദര്യ ബോധം (Aesthetic Sense)

സംസ്കാരങ്ങളുടെ രൂപീകരണ തത്ത്വത്തിൽ സമൂഹത്തിന്റെ മൂല്യബോധത്തോടൊപ്പം ചേർന്നുനിൽക്കുന്നതാണ് അവരുടെ സൗന്ദര്യബോധം. ഈ സൗന്ദര്യബോധം തങ്ങളുടെ ചുറ്റുപാടുകളോട് സർഗാത്മകമായി പ്രതികരിക്കാൻ സമൂഹത്തെ പ്രാപ്തരാക്കും. അത് സംഘടിത ജീവിതത്തെ ചലനാത്മകമാക്കും. വൈവിധ്യങ്ങളെ ഉൾക്കൊള്ളാനും അവയോട് ക്രിയാത്മകമായി പ്രതികരിക്കാനും അവസരമൊരുക്കും. വർണമോ ഭാഷയോ വേഷമോ വേർതിരിവുകൾ സൃഷ്ടിക്കാത്ത ഒരു സമൂഹരൂപീകരണത്തിന് അത് കാരണമാകും. 'പ്രാകൃത' സമൂഹത്തിന്റെ പ്രതിനിധിയായ കറുത്ത ബിലാലിനെയും 'നാഗരിക' സമൂഹത്തിന്റെ പ്രതിനിധിയായ വെളുത്ത സൽമാനുൽ ഫാരിസിയെയും ഒരു മാലയിലെ മുത്തുമണി പോലെ കോർത്തെടുക്കാൻ ഈ ബോധത്തിനായി. 'അല്ലാഹുവിന്റെ വർണം ഉൾക്കൊള്ളുക' (2: 138) എന്ന ഖുർആനിക ആഹ്വാനം പ്രപഞ്ചത്തിലെ മുഴുവൻ വർണവും ഉൾക്കൊള്ളാൻ ആ സമൂഹത്തെ പ്രാപ്തരാക്കി.

ഇസ്‌ലാം വിഭാവന ചെയ്യുന്ന 'ഇഹ്സാൻ' (കർമങ്ങളുടെ തികവ്) എന്ന ആശയം മതം മുന്നോട്ടു വെക്കുന്ന സൗന്ദര്യബോധത്തിന്റെ മൂർത്തഭാവമാണ്. ആരാധനാവേളയിൽ പോലും അലങ്കാരങ്ങൾ സ്വീകരിക്കണമെന്ന് കൽപിക്കുന്ന വിശുദ്ധ ഖുർആൻ അത് വിലക്കുന്നവരെ കൃത്യമായി നിരൂപണം ചെയ്യുന്നുണ്ട്. വൃത്തികേടുകളെയും മ്ലേഛതകളെയുമാണ് അല്ലാഹു വിലക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കിത്തരുന്നുമുണ്ട് (*ഖുർആൻ* 7:31-33). ഈ സൗന്ദര്യബോധം ഉൾക്കൊണ്ട അൽ ഫാറാബിയും ഇബ്നുസീനയും അബൂതമാമും ഇബ്നുൽ അറബിയുമെല്ലാം അടങ്ങുന്ന ആ തലമുറയാണ് മുസ്‌ലിം നാഗരികതയുടെ സുവർണ കാലം സൃഷ്ടിച്ചത്. സാഹിത്യം, കല, വാസ്തുവിദ്യ തുടങ്ങിയ വ്യത്യസ്ത

മേഖലകളിൽ അവർ തങ്ങളുടേതായ വ്യക്തിമുദ്രകൾ പതിപ്പിച്ചു.

**സി) പ്രായോഗിക യുക്തി (Practical Logic)**

വിഷയങ്ങളെ വസ്തുനിഷ്ഠമായി സമീപിക്കാനുള്ള കഴിവാണ് പ്രായോഗിക യുക്തി. സംഘടിത ജീവിതത്തിൽ വൈയക്തികവും സാമൂഹികവുമായ വ്യത്യസ്ത പ്രശ്നങ്ങൾ ഉടലെടുക്കും. ഇവയെ ക്രിയാത്മകമായി നിർധാരണം ചെയ്യാനുള്ള ശേഷി ആർജിക്കുക എന്നത് ഒരു സമൂഹത്തിന്റെ മുന്നോട്ടു പോക്കിന് അനിവാര്യമാണ്. ഇസ്‌ലാമിക സംജ്ഞയിൽ ഇതിനെ 'ഹിക്മത്ത്' എന്നാണ് വിളിക്കുക. ഖുർആൻ പറയുന്നു: ''അല്ലാഹു അവനിച്ഛിക്കുന്നവർക്ക് യുക്തിജ്ഞാനം നൽകുന്നു. അത്തരം അറിവ് നൽകപ്പെട്ടവന് കണക്കില്ലാത്ത നേട്ടമാണ് കിട്ടുന്നത്'' (*ഖുർആൻ* 2: 269).

ധിഷണാ മണ്ഡലത്തിലെ മരവിപ്പ് സമൂഹത്തിന്റെ ജൈവിക ഘടനയെ നിശ്ചലമാക്കും. ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ വളർച്ചാ ഗതി പരിശോധിച്ചാൽ ഇത് വ്യക്തമാകും. മുസ്‌ലിം നാഗരികത അതിന്റെ ഉത്തുംഗതയിലേക്ക് പ്രവേശിക്കുന്ന കാലത്ത് മഹാന്മാരായ ഇമാമുമാർ മനുഷ്യജീവിതത്തിലെ യഥാർഥ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ശ്രമിച്ചത്. എന്നാൽ അതിന്റെ തകർച്ചയുടെയും അധഃപതനത്തിന്റെയും ഘട്ടത്തിൽ മുസ്‌ലിം നിയമജ്ഞർക്കിടയിൽ സാങ്കൽപിക പ്രശ്നങ്ങളെ പറ്റിയാണ് അധിക ചർച്ചകളും നടന്നത്. അന്ധമായ അനുകരണഭ്രമത്താൽ (തഖ്‌ലീദ്) ബൗദ്ധിക യജ്ഞങ്ങളെ (ഇജ്തിഹാദ്) അവർ ഉപേക്ഷിച്ചു. ചിന്തയും കർമവും തമ്മിലുള്ള വേർപിരിയൽ പരസ്പരബന്ധമില്ലാത്ത പ്രവൃത്തിയിൽ അവരെ കൊണ്ടെത്തിച്ചു. ഇത് സമൂഹത്തിന്റെ പിന്നോട്ടുപോക്കിന് കാരണമായി.

**ഡി) സാങ്കേതിക വൈദഗ്ധ്യം (Techniques and Skills)**

ആശയങ്ങൾ രൂപീകരിക്കുന്നതോടൊപ്പം അതിന്റെ പൂർത്തീകരണത്തിനു വേണ്ട സംവിധാനങ്ങൾ ആവിഷ്കരിക്കാനുള്ള ശേഷി ഒരു സമൂഹം ആർജിക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക വൈദഗ്ധ്യം നാഗരികതയുടെ അടിസ്ഥാന ഘടകങ്ങളായ വ്യക്തികൾ, ആശയങ്ങൾ, വസ്തുക്കൾ എന്നിവ



● മാലിക് ബിന്നബി

തമ്മിലുള്ള പാരസ്പര്യത്തെ ഊട്ടിയുറപ്പിക്കുന്നു. ഇസ്‌ലാമിലെ 'ജിഹാദ്' എന്ന ആശയത്തെ ഇതിലേക്ക് ചേർത്തു വായിക്കാവുന്നതാണ്. ഭൗതിക സാഹചര്യങ്ങളെ ഇസ്‌ലാമിക സമൂഹത്തിന് അനുകൂലമാക്കി മാറ്റാനുള്ള മുഴുവൻ പരിശ്രമങ്ങളെയും ജിഹാദിന്റെ വിശാലഭൂമിക ഉൾക്കൊള്ളും. പുതിയ സാധ്യതകളുടെ വാതിലുകൾ ഇതിലൂടെ തുറക്കുന്നു. പൊതു ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രായോഗിക മാർഗങ്ങൾ വരച്ചുകാട്ടുകയും ചെയ്യുന്നു.

നമ്മുടെ പൂർവസൂരികൾ ആശയങ്ങൾ മറ്റുള്ളവരിൽനിന്ന് സ്വീകരിക്കുന്നതിൽ യാതൊരു വിമുഖതയും കാട്ടിയിരുന്നില്ല. അന്ധമായ കടം കൊള്ളലുകൾക്കപ്പുറം തങ്ങളുടേതായ ആവിഷ്കാരങ്ങൾ അതിൽ കൊണ്ടുവരാൻ അവർ ശ്രമിച്ചു. മദീനാ കാലഘട്ടത്തിന്റെ പ്രാരംഭ ഘട്ടത്തിൽ പ്രവാചകൻ ബാങ്കു വിളി സമ്പ്രദായം ആവിഷ്കരിച്ചത് അതിനൊരു ഉത്തമോദാഹരണമാണ്. മറ്റു മതങ്ങളെ പോലെ പ്രാർഥനക്ക് ആളുകളെ ഉണർത്താൻ ഒരു സംവിധാനം വേണമെന്ന ആശയം അദ്ദേഹം സ്വീകരിച്ചു. പ്രായോഗിക തലത്തിൽ പുതിയൊരാവിഷ്കാരമാണ് പ്രവാചകൻ കൊണ്ടുവന്നത്. വാദ്യഘോഷങ്ങൾക്കും പള്ളിമണികൾക്കും പകരം മനുഷ്യശബ്ദം ഉപയോഗിക്കാം എന്ന മൗലിക മാർഗം അദ്ദേഹം സ്വീകരിച്ചു.

സച്ചരിതരായ ഖലീഫമാരും തുടർന്നു വന്ന ഭരണാധികാരികളുമെല്ലാം ഭൗതിക ചുറ്റുപാടുകളും ഭരണ സംവിധാനങ്ങളും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുന്ന സാങ്കേതിക പരിജ്ഞാനം ആർജിക്കാൻ ജാഗ്രത പുലർത്തിപ്പോന്നു. ബൃഹത്തായ ശാസ്ത്ര-സാങ്കേതിക വിദ്യകളടങ്ങുന്ന സംവിധാനം ലോകത്തിനവർ സമർപ്പിച്ചു. നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി സർവസജ്ജീകരണവുമൊരുക്കുക (8: 60) എന്ന ഖുർആനികാഹ്വാനം ശിരസ്സാ വഹിക്കുകയായിരുന്നു അവർ.

നീണ്ട കൊളോണിയൽ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആധുനിക മുസ്‌ലിം സമൂഹം ഈ മേഖലയിൽ വളരെ പിന്നോട്ടു പോയി. മാനുഷിക വിഭവങ്ങളാലും അസംസ്കൃത വസ്തുക്കളാലും സമ്പന്നമായ മൂന്നാം ലോക രാഷ്ട്രങ്ങൾ സാമ്രാജ്യത്വശക്തികളുടെ വിപണനകേന്ദ്രം മാത്രമായി ചുരുങ്ങി. ആശയങ്ങളുടെയും ശാസ്ത്ര-സാങ്കേതിക വിദ്യകളുടെയും കൈമാറ്റത്തെയും കടം കൊള്ളലുകളെയും ബിന്നബി ഒരിക്കലും തിരസ്കരിക്കുന്നില്ല. എന്ത് കടം കൊണ്ടാലും അത് നമ്മുടെ സാംസ്കാരിക പരിസരത്തിനും സാമൂഹികാടിത്തറകൾക്കും അനുയോജ്യമായ തരത്തിൽ പാകപ്പെടുത്താനാവശ്യമായ ശേഷി നാം ആർജിക്കണമെന്നാണ് അദ്ദേഹം വാദിക്കുന്നത്.

**2) അധ്വാന മേഖലയുടെ പുനരുദ്ധാരണ തത്ത്വം**

മാനുഷിക വിഭവങ്ങളെ ഉന്നമനത്തിന് ഉതകുംവിധത്തിൽ കാര്യക്ഷമമായി വിനിയോഗിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യൻ, മണ്ണ്, സമയം എന്നിവയുടെ കൃത്യമായ സംയോജനത്താൽ അധ്വാന മേഖലയിലെ ക്രിയാത്മകത ഉറപ്പു വരുത്താനാകും. വ്യക്തികളുടെ ആന്തരിക സ്വത്വത്തിലും ഭൗതിക കാഴ്ചപ്പാടുകളിലും ഒരുപോലെ മാറ്റം വരുത്തുമ്പോഴാണ് ഇത് സാധ്യമാവുക. പ്രവാചകൻ തന്റെ അനുയായികളിൽ ഉണ്ടാക്കിയെടുത്ത മാറ്റം മാനസികം മാത്രമായിരുന്നില്ല. അധ്വാനശേഷിയെ പ്രോത്സാഹിപ്പിച്ച് അവരുടെ ശാരീരിക ക്ഷമത ഉറപ്പു വരുത്തി. രാത്രികളിൽ പ്രാർഥനകളിൽ മുഴുകുന്ന സാധുക്കളും പകലുകളിൽ ആർജവത്തോടെ മുന്നേറുന്ന പടയാളികളുമായി അവർ മാറി.

അധ്വാനത്തിന്റെ മഹത്വത്തെക്കുറിക്കുന്ന ധാരാളം വചനങ്ങൾ വിശുദ്ധ ഖുർആനിൽനിന്നും തിരുസുന്ന

ത്തിൽനിന്നും നമുക്ക് വായിച്ചെടുക്കാം. നിത്യവൃത്തിക്കായി യാചിച്ചു വന്ന തന്റെ അനുയായിക്ക് വിറകു വെട്ടി വിറ്റ് ജീവിതമാർഗം കണ്ടെത്താനുള്ള സംവിധാനമാണ് പ്രവാചകൻ ഒരുക്കിയത്. അധ്വാനത്തിനുള്ള അവസരങ്ങൾ കൂടി സൃഷ്ടിക്കുക എന്നത് സമൂഹ നേതൃത്വത്തിന്റെ ഉത്തരവാദിത്തമാണെന്ന് ഇത് സൂചിപ്പിക്കുന്നു. വ്യക്തികൾ സ്വയംപര്യാപ്തരാകുമ്പോൾ സാമൂഹിക ഉന്നമനം സാധ്യമാകും. നിരാശയും അലസതയും വെടിഞ്ഞ് കർമമണ്ഡലങ്ങളിൽ കൂടുതൽ സജീവമാകാനാണ് വ്യക്തികളോട് ഖുർആൻ ആവശ്യപ്പെടുന്നത്. 'നീ ഒരു പ്രവൃത്തിയിൽനിന്ന് വിരമിച്ചാൽ മറ്റൊന്നിൽ വ്യാപൃതനാവുക. നിന്റെ നാഥനിൽ പ്രതീക്ഷ അർപ്പിക്കുകയും ചെയ്യുക' എന്ന് ഖുർആൻ (94: 7,8) ഉണർത്തുന്നുണ്ട്.

സ്വന്തം ശേഷികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ബിന്നബി യുവാക്കളെ ആഹ്വാനം ചെയ്യുന്നത്. ധൂർത്തും സ്വജനപക്ഷപാതിത്വവും കൈമുതലായ ഭരണാധികാരികൾ തൊഴിലവസരങ്ങൾ ഒരുക്കുമെന്ന് യുവജനങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. വിദ്യാസമ്പന്നർ തൊഴിലിനായി താന്തോന്നികളായ ഭരണാധികാരികൾക്കു മുന്നിൽ കാത്തുനിൽക്കുന്നത് വേട്ടനായ്ക്കൾ യജമാനനു മുന്നിൽ അന്നത്തിനു വേണ്ടി വിധേയപ്പെടുന്നതിന് തുല്യമാണ്. തൊഴിലില്ലായ്മ രൂക്ഷമായി മാറിയ ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ വളരെ ശ്രദ്ധേയമാണ്.

**3) മൂലധന വിനിയോഗ തത്ത്വം**

തൊഴിലും മൂലധനവും പരസ്പരപൂരകങ്ങളാണ്. ഒരു സമൂഹത്തിന്റെ ഉൽപാദന ക്ഷമത ഉറപ്പ് വരുത്തുന്ന ഘടകങ്ങളാണിവ. സമ്പത്ത് (Wealth) മൂലധനം (Capital) ആകുമ്പോഴാണ് സമൂഹം സാമ്പത്തിക ഭദ്രത കൈവരിക്കുന്നത്. പണം ക്രിയാത്മകമായി വിപണിയിലിറങ്ങുമ്പോൾ അത് മൂലധനമായി മാറുന്നു. സമ്പന്നരിൽ മാത്രം അത് കറങ്ങാതെ സമൂഹത്തിലെ താഴേ തട്ടിലേക്കു കൂടിയിറങ്ങണം എന്നാണ് ഖുർആനിക ശാസനം (59: 7). ഇസ്‌ലാമിന്റെ മൂലധനതത്ത്വങ്ങളെ കൂടി അതുൾക്കൊള്ളുന്നുണ്ട്. ധനം കെട്ടിപ്പൂട്ടി വെക്കുന്ന പ്രവണതയെ ശക്തമായ ഭാഷയിൽ ഖുർആൻ വിമർശിക്കുന്നത് ഇതിനോട് ചേർത്തു വായിക്കാം (104: 2).

വ്യാവസായിക വിപ്ലവാനന്തരം മൂലധനത്തെ സംബന്ധിച്ച ചർച്ച യൂറോപ്പിൽ സജീവമായി. ഈ സംവാദങ്ങളാണ് മുതലാളിത്തം, കമ്യൂണിസം എന്നീ ചിന്താധാരകൾക്ക് പ്രധാനമായും വഴിതെളിച്ചത്. മൂലധന ശക്തികളുടെ ശബ്ദമായി മുതലാളിത്തവും തൊഴിലാളിവർഗ ശക്തിയായി കമ്യൂണിസവും ഉയർന്നുവന്നു, ലോകത്തെ രണ്ടു ചേരികളായി തിരിച്ച് വലിയ മത്സരങ്ങൾക്കും രക്തച്ചൊരിച്ചിലുകൾക്കും ഇടവരുത്തി. 'അൽ മുസ്‌ലിമു ഫി ആലമിൽ ഇഖ്തിസ്വാദ്' (സാമ്പത്തിക ലോകത്തെ മുസ്‌ലിം), 'ഫിക്റത്ത് കോമൺവെൽത്ത് ഇസ്‌ലാമിയ' (ഇസ്‌ലാമിക കോമൺവെൽത്ത് ചിന്തകൾ) തുടങ്ങിയ നിരവധി കൃതികളിൽ ബിന്നബി ഈ രണ്ടു ചിന്താധാരകളെയും കൃത്യമായി നിരൂപണവിധേയമാക്കുന്നുണ്ട്. പക്ഷപാതിത്വങ്ങളില്ലാതെ നീതിയുക്തവും മൂല്യാധിഷ്ഠിതവുമായ ഒരു സാമ്പത്തിക ക്രമമാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നതെന്ന് അദ്ദേഹം സമർഥിച്ചു.

പ്രകൃതിവിഭവങ്ങളുടെ അപര്യാപ്തതയോ സമ്പത്തിന്റെ കുറവോ അല്ല മൂന്നാം ലോക രാഷ്ട്രങ്ങളുടെയും മുസ്‌ലിം ജനതയുടെയും പിന്നാക്കാവസ്ഥക്ക് കാരണം. സമ്പത്ത് വിനിയോഗിക്കുന്നിടത്തുള്ള അസന്തുലിതത്വവും ദീർഘവീക്ഷണമില്ലായ്മയുമാണ് പ്രതിസന്ധിക്ക് കാരണമാകുന്നത്. സമ്പന്ന രാജ്യങ്ങളും പട്ടിണി കൊണ്ട് പൊറുതിമുട്ടുന്ന രാജ്യങ്ങളും ഒരുപോലെ മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രങ്ങളിൽ ഉൾപ്പെടുന്നുണ്ടെന്ന് ബിന്നബി ചൂണ്ടിക്കാട്ടുന്നു. മുസ്‌ലിം സമൂഹത്തിന്റെ സാമ്പത്തിക വൃത്തിയെ മൊത്തമായി ബാധിച്ചിരിക്കുന്ന നിശ്ചലാവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്. ദാരിദ്ര്യമല്ല മുസ്‌ലിം സമൂഹത്തിന്റെ പ്രശ്നം. ആകാശവും ഭൂമിയും കനിയാതിരുന്നിട്ടില്ല. പക്ഷേ, കൈമുതലായ സമ്പത്ത് വിനിയോഗിക്കുന്നിടത്ത് സമൂഹത്തിന് വീഴ്ച പറ്റി. മുസ്‌ലിം ഭരണാധികാരികളുടെ ധൂർത്തും കെടുകാര്യസ്ഥതയും പാശ്ചാത്യ വിധേയത്വവും ബിന്നബി ശക്തമായ ഭാഷയിൽ വിമർശനവിധേയമാക്കുന്നുണ്ട്.

സ്വന്തം ശക്തിയും വിഭവങ്ങളും ഫലപ്രദമായി ഉപയോഗിക്കാത്ത ജനത അന്യർക്ക് വിധേയരാവുക എന്നത് സ്വാഭാവിക പ്രതിഭാസമാണ്. കീഴ്പ്പെടുത്തപ്പെട്ട ജനതയും കോളനിവത്കരിക്കപ്പെട്ട ജനതയും ചരിത്രത്തിൽ രണ്ടും രണ്ടാണ്. അയർലന്റിനെയും അമേരിക്കയെയും ഒരുകാലത്ത് ബ്രിട്ടൻ കീഴടക്കി ഭരിച്ചിരുന്നുവെങ്കിലും പിന്നീടുള്ള ചരിത്രത്തിൽ അവ രണ്ടും ശക്തമായ തിരിച്ചുവരവ് നടത്തി വൻശക്തികളായി മാറി. എന്നാൽ അധിക അറബ് രാഷ്ട്രങ്ങളും ഇന്ത്യ ഉൾക്കൊള്ളുന്ന മറ്റു പല മൂന്നാം ലോക രാജ്യങ്ങളും സ്വതന്ത്ര റിപ്പബ്ലിക്കുകളായി രൂപപ്പെട്ടുവെങ്കിലും കൊളോണിയലിസത്തിന്റെ ദുർഭൂതങ്ങൾ അവയെ ഇപ്പോഴും വേട്ടയാടുന്നുണ്ട്.

നാഗരികതയുടെ പുനർനിർമാണം അനായാസം നടക്കുന്ന പ്രക്രിയയല്ല. സാമൂഹിക പരിവർത്തന ശേഷി ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് അത് സാധ്യമാവുക. പോരായ്മകൾ കണ്ടറിയുകയും വീഴ്ചയിൽനിന്ന് പാഠങ്ങളുൾക്കൊള്ളുകയും ചെയ്യുക എന്നതാണ് അതിനു വേണ്ടത്. 'മുൻ തലമുറയെ വഴി കാണിച്ച അതേ കാര്യങ്ങളല്ലാതെ മറ്റൊന്നും ഈ സമൂഹത്തിന്റെ വരും തലമുറയെയും വഴികാട്ടുകയില്ല' എന്ന് പ്രവാചകൻ അരുളിയിട്ടുണ്ട്.

ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഉയർച്ചതാഴ്ചകൾ സ്വാഭാവികമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ''നിങ്ങൾക്കിപ്പോൾ ക്ഷതം പറ്റിയിട്ടുണ്ടെങ്കിൽ അതുപോലെ മുമ്പ് നിങ്ങളുടെ എതിർപക്ഷത്തിനും ക്ഷതമേറ്റിട്ടുണ്ട്. വിജയപരാജയ ദിനങ്ങൾ ജനങ്ങൾക്കിടയിൽ മാറിമാറി വന്നുകൊണ്ടിരിക്കും. അല്ലാഹുവിന് സത്യവിശ്വാസികളെ വേർതിരിച്ചെടുക്കാനാണത്. നിങ്ങളിൽനിന്ന് രക്തസാക്ഷികളെ സൃഷ്ടിക്കാനുമാണത്'' (3: 140). പരാജയങ്ങളിൽ പതറാതെ മുന്നോട്ടു പോകാനാണ് വിശുദ്ധ ഖുർആന്റെ ആഹ്വാനം. ആ ദൈവിക വചനങ്ങൾ മുറുകെ പിടിച്ച് മുന്നോട്ടു പോകാൻ വിശ്വാസിസമൂഹം തയാറായാൽ അവർക്ക് മുന്നിൽ ശോഭനമായ ഭാവിയുണ്ടെന്ന് ബിന്നബി സമർഥിക്കുന്നു. ●

('ഇസ്‌ലാമിക സാമൂഹിക ശാസ്ത്രത്തിന് മാലിക് ബിന്നബിയുടെ സംഭാവനകൾ' എന്ന വിഷയത്തിൽ അലിഗഢ് മുസ്‌ലിം സർവകലാശാലയിൽ ലേഖകൻ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൽനിന്നുള്ള ഭാഗങ്ങളാണ് ഈ ലക്കത്തിലും കഴിഞ്ഞ ലക്കത്തിലും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ).



# ഇന്ത്യൻ മുസ്‌ലിംകൾ
## അതിജീവനം അസാധ്യമല്ല

നിരീക്ഷണം/ ബാബുലാൽ ബശീർ
babulalmb@gmail.com

ഇതൊരു പുതിയ എഴുത്തല്ല. കൂട്ടിച്ചേർക്കലുകളാണ്. അതിജീവനത്തിന്റെ സാധ്യതകൾ വികസിക്കുന്നത് കൂട്ടിച്ചേർക്കലുകളിലൂടെയാണ്. വർത്തമാനത്തെ നിശിതമായി വിലയിരുത്തിയും ഭാവി സാധ്യതകളുടെ പുതിയ വാതിലുകൾ തുറന്നിട്ടുമാണ് അത് മുന്നോട്ടു പോവേണ്ടത്. നാഗരികതകളുടെ വികാസവും ചെറുത്തുനിൽപ്പിന്റെ പാഠങ്ങളും മുന്നോട്ടുള്ള ഗമനത്തിന്റെ ചൂണ്ടുപലകകളാണ്. നിലവിലെ സാഹചര്യം മാത്രമല്ല, വരാനുള്ള ഒരു നീണ്ട കാലം കൂടി വായിച്ചെടുത്തു പാലം പണിയുകയാണ് പുതിയ കാലത്തിന്റെ തേട്ടം; സാധ്യമാവുന്ന എല്ലാ ബൗദ്ധിക വ്യവഹാരങ്ങളെയും ആ അടവുപരമായ നീക്കത്തിൽ ഉപയോഗപ്പെടുത്തുക എന്നതും. എല്ലാവരും ആ പാതയിലാണ്. ഒരു മനുഷ്യായുസ്സിന്റെ പ്ലാനിംഗുകളാണ് കോർപ്പറേറ്റുകളെ മുതൽ ചാരിറ്റി ഓർഗനൈസേഷനുകളെ വരെ രൂപപ്പെടുത്തുന്നത്. നിലനിൽപ്പാണെങ്കിലും ചെറുത്തുനിൽപ്പാണെങ്കിലും വഴി ഒന്നു തന്നെയാണ്. അപരന്റെ വഴി അന്യായമാവാത്ത കാലത്തോളം, 'ശത്രുവാണെങ്കിലും വിജയിയെ പിന്തുടരുക' എന്നൊരു തത്ത്വമുണ്ട്. കാക്കയിൽനിന്ന് പാഠം പഠിച്ച ഖാബീലിനെ പോലെ ചുറ്റുപാട് നിന്നും പഠിച്ചെടുക്കുക. അതിലേക്കു പുതിയ ആശയങ്ങൾ പിന്നെയും പിന്നെയും പ്രവഹിക്കണമെന്നു മാത്രം. അർഹതയുള്ളവയുടെ അതിജീവനം അല്ലാഹുവിന്റെ ഭൂമിയിലെ നടപടിക്രമമാണ്. ബദ്റിന് ശേഷം ഉഹുദാണെങ്കിൽ, അതിനു ശേഷം ഖൈബറും ഹുനൈനും ഹുദൈബിയ സന്ധിയും മക്കാവിജയത്തിലേക്ക് നയിച്ചത്, റസൂൽ ആ ദൈവിക ക്രമത്തെക്കുറിച്ച് നന്നായി ഗൃഹപാഠം ചെയ്തതു കൊണ്ടാണ്.

ഇന്ത്യൻ മുസ്‌ലിംകൾ എന്നത് ആഴമുള്ള ഒരു അനുഭവമാണ്. അതുകൊണ്ടാണ് അവർ ഫാഷിസത്തിന്റെ ഉരുക്കുമുഷ്ടിക്കടിയിലും പതറാതെ പിടിച്ചു നിൽക്കുന്നത്. ജനാധിപത്യ ബോധങ്ങളും രാജ്യം നിലനിൽക്കണം എന്നാഗ്രഹിക്കുന്ന പൊതുസമൂഹവും കൂടെയുണ്ട് എന്നത് ചെറിയ കാര്യമല്ല. പക്ഷേ അതാണ് എല്ലാറ്റിന്റെയും കാതൽ എന്ന അർഥത്തിൽ സമുദായത്തെ വിഭജിച്ചെടുക്കുന്ന പ്രവണത സ്വത്വബോധത്തിന്റെ അടയാളങ്ങളെ അപകടപ്പെടുത്തും. പലതായി പെരുവഴിയിലാകുക എന്നതാണ് അതിന്റെ അനന്തര ഫലം. നിലവിൽ 'ഞങ്ങൾ' എന്ന ബോധം വർധിച്ചു വന്നിട്ടുണ്ട്. ധ്രുവീകരണത്തിന്റെയും സംഘ ശക്തിയുടെയും രണ്ടു തട്ടുകളുടെ തുലാസ്സ് കൃത്യമായി മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ഇന്ത്യയുടെ മിടിപ്പും ചരിത്രവും ധ്രുവീകരണത്തിന്റെ വാതിലുകൾ പണ്ടേ തുറന്നു വിട്ടിട്ടുണ്ട്. കുടം തുറന്ന ഭൂതത്തെപ്പോലെ 'നാനാത്വത്തിൽ ഏകത്വം' ഏകത്വത്തിലെ നാനാത്വമായും ഏകത്വത്തിലെ പ്രിവിലേജ്ഡ് ഏകത്വമായും മാറുന്നതാണ് സമകാല വർത്തമാനം. അതൊരു അത്ഭുതല്ല. 'റാഡിക്കൽ ബ്രാഹ്മണിസം' കോൺഗ്രസിലെ തന്നെ ഒരു ധാര എക്കാലവും കൃത്യമായി നിലനിർത്തിയിരുന്ന ബോധമായിരുന്നു. പട്ടേലിന്റെ പ്രതിമ നരേന്ദ്ര മോദി പണിതുയർത്തുമ്പോൾ ഒരു സാധാരണ പൗരനുണ്ടാവുന്ന സംശയത്തിലുണ്ട് ഇന്ത്യൻ പൊളിറ്റിക്കൽ പാർട്ടികളുടെ അരമനകളിൽ കുടിയിരിക്കുന്ന

മതേതരത്വത്തിന്റെ വിഭാവനകൾ. ധ്രുവീകരിച്ചു സംഘബോധത്തിന്റെ ഓർമകളെ പോലും ശണ്ഠീകരിച്ചതുകൊണ്ട് രാജ്യത്തിലെ രണ്ടാമത്തെ ഭൂരിപക്ഷ ജനത അതൊന്നും കാര്യമായെടുക്കാതെ പോയി. അവരുടെ ആദർശ ചരിത്രവും സ്വാതന്ത്ര്യ സമര പോരാട്ടങ്ങളും ത്യാഗങ്ങളും പണ്ടേ 'ഖിലാഫത്ത് പ്രക്ഷോഭവും മാപ്പിള ലഹളയുമായി' വർഗീകരിച്ചു കൊണ്ട് മുഖ്യധാരാ ചരിത്ര പാഠങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടത് അവരറിഞ്ഞത് പോലുമില്ല. ഇന്ത്യൻ മുസ്‌ലിം എന്ന ആഴവും പരപ്പുമുള്ള വേരുകളെ വെള്ളവും വളവുമില്ലാതെ മുരടിപ്പിച്ചു നിർത്തുക എന്ന ശത്രു തന്ത്രം വിജയിക്കുന്നതാണ് പിന്നീട് കണ്ടത്. വിദ്യാഭ്യാസവും അവബോധവുമില്ലാതെ, അടിസ്ഥാന ചുറ്റുപാടുകൾ പോലും നിഷേധിക്കപ്പെട്ട നവാബുമാരും ഷഹൻഷാമാരും റിക്ഷ വലിക്കുന്നവരായി അവരുടെ പൂർവപിതാക്കൾ ഭരിച്ചിരുന്ന തെരുവുകളിൽ ജീവിതം തള്ളിനീക്കുന്നു എന്നത് പാർട്ടി ഭേദമില്ലാതെ സവർണ റാഡിക്കൽ ബ്രാഹ്മണിസത്തിന്റെ സ്വപ്ന പൂർത്തീകരണമായിരുന്നു. പ്രതീക്ഷയുടെ തുരുത്തുകളായി കേരളം പോലുള്ള ചിലയിടങ്ങൾ നിലനിന്നെങ്കിലും.

സംഘബോധം മനുഷ്യ നാഗരികതയുടെ മാത്രമല്ല പ്രപഞ്ചത്തിന്റെ വരെ താളമാണ്. ദൈവ സൃഷ്ടിപ്പിന്റെ മനോഹാരിതയാണ്. ഒന്നും ഒന്നും കൂടി പെരുക്കുക എന്നതാണത്. കൂടുതൽ വലുതാവുമ്പോൾ ഒരുപാട് ചെറുതുകൾ വലിയ പ്രതലത്തിൽ പലതായി രൂപപ്പെടും എന്നതാണ് മനുഷ്യ ചരിത്രം. വൈവിധ്യവും ഭിന്നിപ്പും രണ്ടാണ്. ഖുർആനിന്റെ ഭാഷയിൽ വൈവിധ്യം സാധ്യതയാണെങ്കിൽ ഭിന്നിക്കൽ കാറ്റ് പോകലാണ്. ഇന്ത്യൻ മുസ്‌ലിംകൾ ഉൾപിരിവുകളുള്ള ഒരു സമുദായമാണ്. ചിലതൊക്കെ കിത്താബിയായതും മറ്റു ചിലത് ജന്മനായും. അവയെ ഒന്നാക്കുക എന്നത് അസാധ്യം എന്ന ഒറ്റ വാക്കു കൊണ്ട് നിർവചിക്കാം. അപ്പോൾ വൈജാത്യങ്ങളെ ഉൾക്കൊള്ളുക എന്ന വലിയ പാഠം പഠിക്കുന്നത് 'ഭിന്നിപ്പ്' എന്ന മാരകരോഗത്തിന്റെ വലിയ മരുന്നായി തീരും. നിർഭാഗ്യവശാൽ മുസ്‌ലിം സമുദായത്തിലെ ഭിന്നിപ്പ് ഒരു യാഥാർഥ്യമാണ്. യാഥാർഥ്യങ്ങളെ ഉൾക്കൊള്ളാതെ ശാഠ്യം പിടിക്കുന്നത് മൗഢ്യമാണ്. അമ്മാർ ഇബ്നു യാസിർ റസൂലിനോട് കരഞ്ഞത് പിടിച്ചു നിൽക്കാനാവാതെ അല്ലാഹുവിനെ തള്ളിപ്പറഞ്ഞ് ലാത്തയെ വിളിച്ചതിനായിരുന്നു. മണ്ണിന്റെ പാകം കൃത്യമായി മനസ്സിലാക്കിയ റസൂൽ ഇസ്‌ലാമിലെ കൊടിയ പാതകത്തെ മനസ്സിന്റെ ശുദ്ധിയുമായി ചേർത്തു നിർത്തി ആശ്വസിപ്പിച്ചു വിടുകയായിരുന്നു. ഭിന്നിപ്പിനെ നേരിടാൻ വേണ്ടത് അടിസ്ഥാന ബോധങ്ങളെ നിരന്തരം ഉണർത്തുകയാണ്. സ്വത്വബോധമാണ് അതിൽ പ്രധാനം. സൈനുദ്ദീൻ മഖ്ദൂമും മമ്പുറം തങ്ങളും ആലി മുസ്‌ലിയാരും തുടങ്ങി പ്രാദേശിക സാധ്യതയുള്ള ചെറുത്തുനിൽപ്പിന്റെ ബിംബങ്ങൾ പൗരത്വ ബില്ലിന്റെ കാലത്ത് കൂടുതൽ ഓർമിക്കപ്പെട്ടത് ആ സാധ്യത വലിയ ശരിയാണ് എന്നത് കൊണ്ടാണ്. ഓരോ വിഭാഗങ്ങളുടെയും ചരിത്ര മുഖങ്ങളെ ഒറ്റ പ്രതലത്തിൽ സംഘടിപ്പിക്കുക എന്ന ദൗത്യം പൂർത്തീകരിക്കേണ്ടതുണ്ട്. ഇന്നലെ ഭിന്നിച്ചു നിന്ന അവരെ ഇന്ന് ഒന്നാക്കിയാൽ ആദരവിന്റെ അടയാളങ്ങളിൽ അനുയായികളെ കുറച്ചു കൂടി ചേർത്ത് നിർത്താം. തോളോട് തോൾ ചേർക്കാനായില്ലെങ്കിലും.

നിങ്ങൾ ഒരു കോട്ട പോലെ ഭദ്രമാവുക എന്നത് ഖുർആനിന്റെ പ്രയോഗമാണ്. സ്ഥൈര്യത്തിന്റെ അങ്ങേ തലയുള്ളവർ പത്തു പേരുണ്ടായാൽ നൂറു പേർക്ക് തുല്യമാവുമെന്നും ഈമാൻ ചോർന്നു പോയ ഒരു സമുദായത്തിന്റെ പത്ത് ഇരുപതിന് തുല്യം എന്നും ഖുർആൻ. ഇന്ത്യൻ മുസ്‌ലിംകൾ നിലവിൽ ഒന്നിന് നാലിലൊന്ന് എന്ന നിലയിലാണ്. ഇരിക്കാൻ പറയുമ്പോൾ കമിഴ്ന്നു പോകുന്ന അവസ്ഥ. മുമ്പ് താർത്താരികൾക്കു മുന്നിൽ മുസ്‌ലിം സമൂഹത്തിനു സംഭവിച്ചത് പോലെ. റോഹിങ്ക്യകളും ഉയിഗൂർ മുസ്‌ലിംകളുമൊക്കെ തൊട്ടപ്പുറത്ത് നിന്നും പകരുന്ന ഭീതിയുടെ ചിത്രങ്ങളും ഇന്ത്യൻ മുസ്‌ലിംകളുടെ ആത്മവീര്യം ചോർത്തുന്നുണ്ട്. മാറ്റങ്ങളെ കൗതുക പൂർവം വീക്ഷിച്ചാൽ ദൽഹിയിലെ തെരുവുകളിലെ തട്ടമിട്ട പെൺപുലികളുടെ ചൂണ്ടുവിരൽ കാണാം. അക്രമിയുടെ നേരെ വിരൽ ചൂണ്ടാൻ സമുദായത്തിന് ധൈര്യം പകരുക എന്നതാണ് ഒന്നിന് സമം ഒന്നോ അതിലും ഉയർന്ന തലങ്ങളിലോ അവരെ എത്തിക്കാൻ പാകപ്പെട്ട വഴി. പ്രാദേശിക നേതൃത്വങ്ങളും പള്ളി സംവിധാനങ്ങളും മുസ്‌ലിം സഹകരണ കൂട്ടായ്മയിലൂടെ അത്തരം ഒരു ബോധതലത്തിലേക്കു പ്രവേശിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശത്രുവിന്റെ ദൗർബല്യവും ശക്തിയും ഇരയുടെ ചെറുത്തുനിൽപ്പിന്റെ ഊക്കാണ്. ആ ഊക്കിന്റെ തീവ്രത വർധിക്കുന്നത് നമ്മുടെ ജാഗ്രതയിലാണ്. സ്വയം പ്രതിരോധത്തിന്റെ ജാഗ്രതകൾ പക്ഷേ കൂടുതൽ ഫലവത്താകണമെങ്കിൽ ഉയർത്തുന്ന ശബ്ദത്തിനു പുതിയ പ്രതലങ്ങൾ കണ്ടെത്തണം. അറേബ്യൻ രാജകുമാരി ടിറ്ററിലൂടെ പ്രതികരിച്ചപ്പോൾ മോഹൻ ഭഗവതും നരേന്ദ്ര മോദിയും വിശദീകരണവുമായി വന്നത് സോഷ്യൽ പ്ലാറ്റ്ഫോമുകളിലൂടെ വർഗീയ വൈറസുകളെ






നിരീക്ഷണം

തുരത്തണമെന്നു ലോകം ശബ്ദമുയർത്തിയപ്പോഴാണ്. വളരെ ആസൂത്രണത്തോടെ ഉപയോഗപ്പെടുത്തേണ്ട ഒന്നാണ് ഓൺലൈൻ. പുതിയ കാലത്ത് ഓഫ് ലൈനിൽ നമ്മുടെ അസ്തിത്വവും സമാധാനവും നിലനിൽക്കുക ഓൺലൈനിൽ നമ്മളെത്ര ജാഗരൂകരാണ് എന്നതിനെ ആശ്രയിച്ചണ്. ഫാഷിസത്തിന്റെ മുന്നിൽ ഇരവാദം വിജയിക്കില്ല എന്നത് അനുഭവങ്ങളുടെ തിരിച്ചറിവാണ്. കൊന്നാലും തീരില്ല എന്നിടത്താണ് അവർ പൗരത്വം റദ്ദ് ചെയ്യാനുള്ള തന്ത്രം മെനഞ്ഞത്. രാജ്യത്തിനുള്ളിൽ അവകാശങ്ങളില്ലാത്ത രണ്ടാംതരം അടിമകളെ സൃഷ്ടിക്കുക എന്നത് മുമ്പ് പരീക്ഷിക്കപ്പെട്ടതാണ്. മുസ്‌ലിം സമുദായ നേതൃത്വം അകലങ്ങൾ കുറച്ചു അടുത്തിരുന്നു എന്നത് ഫാഷിസം കാണാതെ പോയ സാധ്യതയായിരുന്നു. ദൈവിക സഹായം എപ്പോഴും മാലാഖമാരുടെ ഇറക്കം ആവണമെന്നില്ല. ശത്രു അറിയാതെ ചതുപ്പുനിലം തെരഞ്ഞെടുക്കുന്നു എന്നതുമാവാം. ആത്മവിശ്വാസത്തിന്റെ തോത് കൂട്ടാൻ സമുദായത്തിന് അത് ഉപകരിച്ചു എന്നത് സത്യമാണ്. അത് എല്ലാവരിലേക്കും പകർന്നെത്തിയിട്ടില്ല എന്ന് പുതിയ കലാപങ്ങളിലെ വെന്തു വെണ്ണീറായ ഗ്രാമങ്ങൾ കാണിച്ചു തരുന്നു. ഓരോ ഗ്രാമത്തിലും ഗല്ലിയിലും സഫൂറമാരും ആഇശമാരും റാനിയമാരും ഉണ്ടാവേണ്ടതുണ്ട്. പേടിച്ചു മരിക്കുന്നതിലും ഭേദം വിരൽ ചൂണ്ടി വിറപ്പിച്ചു കൊണ്ട് തീരുന്നതാണ് അന്തസ്സ് എന്ന് കരുതുന്ന ഒരു തലമുറ.

> ഇന്ത്യയുടെ മിടിപ്പും ചരിത്രവും ധ്രുവീകരണത്തിന്റെ വാതിലുകൾ പണ്ടേ തുറന്നുവിട്ടിട്ടുണ്ട്. കുടം തുറന്ന ഭൂതത്തെപ്പോലെ 'നാനാത്വത്തിൽ ഏകത്വം' ഏകത്വത്തിലെ നാനാത്വമായും ഏകത്വത്തിലെ പ്രിവിലേജ്ഡ് ഏകത്വമായും മാറുന്നതാണ് സമകാല വർത്തമാനം. അതൊരു അത്ഭുതല്ല. 'റാഡിക്കൽ ബ്രാഹ്മണിസം' കോൺഗ്രസിലെ തന്നെ ഒരു ധാര എക്കാലവും കൃത്യമായി നിലനിർത്തിയിരുന്ന ബോധമായിരുന്നു.

വാതിലുകൾ അടക്കുകയാണ് ഫാഷിസത്തിന്റെ രീതി. ഉള്ളിലേക്കുള്ള ഒഴുക്കും പുറത്തേക്കുള്ള ഒഴുക്കും തടഞ്ഞു ശ്വാസം മുട്ടിച്ച് ഇല്ലാതാക്കുന്ന പുതിയ ഗ്യാസ് ചേമ്പറുകളാണത്. സാമ്പത്തികവും സാംസ്കാരികവുമായ കൊച്ചാക്കലുകളാണതിന്റെ തുടക്കങ്ങൾ. അരികുവൽക്കരണവും അപരവൽക്കരണവും കൊണ്ട് പൊതു ജീവിതത്തിന്റെ സാധ്യതകളെ പരിമിതപ്പെടുത്തുകയാണത്. പണ്ടേയുള്ള സ്റ്റീരിയോടൈപ്പ് ഫ്രെയിമുകളിൽനിന്നും വലിയ സ്ക്രീനുകളിലേക്ക് പേരിനെയും രൂപത്തെയും മാത്രമല്ല, ഭരണഘടന അനുവദിക്കുന്ന അടിസ്ഥാന അവകാശങ്ങൾക്കു പോലും ഇവർ യോഗ്യരല്ല എന്ന സവർണ ബോധത്തെ പൊതുബോധമായി സംക്രമിപ്പിക്കുന്നു. ആൾക്കൂട്ട അക്രമങ്ങളിൽ ഒരു മൃഗത്തിന് കൊടുക്കുന്ന വിലപോലും മനുഷ്യജീവന് കിട്ടാത്തത് ഇത്തരം വൈകാരിക തീവ്രത അറിയാതെ അവർണനിലേക്കും ദലിതുകളിലേക്കും വരെ അത് കുത്തിവെക്കപ്പെടുന്നതു കൊണ്ടാണ്. ഇതിന്റെ മൂർധന്യതയാണ് ഭരണഘടന റദ്ദാക്കലും ഹൈന്ദവ രാഷ്ട്ര പ്രഖ്യാപനവുമെല്ലാം. ആ ചവിട്ടുപടികളെ കിട്ടാവുന്നിടത്തെല്ലാം പ്ലാറ്റ്ഫോമുകളിൽ ഭരണഘടന ഉയർത്തിപ്പിടിച്ചു കടന്നാക്രമിക്കുക വലിയ സാധ്യതയാണ്. നാളെ കടലാസ്സ് ആയി മാറാവുന്ന അംബേദ്കറിന്റെ അധ്വാനം ഇന്ന് സുപ്രീം കോടതിയിൽ വ്യവഹരിക്കാവുന്ന ഒരു രേഖയായി നിൽക്കുന്ന കാലം വരെയേ അതിനും സാധ്യതയുള്ളൂ. വർഗീയതയുടെ ചിതലരിക്കാത്തതോ അത്രത്തോളം ചീഞ്ഞിട്ടില്ലാത്തതോ ആയ പൊളിറ്റിക്കലോ അല്ലാത്തതോ ആയ സംഘങ്ങളുമായുള്ള നിരന്തര പങ്കിടലുകൾ ഇത്തരുണത്തിൽ അനിവാര്യമാണ്. കേരളത്തിനപ്പുറം അത്തരം സാധ്യത തുലോം കുറവാകുന്നത് സ്വയം അപരവത്കരിച്ചുള്ള 'തിരിച്ചറിയൽ' ബോധങ്ങൾ മൂലമാണ്. ഭാഷയും വേഷവും മുതൽ കച്ചവടവും വീട് നിർമാണരീതി വരെയുള്ളതിൽ 'ഞങ്ങൾ മുസ്‌ലിംകളാണെന്ന്' പറയാതെ പറയുന്നവർ ആദർശത്തിന്റെ അടിസ്ഥാന മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്തു പൊതുസമൂഹത്തിലേക്കു ഇഴുകിച്ചേരുന്നതാണ് കാണുന്നത്. കാണിക്കേണ്ടത് മറച്ചുപിടിക്കുകയും മറക്കേണ്ടത് കാണിക്കുകയും ചെയ്യുന്ന ഒരു തരം ട്രപ്പീസ് കളി. ഈ വൈരുധ്യാത്മക കുത്തൊഴുക്കിന് തടയിടാൻ ദയൂബന്ദുകളും ദാറുൽ ഉലൂമുകളും ഒരൽപം ചേർന്നിരിക്കേണ്ടതുണ്ട്. തലയുണ്ടാവുകയാണ് തല തടവൽ മസ്അലയെയും നിലനിർത്തുക. അറബ് രാജ്യങ്ങളിലെ പുതിയ തലമുറയെ ഉപയോഗിച്ചു ഒരുപക്ഷേ അത്തരം ചേർന്നിരിക്കലുകൾ സാധ്യമായേക്കാം.

ആദർശ സമൂഹമല്ല, ആൾക്കൂട്ടമാണ് ഇന്ത്യൻ മുസ്‌ലിംകൾ. വൈകാരികത കൊണ്ട് ദീനിനെ മാറോടു പിടിക്കുന്നവർ. അടിത്തട്ടിലെ ചെറിയ മാറ്റങ്ങൾ പോലും അവരിൽ അത്ഭുതകരമായ പരിവർത്തനമുണ്ടാക്കും. വിദ്യാഭ്യാസവും അതുവഴി സോഷ്യൽ എൻഗേജ്മെന്റും പുതിയ തലമുറയിലേക്കു പ്രസരിപ്പിക്കാൻ സാധിച്ചാൽ ഫാഷിസം വിയർക്കുക തന്നെ ചെയ്യും. ആസൂത്രിത കാൽവെപ്പുകൾ അതിനനിവാര്യമാണ്. ചിന്തൻ ബൈഠക്കുകൾ ഇവിടെയും വേണ്ടതുണ്ട്. ശിക്ഷകുമാർ സേവന സന്നദ്ധരായി മുന്നോട്ടു വരണം. ●



● പീസ് വില്ലേജ്

# തർബിയത്ത് യാത്ര

**തർബിയത്ത് / എ. മൊയ്തീൻ കുട്ടി ഓമശ്ശേരി**

'അലാ ലൈത്തശ്ശബാബ യഊദു യൗമൻ
ഫ ഉഖ്ബിറഹു ബിമാ ഫഅലൽ മശീബു'
(നഷ്ടയൗവനമൊരു നാൾ മടങ്ങിവന്നെങ്കിൽ
വരതൻ വികൃതികളോതിക്കൊടുത്തേനെ ഞാൻ)

ചെറുപ്പത്തിൽ പഠിച്ച ഈ അറബിക്കവിത അന്വർഥമാക്കുന്നതായിരുന്നു രണ്ടു ദിവസത്തെ 'തർബിയത്ത് ടൂർ'. ചിരകാലമായി ആഗ്രഹിച്ചതായിരുന്നു ഓമശ്ശേരി ഏരിയാ ജമാഅത്തംഗങ്ങളുടെ ഒരു തർബിയത്ത് ടൂർ. കുട്ടികളുടെ പരീക്ഷ, ഉംറ, കല്യാണങ്ങൾ അങ്ങനെ... പലവിധ പ്രതിബന്ധങ്ങൾ നിമിത്തം അത് നീണ്ടുപോയി. ഏതായാലും ഏതാനും മാസങ്ങൾക്ക് മുമ്പ് ആ ആഗ്രഹം പൂവണിയുകയായിരുന്നു. ഇരുപതോളം അംഗങ്ങളും അവരുടെ കുടുംബങ്ങളുമായിരുന്നു ടൂറിലുണ്ടായിരുന്നത്. പ്രതിബന്ധങ്ങൾ നിമിത്തം എട്ട് അംഗങ്ങൾക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല.

അംഗങ്ങളിൽ ഏറെ പേരും വാർധക്യസഹജമായ രോഗങ്ങളും വിവശതകളും ഉള്ളവരായിരുന്നു. വയനാട്ടിലേക്കായിരുന്നു യാത്ര. സ്വാഭാവികമായും നാടിനേക്കാൾ തണുപ്പുള്ള പ്രദേശമായതുകൊണ്ട് അത് എങ്ങനെ ബാധിക്കുമെന്ന ആശങ്കയുണ്ടായിരുന്നു. ആവശ്യമായ മുൻകരുതലുകൾ എടുത്തു. ആദ്യമായി പൂക്കോട്ട് തടാകം സന്ദർശിച്ചു. പിന്നീട് പിണങ്ങോട്ടെ പീസ് വില്ലേജിലാണ് എത്തിയത്. യാത്രയിലുടനീളം വിജ്ഞാനപ്രദമായ ക്വിസുകളും കുട്ടികളുടെ ഗാനങ്ങളുമുണ്ടായിരുന്നതുകൊണ്ട് ആർക്കും ക്ഷീണമോ വിരസതയോ അനുഭവപ്പെട്ടില്ല. യാത്രയിൽ വയസ്സന്മാരടക്കം ആരും ഉറങ്ങാൻ പാടില്ലെന്ന് യാത്രാ അമീർ സി.ടി സുബൈർ തുടക്കത്തിൽ തന്നെ പറഞ്ഞതിന്റെ പൊരുൾ അപ്പോഴാണ് മനസ്സിലായത്.

പീസ് വില്ലേജിൽ, അതിന്റെ സ്ഥാപകൻ ബാലിയിൽ മുഹമ്മദ് ഹാജി, വൈസ് ചെയർമാൻ എം.കെ മുഹമ്മദലി, സെക്രട്ടറി സദ്റുദ്ദീൻ വാഴക്കാട് തുടങ്ങിയ ഭാരവാഹികളും പ്രവർത്തകരും ഞങ്ങളെ ഹൃദ്യമായി സ്വീകരിച്ചു. നമസ്കാരത്തിനും പീസ് വില്ലേജ് കുടുംബാംഗങ്ങളോടൊപ്പ

എല്ലാവരും വളരെ സന്തുഷ്ടരാണെന്ന് പ്രഥമ ദൃഷ്ട്യാതന്നെ ബോധ്യമായി. ആ കുടുംബാംഗങ്ങൾ പല പ്രകൃതക്കാരായിരുന്നു. രോഗികൾ, ബലഹീനർ, പരസഹായം കൂടാതെ എഴുന്നേൽക്കാനോ ഭക്ഷണം കഴിക്കാനോ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലുമോ കഴിയാത്തവർ, ഓർമശക്തി നഷ്ടപ്പെട്ടവർ. അവർ പല നാട്ടുകാരാണ്, പല മതക്കാർ.

മുള്ള ഭക്ഷണത്തിനും ശേഷം സ്ഥാപനം ചുറ്റിക്കാണുകയും അവരെ പരിചയപ്പെടുകയും ചെയ്തു (അന്തേവാസികൾ എന്ന് പീസ് വില്ലേജിലുള്ളവരെപ്പറ്റി പ്രയോഗിക്കാനോ അവരുമായി പരിചയപ്പെടുമ്പോൾ പൂർവ ചരിത്രം ചോദിക്കാനോ പാടില്ലെന്ന് സദ്റുദ്ദീൻ വാഴക്കാട് ഞങ്ങൾക്ക് നിർദേശം തന്നിരുന്നു). എല്ലാവരും വളരെ സന്തുഷ്ടരാണെന്ന് പ്രഥമ ദൃഷ്ട്യാതന്നെ ബോധ്യമായി. ആ കുടുംബാംഗങ്ങൾ പല പ്രകൃതക്കാരായിരുന്നു. രോഗികൾ, ബലഹീനർ, പരസഹായം കൂടാതെ എഴുന്നേൽക്കാനോ ഭക്ഷണം കഴിക്കാനോ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലുമോ കഴിയാത്തവർ, ഓർമശക്തി നഷ്ടപ്പെട്ടവർ. അവർ പല നാട്ടുകാരാണ്, പല മതക്കാർ. അവരിൽ ദുരിതപർവങ്ങൾ താണ്ടിക്കടന്ന് പീസ് വില്ലേജിലെത്തിച്ചേർന്ന കവയിത്രിയും സാഹിത്യകാരിയുമായ ഭാരതിയമ്മയുടെ വാക്കുകളിൽ:


● യാത്രാസംഘം ബാലിയിൽ മുഹമ്മദ് ഹാജിയോടൊപ്പം

പല ദേശക്കാരായിടും
പല ഭാഷക്കാരേവരും
പ്രായഭേദമില്ലാതെ
സസുഖം വസിച്ചീടുന്നൊരു
കൂട്ടുകുടുംബമാണിത്.
ഇവർക്കായി രാപ്പകൽഭേദമന്യേ
സ്നേഹപൂർവം സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു പറ്റം സഹോദരി സഹോദരന്മാർ. ഭാരതിയമ്മയുടെ തന്നെ വാക്കുകളിൽ:

അഛനമ്മമാരെപ്പോൽ
സ്വന്തം കൂടപ്പിറപ്പുപോൽ
ത്യാഗമെന്നതേ ജീവിത
മെന്നുറച്ചു സേവിപ്പൂ
ഞങ്ങൾ തൻ മക്കൾ ഞങ്ങളെ
ഇവിടെമാണീശ്വര സന്നിധാനം
ഇടറുന്ന മനസ്സുകൾക്കഭയസ്ഥാനം.

ഈ കരുണാലയത്തിന്റെ സംസ്ഥാപകർക്കും അതിനായി ജീവിതം സമർപ്പിച്ച് രാപ്പകൽ സേവനനിരതരായ പ്രവർത്തകർക്കും സർവശക്തനായ അല്ലാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ.

മൂന്നു മണിയോടെ അവരുമായി യാത്ര പറഞ്ഞിറങ്ങി. വൈകുന്നേരത്തോടെ തമിഴ്നാട് ബോർഡറിൽ, ബാലിയിൽ മുഹമ്മദ് ഹാജിയുടെ വക റിസോർട്ടിൽ അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചുകൊണ്ട് ഞങ്ങളെത്തി. എഴുപത്തഞ്ചേക്കർ വരുന്ന ഒരു കാപ്പിത്തോട്ടമായിരുന്നു അത്. ഫോർ വീലർ വാഹനങ്ങൾ



● ബാലിയിൽ മുഹമ്മദ് ഹാജി പീസ് വില്ലേജ് കുടുംബാംഗങ്ങളോടൊപ്പം



● പീസ് വില്ലേജിലെ കുടുംബാംഗങ്ങൾ

മാത്രം കയറുന്ന, വലിയ കുന്നുകളും ചെങ്കുത്തായ മലകളും. ഞങ്ങൾക്ക് വേണ്ടി മുഹമ്മദ് ഹാജി തന്നെ തന്റെ മൂന്നു വാഹനങ്ങൾ ഏർപ്പാട് ചെയ്തിരുന്നു. അതിൽ തുറന്ന പിക്കപ്പ് ജീപ്പിൽ പ്രകൃതിരമണീയത ആസ്വദിച്ചുകൊണ്ടുള്ള യാത്ര സ്ത്രീകളടക്കമുള്ളവർക്ക് നവ്യാനുഭവമായി. ചെറിയ വാഹനങ്ങളായിട്ടു കൂടി റിവേഴ്സെടുക്കാതെ ഒറ്റയടിക്ക് കയറിപ്പോകാൻ പറ്റാത്ത ഹയർ പിന്നുകൾ പിന്നിടുമ്പോൾ പലരും ശ്വാസമടക്കിപ്പിടിക്കുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ഏറ്റവും ഉയർന്നുനിൽക്കുന്ന മലമുകളിൽ മനോഹരമായി നിർമിക്കപ്പെട്ട രണ്ട് പാർപ്പിടങ്ങളിൽ ഞങ്ങൾ എത്തിച്ചേർന്നു. മുഹമ്മദ് ഹാജിയും കുടുംബവും ഞങ്ങളെ ഹാർദമായി സ്വീകരിച്ചു. ശരീരത്തിനും മനസ്സിനും കുളിര് പകരുന്ന മനോഹാരിത. കണ്ണെത്താദൂരങ്ങളിൽ പച്ചക്കമ്പിളി പുതച്ച മലമേടുകൾ. ചായ കുടിച്ച ശേഷം ഞങ്ങൾ പുറത്തിറങ്ങി. റിസോർട്ടിലൂടെ അൽപനേരം സഞ്ചാരം. വൈവിധ്യമാർന്ന ആടുമാടുകളുടെയും കോഴികളുടെയും ഫാമുകൾ. പലതരം പറവകളുടെ കളകൂജനങ്ങൾ. എല്ലാറ്റിനും കാവൽക്കാരായി വലിയ നായകൾ. ചെറിയ തടാകത്തിലെ ബോട്ടിംഗ്. എല്ലാം കൂടി വാർധക്യത്തിന്റെ അവശതകളും വിവശതകളും യുവത്വത്തിന്റെ പിരിമുറുക്കങ്ങളുമെല്ലാം പൂർണമായും വിസ്മരിച്ച ഒരു സായാഹ്നം. പിന്നീട് വീട്ടുമുറ്റത്ത് വെച്ച് മഗ്‌രിബും ഇശാഉം ജംഉം ഖസ്റുമാക്കി നമസ്കാരം.

തുടർന്ന് നടന്ന ഒത്തുചേരൽ അവിസ്മരണീയമായ ഒരു തർബിയത്ത് ക്യാമ്പ് തന്നെയായിരുന്നു. കെ.ടി നസീമ ടീച്ചറുടെ ഖുർആൻ ബോധനത്തോടെയാണ് ആരംഭിച്ചത്. മുഹമ്മദ് ഹാജി സ്വാഗതമാശംസിച്ചു. തുടർന്ന് അബ്ദുർഹ്മാൻ തറുവായി, ഒ.പി അബ്ദുസ്സലാം മൗലവി, എ. മൊയ്തീൻ കുട്ടി, പി. അബ്ദുല്ല തുടങ്ങിയ തലമുതിർന്ന പ്രവർത്തകർ തങ്ങളുടെ പ്രാസ്ഥാനിക ജീവിതാനുഭവങ്ങൾ സദസ്സുമായി പങ്കുവെച്ചു. തുടർന്ന് ചർച്ചകളും സംശയനിവാരണങ്ങളുമായിരുന്നു. മുഹമ്മദ് ഹാജിയുടെ ജീവിതാനുഭവങ്ങളും ആവേശദായകമായിരുന്നു. ഇടക്കിടെ കുട്ടികളുടെയും വലിയവരുടെയും ഗാനങ്ങളും വിവിധ കലാപരിപാടികളും. പിന്നീട് ഹൃദ്യമായ സൽക്കാരം. ഒരേ പാത്രത്തിൽനിന്ന് വട്ടമിട്ടിരുന്ന് ഭക്ഷണം. അതിഥികൾ കഴിച്ച അതേ പാത്രത്തിൽനിന്നുതന്നെ ആതിഥേയരും. എല്ലാം കൂടി അവിസ്മരണീയമായ അനുഭവം. പിന്നീട് സുഖനിദ്ര. പുരുഷന്മാർ ഒരു വീട്ടിലും സ്ത്രീകൾ മറ്റേ വീട്ടിലും. കട്ടിലിലും തറയിലും ഒരുമിച്ചൊന്നായി. നേരത്തേ എഴുന്നേറ്റ് രാത്രി നമസ്കാരവും സ്വുബ്ഹ് നമസ്കാരവും. രാവിലത്തെ നാശ്ത്ത കൂടി കഴിഞ്ഞു മാത്രമേ ആതിഥ്യം അവസാനിച്ചുള്ളൂ. പിന്നീട് അമ്പലവയലിലൂടെ പൂന്തോട്ടവും ഒരു വെള്ളച്ചാട്ടവും സന്ദർശിച്ചാണ് ടൂർ അവസാനിപ്പിച്ചത്. വർഷംതോറും ഇത്തരത്തിലുള്ള ടൂർ സംഘടിപ്പിക്കണമെന്ന ഏകകണ്ഠമായ നിർദേശവും അടുത്ത കൊല്ലം ഇൻശാ അല്ലാഹ്, റുക്നുകളായി കൊണ്ടാണ് ടൂറിൽ പങ്കെടുക്കുക എന്ന പലരുടെയും പ്രഖ്യാപനത്തോടെയും നടന്ന അവലോകനവും ഉദ്ബോധനവും. വൈകുന്നേരത്തോടെ നാട്ടിൽ തിരിച്ചെത്തി. പ്രസ്ഥാന പ്രവർത്തകർ കുടുംബ സമേതം നടത്തുന്ന ഇത്തരം യാത്രകൾ പലനിലക്കും നമ്മുടെ ജീവിതത്തിന് മുതൽക്കൂട്ടായിരിക്കും. ●



# പി. ഖാസിം എഞ്ചിനീയർ

**പത്തു** വർഷത്തിലധികം ഊട്ടേരി മഹല്ല് പ്രസിഡന്റായിരുന്ന പി. ഖാസിം സാഹിബ് (എഞ്ചിനീയർ) ആകർഷക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

ടി.കെ.എം എഞ്ചിനിയറിംഗ് കോളേജിൽനിന്ന് സിവിൽ എഞ്ചിനീയറിംഗിൽ ബിരുദവും, സൂറത്കൽ ആർ.ഇ.സിയിൽനിന്ന് മറൈൻ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദവും നേടിയ അദ്ദേഹം പഠിച്ച കോളേജിൽ തന്നെ അസിസ്റ്റന്റ് പ്രഫസറായി ജോലി ചെയ്തു.

കുറച്ചു കാലം ലിബിയയിലും പിന്നീട് കുവൈത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് റിസർച്ചി(KISR)ൽ സയന്റിസ്റ്റായും പ്രവർത്തിച്ചു. ജീവിതത്തിന്റെ ശിഷ്ടകാലം നാട്ടിൽ ചെലവഴിച്ചു ഖാസിം സാഹിബ്. മുസ്‌ലിംകൾ അക്കാദമിക രംഗത്ത് പിന്നാക്കമായിരുന്ന ഒരു കാലത്ത് ആ മേഖലയിൽ മികവു തെളിയിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ സവിശേഷത.

ഊട്ടേരി മഹല്ലിന്റെ വികസനത്തിനു വേണ്ടി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മഹല്ലിലെ പാവപ്പെട്ടവരെ സഹായിക്കുന്നതിലും അവരെ പുനരധിവസിപ്പിക്കുന്നതിലും ഏറെ താൽപര്യം കാണിച്ച അദ്ദേഹം തന്റെ കൈവശമുള്ള ഭൂമിയുടെ ഒരു ഭാഗം അത്തരക്കാർക്ക് വീടു വെച്ച് താമസിക്കാനായി വിട്ടു നൽകി. അതുപോലെ പൊതുജനങ്ങൾക്കായി സ്ഥാപിച്ച കുടിവെള്ള പദ്ധതി ഏറെപേർക്ക് ഉപകാരപ്പെടുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പള്ളികൾ നിർമിക്കുന്നതിന് ഫണ്ടുകൾ സംഘടിപ്പിച്ചു നൽകുകയും പള്ളികളുടെ നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പള്ളി നിർമാണത്തിന് ഖാസിം സാഹിബിന്റെ സാങ്കേതിക ജ്ഞാനവും അനുഭവസമ്പത്തും പലരും ഉപയോഗപ്പെടുത്തിയിരുന്നു.

ഊരള്ളൂരിൽനിന്നും കുറ്റിക്കാട്ടൂരിലേക്ക് താമസം മാറിയതിനു ശേഷവും ഊട്ടേരി മഹല്ലുമായുള്ള ബന്ധം അറ്റുപോകാതെ ഖാസിം സാഹിബ് കാത്തു സൂക്ഷിച്ചു.

ദീനീ വിഷയങ്ങളിലും അറബി ഭാഷയിലും നല്ല അറിവുണ്ടായിരുന്ന ഖാസിം സാഹിബിന് ഖുർആന്റെ വലിയൊരു ഭാഗം മനഃപാഠമായിരുന്നു. ശ്രുതിമധുരമായിരുന്നു ഖുർആൻ പാരായണം. ആ ഖിറാഅത്തിന്റെ വശ്യത കാരണം കുവൈത്തിലെ അറബികൾ പോലും നമസ്കാരത്തിൽ പലപ്പോഴും അദ്ദേഹത്തെ ഇമാം ആക്കിയിരുന്നു. തറാവീഹ് ഉൾപ്പെടെ നമസ്കാരത്തിന് നേതൃത്വം നൽകുന്ന മഹല്ല് പ്രസിഡന്റുമാർ അപൂർവമായിരിക്കുമല്ലോ.



വേളത്തെ കൂരങ്ങോട്ട് തറവാട്ടിലെ പ്രമുഖ പണ്ഡിത കുടുംബത്തിലായിരുന്നു ഖാസിം സാഹിബിന്റെ ജനനം. ദീർഘകാലം എലങ്കമൽ മഹല്ല് ഖാദിയും പ്രമുഖ പണ്ഡിതനുമായിരുന്ന ഇബ്റാഹീം മുസ്‌ലിയാരുടെ മകൻ അമ്മത് മുസ്‌ലിയാരാണ് ഖാസിം എഞ്ചിനീയറുടെ പിതാവ്. അദ്ദേഹവും അറിയപ്പെട്ട പണ്ഡിതനും ഉൽപതിഷ്ണുവുമായിരുന്നു. പാരമ്പര്യ പണ്ഡിത കുടുംബത്തിൽ ജനിച്ച സാത്വികനായ പിതാവിന്റെ പുരോഗമന കാഴചപ്പാടാണ് എഞ്ചിനീയറിംഗിൽ പോസ്റ്റ് ഗ്രാജ്വേഷൻ നേടാൻ അക്കാലത്ത് അദ്ദേഹത്തിന് പ്രേരണയായത്. കൂടാതെ ഊരള്ളൂരിലെ പൗരപ്രമുഖനും കോഴിക്കോട്ട് വ്യാപാരിയും പിതൃവ്യനുമായിരുന്ന മർഹൂം ഇ.കെ അഹമ്മദ് കുട്ടി ഹാജിയുടെ മാർഗനിർദേശവും സഹായവും ഖാസിം എഞ്ചിനീയറുടെ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടായി. പിന്നീട് ഇ.കെ അഹമ്മദ് കുട്ടി ഹാജിയുടെ മൂത്ത മകൾ സഫിയയെ വിവാഹം ചെയ്തു. അവരുടെ അകാലത്തിലുള്ള വേർപാട് ഖാസിം സാഹിബിനെ വല്ലാതെ ഉലച്ചിരുന്നു.

ഖാസിം സാഹിബിന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് നമ്മെ വിട്ടുപിരിഞ്ഞ സർഗധനനായ വേളം അബ്ദുൽ മജീദ് മാസ്റ്റർ, ഖാസിം സാഹിബിന്റെ അനുജനാണ്. കുവൈത്തിലുള്ള ഡോ. നജീബ്, ശിഫ, ത്വാഹിറ എന്നിവർ മക്കളാണ്. പി.കെ അബ്ദുർറസാഖ് ചേന്ദമംഗല്ലൂർ, പി.ടി യൂനുസ് ചേന്ദമംഗല്ലൂർ, മുൻ മന്ത്രിയും എം.പിയുമായ ഇ. ടി മുഹമ്മദ് ബഷീർ സാഹിബിന്റെ മകൾ സമീന എന്നിവർ മരുമക്കളാണ്.

**കെ.കെ അബ്ദുൽ ഗഫൂർ,**
**ഊട്ടേരി**

# അബ്ദുൽ ഖാദിർ മൗലവി



**ആദ്യകാല** ഇസ്‌ലാമിക പ്രവർത്തകനും ജമാഅത്തെ ഇസ്‌ലാമി അംഗവുമായിരുന്നു ടി.എ അബ്ദുൽ ഖാദിർ മൗലവി. കൊല്ലം, കരിക്കോട് ഘടകങ്ങളുടെ നാസിമായി ഏറെക്കാലം പ്രവർത്തിച്ചിരുന്നു. അറബി ഭാഷാ പണ്ഡിതനും കൊല്ലം ഭാഷാധ്യാപക പരിശീലന കേന്ദ്രത്തിൽ ദീർഘകാലം ചീഫ് ഇൻസ്ട്രക്ടറുമായിരുന്ന അദ്ദേഹം ഫറോക്ക് റൗദത്തുൽ ഉലൂമിൽനിന്നാണ് അഫ്ദലുൽ ഉലമാ പാസ്സായത്. കേരളത്തിലെ വിവിധ മുസ്‌ലിം സംഘടനകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ നേതാക്കൾ ഉൾപ്പെടെ നിരവധി പേർ മൗലവിയുടെ ശിഷ്യന്മാരാണ്. സൗമ്യതയും പുഞ്ചിരിയും വശ്യമായ പെരുമാറ്റവുമാണ് അദ്ദേഹവുമായി ഇടപഴകിയവർ എപ്പോഴും ഓർക്കുക.

അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃ, സ്ത്രീകളുടെ പള്ളിപ്രവേശം, മുബ്തദിഉകളെ തിരിച്ചറിയുക തുടങ്ങി ഏതാനും ലഘുകൃതികൾ രചിച്ച് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ മാഞ്ഞാലിയാണ് ജന്മദേശം. ജോലിയുമായി ബന്ധപ്പെട്ട് കൊല്ലത്തെത്തുകയും വിവാഹാനന്തരം കരിക്കോട് സ്ഥിരതാമസമാക്കുകയും ചെയ്തു. പൂർണമായും പ്രാസ്ഥാനിക കുടുംബമാണ് മൗലവിയുടേത്. കേരളാ അറബിക് മുൻഷീസ് അസോസിയേഷൻ സ്ഥാപക നേതാവായ മങ്ങാട് മുഹമ്മദ് കുഞ്ഞ് മുൻഷിയുടെ മകളും റിട്ടയേഡ് അധ്യാപികയുമായ ആരിഫയാണ് ഭാര്യ. ജമാഅത്തെ ഇസ്‌ലാമി കൊല്ലം ഏരിയാ പ്രസിഡന്റും ഐ.ആർ.ഡബ്ല്യു ജില്ലാ കൺവീനറുമായ ടി.എ ഖലീലുല്ല മകനാണ്. മറ്റു മക്കൾ: അമീന, നജീബ.

**സൈനുദ്ദീൻ കോയ, കൊല്ലം**

# പി. ഇബ്‌റാഹീം



**ഇസ്‌ലാമിക** പ്രസ്ഥാന മാർഗത്തിലെ മാതൃകാ പ്രവർത്തകനായിരുന്നു ചെരക്കാപറമ്പിലെ പി. ഇബ്‌റാഹീം (72). ഔദ്യോഗിക ജീവിതത്തിലും റിട്ടയർമെന്റ് കാലത്തും പ്രസ്ഥാനത്തിനുവേണ്ടി സജീവമായി നിലകൊണ്ടു. തിരൂർക്കാട് എ.എം ഹൈസ്കൂളിലെ ആദ്യ എസ്.എസ്.എൽ.സി ബാച്ചിൽ ഫസ്റ്റ് ക്ലാസോടെ പാസ്സായി.

ഉപരിപഠനത്തിനുശേഷം ബി.എസ്.എൻ.എല്ലിൽ ജൂനിയർ ടെലികോം ഓഫീസറായി ജോലി ചെയ്തു. യുവാവായിരിക്കുമ്പോൾ തന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശങ്ങളിൽ ആകൃഷ്ടനായി. ഇസ്‌ലാമിനെ പറ്റി കൂടുതൽ പഠിക്കാനും ഇത് അവസരമൊരുക്കി. ജമാഅത്തിന്റെ കാർകുൻ ഹൽഖാ നാസിമായി ഏറെക്കാലം പ്രവർത്തിച്ചു. പാറപ്പറമ്പ് മഹല്ല് കമ്മിറ്റി മുൻ സെക്രട്ടറി, ചെരക്കാപറമ്പ് മസ്ജിദുസ്സലാം പ്രസിഡന്റ്, വലിയ വീട്ടിൽപടി മസ്ജിദുത്തൗഹീദ് കമ്മിറ്റിയംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. മസ്ജിദുത്തൗഹീദിന്റെ കീഴിലുള്ള സകാത്ത് കമ്മിറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ച അദ്ദേഹം സകാത്തിന്റെ സംഘടിത വിതരണത്തിന്റെ ഗുണവശങ്ങളെ പറ്റി മഹല്ല് നിവാസികൾക്ക് അവബോധം നൽകി. പൊതുജന കൂട്ടായ്മയിലൂടെ ഉളുഹിയ്യത്ത് സംരംഭത്തിനും പ്രേരണ നൽകി. മഹല്ലിലുള്ള വിവിധ പള്ളികളുമായി നല്ല ബന്ധം പുലർത്തുകയും പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു.

വ്യക്തിജീവിതത്തിലെ സ്വഭാവ സവിശേഷതകൾ ചെരക്കാപറമ്പിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾക്കിടയിൽ ഇബ്‌റാഹീം സാഹിബിനെ സമുന്നത വ്യക്തിത്വത്തിന്റെ ഉടമയാക്കി. സാമൂഹിക രംഗത്തെ സജീവതയും അമുസ്‌ലിം സുഹൃത്തുക്കളുമായുള്ള നിരന്തര ബന്ധവും സൗമ്യശീലവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. പൊതുസ്വീകാര്യനായ മാധ്യസ്ഥൻ കൂടിയായിരുന്നു അദ്ദേഹം.

ഭാര്യ: പുലാമന്തോൾ യു.പിയിലെ തെക്കേതിൽ ഫാത്വിമ എന്ന മാളു. മക്കൾ: നിസാർ മുഹമ്മദ് (ഷാർജ), റിയാസ് മുഹമ്മദ് (കെ.എസ്.ഇ.ബി ജൂനിയർ എഞ്ചിനീയർ, അരീക്കോട്).

**പി.എ.എം അബ്ദുൽഖാദർ,**
**തിരൂർക്കാട്**

# ആലത്തൂർ മജീദ്



**പാലക്കാട്** ജില്ലയിലെ ആലത്തൂർ ടി.ബി റോഡ് പ്രാദേശിക ജമാഅത്തിലെ പ്രവർത്തകനായിരുന്നു കഴിഞ്ഞ ഡിസംബറിൽ അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി നമ്മെ വിട്ടുപിരിഞ്ഞ മജീദ് സാഹിബ്. ഇസ്‌ലാമിക പ്രസ്ഥാനത്തിനു വേണ്ടി തന്റെ ജീവിതം സമർപ്പിച്ച അദ്ദേഹം ശരീരം തളർന്ന് കിടപ്പിലാകുന്നതു വരെ പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. പ്രാദേശിക ജമാഅത്തിനു കീഴിൽ നടക്കുന്ന എല്ലാ സ്ക്വാഡ് പ്രവർത്തനങ്ങളിലും നിറസാന്നിധ്യമായി അദ്ദേഹം ഉണ്ടായിരുന്നു. ആലത്തൂർ ഇശാഅത്ത് മസ്ജിദിനു കീഴിൽ നൂറുകണക്കിന് ആളുകളെ പങ്കെടുപ്പിച്ച് എല്ലാ വർഷവും റമദാൻ മാസത്തിൽ നടക്കുന്ന നോമ്പുതുറ, റമദാൻ കിറ്റ് വിതരണം, ഫിത്വ്ർ സകാത്ത് അരി വിതരണം, ജില്ലക്കകത്തും പുറത്തുമുള്ള കാലിച്ചന്തകളിൽ പോയി ഉളുഹിയ്യത്തിനുള്ള ഉരുക്കളെ സംഘടിപ്പിക്കൽ, ഉളുഹിയ്യത്ത് മാംസം വിതരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വത്തിന് താങ്ങായി എന്നും അദ്ദേഹം ഉണ്ടായിരുന്നു.

ആലത്തൂർ അൽമനാർ മദ്റസയിലെ ദീർഘ നാളത്തെ അധ്യാപനം മൂലം രണ്ടു തലമുറകൾക്ക് അറിവ് പകർന്നുകൊടുക്കാനുള്ള സൗഭാഗ്യം അദ്ദേഹത്തിനുണ്ടായി. ഇശാഅത്ത് മസ്ജിദിൽ ദീർഘകാലം മുഅദ്ദിനായി ജോലി അനുഷ്ഠിച്ചിരുന്ന അദ്ദേഹം കുറച്ചുകാലം കാസർകോട് ജില്ലയിലും ജോലി ചെയ്തിരുന്നു.

പ്രദേശത്തെ അറിയപ്പെടുന്ന ജനസേവന പ്രവർത്തകനായിരുന്നു മജീദ് സാഹിബ്. മരണവീടുകളിൽ ആദ്യമെത്തുകയും ജനാസ ശുശ്രൂഷകൾ മുന്നിൽ നിന്ന് നിർവഹിക്കുകയും ചെയ്തിരുന്നു. ആലത്തൂർ കൃപ പാലിയേറ്റീവ് ക്ലിനിക്കിലെ ആക്റ്റീവ് വളന്റിയറായിരുന്ന അദ്ദേഹം ഹോം കെയർ അടക്കമുള്ള 'കൃപ'യുടെ സേവന പ്രവർത്തനങ്ങളിൽ നിറസാന്നിധ്യമായിരുന്നു. ആരോരും തുണയില്ലാത്ത അശരണരെ കണ്ടെത്തി സഹായമെത്തിക്കുന്നതിൽ അദ്ദേഹം പ്രത്യേകം താൽപര്യമെടുത്തു. മജീദ് സാഹിബ് മരണപ്പെടുന്നതിന്റെ ഒരുമാസം മുമ്പ് നാട്ടിൽ അവധിക്കെത്തിയ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ എന്നോട് ആദ്യം പറഞ്ഞത് ആഴ്ചകൾക്കുള്ളിൽ നടക്കുന്ന പാവപ്പെട്ട കുടുംബത്തിലെ ഒരു പെൺകുട്ടിയുടെ വിവാഹ ചെലവിലേക്ക് സാമ്പത്തിക സഹായം ചെയ്യണമെന്നാണ്.

മജീദ് സാഹിബിന്റെ നിഴൽ പോലെ എന്നും കൂടെയുണ്ടായിരുന്ന ഭാര്യ അനീസ സാഹിബയും പ്രദേശത്തെ ജനസേവന പ്രവർത്തനങ്ങളിലെ സജീവ സാന്നിധ്യമാണ്. എസ്.ഐ.ഒ പാലക്കാട് ജില്ലാ പ്രസിഡന്റായിരുന്ന മകൻ ഫാസിലടക്കം മുഴുവൻ കുടുംബത്തെയും ഇസ്‌ലാമിക പ്രവർത്തകരാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു.

**അബ്ദുല്ലാ ഹസനാർ**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും സ്വർഗത്തിൽ ഉന്നത സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*

# സഞ്ചരിക്കുന്ന കോവിഡ് പരിശോധനാ സംവിധാനം



*തദ്ദേശ ഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി മൊയ്തീൻ സഞ്ചരിക്കുന്ന ആശുപത്രി ഫ്ളാഗ് ഓഫ് ചെയ്യുന്നു*

**തൃശൂർ:** കോവിഡ് കാലത്ത് ജില്ലയിലെ പാർശ്വവത്കൃത ജന വിഭാഗങ്ങൾക്ക് ആശ്വാസവും ആത്മവിശ്വാസവും പകരാനായി പീസ് വാലി -ആസ്റ്റർ വളന്റേഴ്സ് സഞ്ചരിക്കുന്ന ആശുപത്രി തൃശൂർ ജില്ലയിൽ സേവനം ആരംഭിച്ചു. കലക്ടറേറ്റിൽ നടന്ന ചടങ്ങിൽ തദ്ദേശ ഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ, ജില്ലാ കലക്ടർ എസ്. ഷാനവാസ് എന്നിവർ ചേർന്ന് സഞ്ചരിക്കുന്ന ആശുപത്രി ഫ്ളാഗ് ഓഫ് ചെയ്തു. സിറ്റി പോലീസ് കമീഷണർ ആർ. ആദിത്യ സന്നിഹിതനായിരുന്നു.

ജില്ലാ ഭരണകൂടത്തിന്റെ പ്രത്യേക അനുമതിയോടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിൽ സഞ്ചരിക്കുന്ന സംവിധാനം ഉപയോഗിച്ചുള്ള കോവിഡ് പരിശോധന. തൃശൂർ ഇന്റർ ഏജൻസിക്ക് (IAG) കീഴിലുള്ള പീപ്പ്ൾസ് ഫൗണ്ടേഷനാണ് ജില്ലയിൽ പ്രാദേശിക സംഘാടനം നിർവഹിക്കുന്നത്. ഡോക്ടർമാർ, നഴ്സ്, പേഷ്യന്റ് കെയർ ഫെസിലിറ്റേറ്റർ, സന്നദ്ധ പ്രവർത്തകർ എന്നിവരാണ് സഞ്ചരിക്കുന്ന ക്ലിനിക്കിൽ ഉള്ളത്.

സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി ഒരേസമയം മൂന്നു പേരെ മാത്രമാണ് പരിശോധിക്കുക. രോഗ ലക്ഷണങ്ങൾ ഉള്ളവരുടെ വിശദാംശങ്ങൾ ആരോഗ്യ വകുപ്പിന് നൽകുന്ന രീതിയാണ് ക്യാമ്പുകളിൽ അവലംബിക്കുക. ആസ്റ്റർ ഡി.എം ഫൗണ്ടേഷൻ മാനേജർ ലത്വീഫ് ഖാസിം, പീസ് വാലി പ്രോജക്ട് മാനേജർ സാബിത് ഉമർ, ദുരന്ത നിവാരണ അതോറിറ്റി പ്രതിനിധി നൗഷാബ നാസ്, പീപ്പ്ൾസ് ഫൗണ്ടേഷൻ ഭാരവാഹികളായ മുനീർ വരന്തരപ്പിള്ളി, കെ. എ സദ്റുദ്ദീൻ, ഇ.എ റശീദ് മാസ്റ്റർ, എം. സുലൈമാൻ, അനസ് നദ്‌വി എന്നിവർ സന്നിഹിതരായിരുന്നു.

# രാഷ്ട്രീയ പകപോക്കൽ അപലപനീയം, യൂത്ത് ഇന്ത്യ

**ബഹ്റൈൻ:** പൗരത്വ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കും മുസ്‌ലിംകൾക്കും ദലിതർക്കുമെതിരെ ഈ കോവിഡ് കാലത്തും തുടർന്നു കൊണ്ടിരിക്കുന്ന വേട്ടയാടൽ അടിയന്തരമായി അവസാനിപ്പിക്കണമെന്ന് യൂത്ത് ഇന്ത്യ ആവശ്യപ്പെട്ടു.

ദൽഹിയിൽ വിദ്യാർഥികളെയും പൗരത്വ പോരാളികളെയും കേന്ദ്രീകരിച്ച് നടക്കുന്ന ഭരണകൂട വേട്ടയുടെ ഏറ്റവും പുതിയ ഇരകളാണ് ജാമിഅ മില്ലിയ ഇസ്‌ലാമിയ വിദ്യാർഥികളായ സഫൂറ സർഗാർ, മീരാൻ ഹൈദർ, ജെ.എൻ.യു വിദ്യാർഥിയായിരുന്ന ഉമർ ഖാലിദ് എന്നിവർ. സകല ജനാധിപത്യ മര്യാദകളും ലംഘിച്ചു കൊണ്ട് രാജ്യദ്രോഹം ഉൾപ്പെടെയുള്ള വകുപ്പുകളാണ് നിരപരാധികളായ വിദ്യാർഥികൾക്കെതിരെ ചുമത്തിയിരിക്കുന്നത്. ചോദ്യം ചെയ്യാനെന്ന പേരിൽ ഏപ്രിൽ ഒന്നിന് പോലീസ് സ്റ്റേഷനിലേക്ക് വിളിക്കപ്പെട്ട ഗവേഷണ വിദ്യാർഥിയായ മീരാനെ വിട്ടയക്കാതെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. രാജ്യദ്രോഹം, കലാപം സൃഷ്ടിക്കൽ, കൊലപാതകം തുടങ്ങി ഇരുപത്തഞ്ചോളം കുറ്റകൃത്യങ്ങളാണ് പോലീസ് മീരാനെതിരെ കെട്ടിച്ചമച്ചിരിക്കുന്നത്.

മീരാന്റെ അറസ്റ്റിൽ നിരന്തരമായി ഇടപെലുകൾ നടത്തിക്കൊണ്ടിരിക്കെയാണ് സഫൂറ സർഗാറിനെ പോലീസ് അറസ്റ്റ് ചെയ്യുന്നത്. ഏപ്രിൽ 10-ന് അറസ്റ്റ് രേഖപ്പെടുത്തപ്പെട്ട എം.ഫിൽ വിദ്യാർഥിനിയായ സഫൂറക്കെതിരെ ചാർത്തിയ ആദ്യ എഫ്. ഐ.ആറിൽ ജാമ്യം ലഭിച്ച ഉടനെ ദൽഹി വയലൻസുമായി ബന്ധപ്പെടുത്തി വീണ്ടും അറസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്ന് ഏപ്രിൽ 21-ന് യു.എ.പി.എ ചാർത്തുന്നു. ഗർഭിണി കൂടിയായ, ഏറെ ആരോഗ്യ പരിരക്ഷ ആവശ്യമുള്ള സഫൂറക്ക് ജാമ്യം പോലും നിഷേധിച്ചുള്ള പകപോക്കൽ നടപടിയാണ് പോലീസ് സ്വീകരിക്കുന്നത്.

ഒരു വശത്ത് ലോക്ക് ഡൗണിന്റെ മറവിൽ സമരപ്രവർത്തകരെ യു.എ.പി.എ ചാർത്തി ജയിലിലടച്ച് സി.എ.എ പ്രക്ഷോഭത്തെ അടിച്ചമർത്തുകയും മറുവശത്ത് യഥാർഥ അക്രമികൾ പോലീസ് പിന്തുണയോടെ വിഹരിക്കുമ്പോൾ സി.എ.എ സമരപ്രവർത്തകരെ 'കലാപ'കാരികളെന്ന് മുദ്രകുത്തി വേട്ടയാടുകയുമാണ് ദൽഹി പോലീസും കേന്ദ്ര ഭരണകൂടവും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. പരസ്യമായി ദൽഹിയിൽ കലാപാഹ്വാനം നടത്തുകയും ആസൂത്രിതമായി കലാപം നടത്തുകയും ചെയ്തവർക്കെതിരെ ഒരു നടപടിയും ഇതുവരെ ദൽഹി പോലീസോ കേന്ദ്ര ആഭ്യന്തര വകുപ്പോ സ്വീകരിച്ചിട്ടില്ല

ഈ നീതിനിഷേധങ്ങൾക്കെതിരെ പൗര സമൂഹം മുന്നോട്ട് വരണമെന്ന് യൂത്ത് ഇന്ത്യ ആവശ്യപ്പെട്ടു. യൂത്ത് ഇന്ത്യ പ്രസിഡന്റ് വി.കെ അനീസ്, ജനറൽ സെക്രട്ടറി വി.എൻ മുർഷാദ് എന്നിവർ പ്രസ്താവനയിൽ ഒപ്പുവെച്ചു.

## ഡോക്ടറേറ്റ് നേടി



**കോഴിക്കോട്:** ഫറോക്ക് ചെറുവണ്ണൂർ സ്വദേശി ഷാനവാസ് ഇളയിടത്തിന് മെക്സിക്കൻ യൂനിവേഴ്സിറ്റിയുടെ ഡോക്ടറേറ്റ്. പരേതനായ ഇളയിടത്ത് അസീസിന്റെയും കെ.എം ഖദീജയുടെയും മകനാണ്. 'ഇന്റർനെറ്റ് സുരക്ഷ: വെല്ലുവിളികളും പ്രതിവിധികളും' എന്നതായിരുന്നു ഗവേഷണ വിഷയം. എട്ടു വർഷമായി ദുബൈ എമിറേറ്റ്സ് ഐ.ടി വിഭാഗത്തിൽ ജോലിചെയ്യുന്ന ഷാനവാസ് ഐ.സി.സിയുടെ പ്രവർത്തകനാണ്. ഭാര്യ ലിന അബ്ദുൽവാഹിദ്. രണ്ട് മക്കൾ.

# അതിജീവനകാലത്തെ പെരുന്നാൾ ആഘോഷമാക്കി യൂത്ത് ഇന്ത്യ ഈദ് മൽഹാർ



യൂത്ത് ഇന്ത്യ ഈദ് മൽഹാർ 2020

**ബഹ്റൈൻ:** അതിജീവനകാലത്തെ പെരുന്നാൾ ആഘോഷമാക്കി യൂത്ത് ഇന്ത്യ ഈദ് മൽഹാർ 2020. ഓൺലൈൻ പ്രോഗ്രാം പെരുന്നാൾ ദിവസം ഉച്ചക്ക് 12 മണിക്ക് ഫേസ്ബുക് ലൈവായി നടന്ന പ്രോഗ്രാമിൽ യൂത്ത് ഇന്ത്യ പ്രസിഡന്റ് വി.കെ അനീസ് ആമുഖ പ്രഭാഷണം നടത്തി. ഫ്രന്റ്സ് സോഷ്യൽ അസോസിയേഷൻ പ്രസിഡന്റ് ജമാൽ നദ്‌വി ഈദ് സന്ദേശം നൽകി. അതിജീവന കാലത്തുള്ള പെരുന്നാളാണെങ്കിലും വിശ്വാസിയുടെ പെരുന്നാളിന് പകിട്ട് കുറയുകയില്ലെന്നും, വിശ്വാസിക്ക് പ്രത്യാശയുടെയും പ്രതീക്ഷയുടെയും പെരുന്നാളാണെന്നും ഈദ് സന്ദേശത്തിൽ പറഞ്ഞു. മലയാള ഗസൽ രംഗത്തെ താരദമ്പതികളായ റാസയും ബീഗവും പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ദിൽഷാദ് രാജ്, ഹാശിം മുഹമ്മദ്, ഫൈസൽ ഷജീർ, അബ്ദുൽഗഫൂർ, അൻവർ സാദത്ത് എന്നിവരുടെ ഗാനങ്ങളും അലി അശ്‌റഫിന്റെ മാജിക്കും, അജ്നാസ് ശറഫുദ്ദീന്റെ ബീറ്റ് ബോക്സ് പ്രകടനങ്ങളും പ്രോഗ്രാമിന് മിഴിവേറി. അജ്മൽ ശറഫുദ്ദീൻ പ്രോഗ്രാമിനു പശ്ചാത്തല ശബ്ദം നൽകി. മുഹമ്മദ് സാജിദ് പ്രോഗ്രാമിന് സാങ്കേതിക സഹായം നൽകി. യൂത്ത് ഇന്ത്യ എക്സിക്യൂട്ടീവ് അംഗം സിറാജ് കിഴുപ്പിള്ളിക്കര നന്ദി പറഞ്ഞു.

## യൂനിറ്റി മീഡിയ റമദാൻ ക്വിസ് വിജയികൾ

**കണ്ണൂർ:** യൂനിറ്റി മീഡിയ നടത്തിയ റമദാൻ ക്വിസിൽ മൂവായിരത്തോളം പേർ മാറ്റുരച്ചപ്പോൾ ഹുദ അബ്ദുൽ കരീം, മാടായി (ഒന്നാം റാങ്ക്), സി.കെ ശബ്നം ഉളിയിൽ (രണ്ടാം റാങ്ക്), സി.കെ ഫൗസിയ ഉളിയിൽ (മൂന്നാം റാങ്ക്) എന്നിവർ ആദ്യ സ്ഥാനങ്ങൾ നേടി. പത്ത് ദിവസം നീണ്ടുനിന്ന മത്സരത്തിൽ മൂന്ന് പേർ ഒരേ മാർക്ക് നേടിക്കൊണ്ട് ഒന്നാം സ്ഥാനത്ത് എത്തിയപ്പോൾ കൂടുതൽ നിയന്ത്രണങ്ങളുള്ള നിയമാവലി അടിസ്ഥാനമാക്കിയുള്ള ഫൈനൽ മത്സരത്തിലൂടെ റാങ്ക് ജേതാക്കളെ തെരഞ്ഞെടുക്കുകയായിരുന്നു. ഏപ്രിൽ 16-ന് ആരംഭിച്ച ഓൺലൈൻ ക്വിസിൽ ഓരോ ദിവസവും പ്രോത്സാഹന സമ്മാനങ്ങൾ പ്രഖ്യാപിച്ചിരുന്നു.

മത്സരത്തിൽ പങ്കെടുത്ത 3000 പേരിൽ 90 ശതമാനത്തിൽ കൂടുതൽ പോയിന്റ് നേടി 79 പേർ മികച്ചു നിന്നു. 1306 പേർ സ്ത്രീകളായിരുന്നു. 50 വയസിനു മുകളിൽ പ്രായമുള്ള 185 പേരും 18 വയസ്സിന് താഴെയുള്ള 369 കുട്ടികളും ഖുർആനിനെക്കുറിച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകാനെത്തി. മത്സരാർഥികളിൽ 1038 പേർ 19-നും 40-നും ഇടയിൽ പ്രായമുള്ള യുവാക്കളായിരുന്നു.

## മനസ്സടുപ്പം മതി നമുക്ക് ഈദ് സംഗമം ശ്രദ്ധേയമായി

**മനാമ:** കുടുബ ഭദ്രതയും സാമൂഹിക പ്രതിബദ്ധതയുമുള്ളവർക്ക് മാത്രമേ ഉത്തമ സമൂഹത്തെ കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂവെന്നും കോവിഡ് കാലം ഇത് രണ്ടും നന്നാക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നതെന്നും ഹ്യൂമൻ വെൽഫെയർ സൊസൈറ്റി ജന. സെക്രട്ടറി ടി. ആരിഫലി പറഞ്ഞു. ഫ്രന്റ്സ് സോഷ്യൽ അസോസിയേഷൻ ദിശ സെന്ററുമായി സഹകരിച്ച് സംഘടിപ്പിച്ച 'മനസ്സടുപ്പം മതി നമുക്ക്' ഇ-ഈദ് സുഹൃദ് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ജമാൽ നദ്‌വി ഇരിങ്ങൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ സുപ്പീരിയർ ഓഫ് ദി ഗ്രിഗോറിയോസ് സിറിയൻ ഓർത്തഡോക്സ് ദിയറ, ആനിക്കാട് & പത്തനംതിട്ട ഫാദർ സേവേറിയോസ് തോമസ്, ഇസ്കോൺ ബഹ്റൈൻ പ്രസിഡന്റ് എച്ച്.ആർ വരദരാജൻ, ബഹ്റൈൻ കേരളീയ സമാജം പ്രസിഡന്റ് പി.വി രാധാകൃഷ്ണപിള്ള, പ്രവാസി കമീഷൻ അംഗം സുബൈർ കണ്ണൂർ, ഇന്ത്യൻ സ്കൂൾ ചെയർമാൻ പ്രിൻസ് നടരാജൻ എന്നിവർ പരിപാടിയിൽ ആശംസകൾ നേർന്നു. നജ്ദ റഫീഖ് പ്രാർഥനാ ഗീതം ആലപിച്ചു. റമദാനിൽ നടത്തിയ പ്രശ്നോത്തരി വിജയികളെ ജന. സെക്രട്ടറി എം.എം സുബൈർ പ്രഖ്യാപിച്ചു. രത്നവല്ലി ഗോപകുമാർ, സുബി ജോൺ, സരിത മോഹൻ, ശ്രീലത പങ്കജ്, ഗീത സി. മോഹൻ, പ്രേമലത. പ്രീതി ബിനു, റിനി മാത്യു, ജീന മോൾ ഷിനോയ് എന്നിവർ വിജയികളായി. വിജയികൾ പ്രശ്നോത്തരിയെ സംബന്ധിച്ച അഭിപ്രായങ്ങൾ പങ്കുവെച്ചു. ദിശ സെന്റർ ഡയറക്ടർ സ്വാഗതവും ഫ്രന്റ്സ് എക്സിക്യൂട്ടീവ് അംഗം സാജിദ് നരിക്കുനി നന്ദിയും പറഞ്ഞു. യൂനുസ് സലീം പരിപാടി നിയന്ത്രിച്ചു.

## ഖുർആൻ പാരായണ മത്സരം

**കുവൈത്ത് സിറ്റി:** ആധുനിക വിനിമയ സാങ്കേതിക വിദ്യയായ സൂം ആപ്പിന്റെ സഹായത്തോടെ കെ. ഐ.ജി ഫർവാനിയ ഏരിയ ഖുർആൻ പാരായണ മത്സരം സംഘടിപ്പിച്ചു. പുരുഷ വിഭാഗത്തിൽ യഥാക്രമം ഇഹ്സാൻ ഫിറോസ് ഹമീദ് ഒന്നാം സ്ഥാനവും ഫായിസ് മുഹമ്മദ് രണ്ടാം സ്ഥാനവും പി.ടി ശിഹാബുദ്ദീൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സ്ത്രീകളുടെ വിഭാഗത്തിൽ നവാൽ ഫർഹിൻ ഒന്നാം സ്ഥാനവും നാജിയ രണ്ടാം സ്ഥാനവും നബാ നിമാത്ത് മൂന്നാം സ്ഥാനവും നേടി. ഏരിയാ പ്രസിഡന്റ് സി.പി നൈസാം, പ്രോഗ്രാം കൺവീനർ സി.കെ നജീബ് എന്നിവർ നേതൃത്വം നൽകിയ മത്സരത്തിനു വേണ്ട സാങ്കേതിക സഹായങ്ങൾ പി.ടി ശാഫി നിർവഹിച്ചു. അബ്ദുർ റസാഖ് നദ്‌വി, അനീസ് അബ്ദുസ്സലാം എന്നിവർ പാരായണ മത്സരങ്ങൾ നിയന്ത്രിച്ചു. റമദാനിലെ ഒന്നിടവിട്ട ദിവസങ്ങളിൽ അനീസ് അബ്ദുസ്സലാം നടത്തിയ ഓൺലൈൻ ക്ലാസിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്.

ഹദീസ്

എ. അബൂബക്കർ

# കൃഷി ഇസ്‌ലാമിന്റെ സംസ്‌കാരമാണ്

عَنْ أَنَس بْنُ مَالِكٍ رَضِيِ اللهُ عَنْه قَالَ: قَالَ رَسُول اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا أَوْ يَزْرَعُ زَرْعًا، فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ أَوْ بَهِيمَةٌ، إِلاَّ كَانَ لَهُ بِهِ صَدَقَةٌ (البخاري: كتاب المزارعة، 2195، ومسلم: كتاب المساقاة، 1552)

**അനസു ബ്നു മാലിക് നിവേദനം ചെയ്യുന്നു; അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: ഒരു മുസ്‌ലിം തൈകൾ നട്ടുവളർത്തുകയോ, കൃഷിയിൽ ഏർപ്പെടുകയോ ചെയ്യുന്നു, അതിൽ നിന്ന് പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നു. തീർച്ചയായും അതവന് പുണ്യകർമം തന്നെയാണ് (ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്).**

മണ്ണ് മരിക്കരുത്. ജീവനോടെ, ഫലദായകമായിത്തന്നെ തുടരണം. ഇത് അല്ലാഹുവിന്റെ നിശ്ചയവും മനുഷ്യന്റെ നിയോഗവുമാണ്. പ്രപഞ്ചത്തിൽ അതിനൊരു താളക്രമം നിശ്ചയിച്ചിട്ടുണ്ട്. മണ്ണും മഴയും മരങ്ങളും മനുഷ്യനും തമ്മിലുള്ള സമന്വയത്തിലൂടെയാണ് അത് സാധിക്കുന്നത്. മരിച്ച ഭൂമിയെ മഴ കൊണ്ട് ജീവനുള്ളതാക്കുന്നുവെന്ന് വിശുദ്ധ ഖുർആൻ. മഴത്തുള്ളികൾ മണ്ണിനെ ചുംബിക്കുമ്പോൾ ഭൂമി തരളിതയാകുന്നു. നിലച്ചുപോയ നീരുറവകൾ പുനർജനിക്കുന്നു. വിത്തുകൾ മുളപൊട്ടുന്നു, പുൽനാമ്പുകൾ കിളിർക്കുന്നു, ഭൂമി പുഷ്പിണിയാകുന്നു. ജീവജാലങ്ങൾക്കെല്ലാം അത് പ്രയോജനപ്പെടുന്നു. ഇതെല്ലാം, അല്ലാഹുവിന്റെ നിശ്ചയ പ്രകാരം വർഷാവർഷങ്ങളിൽ ആവർത്തിക്കപ്പെടുകയാണ്!

എന്നാൽ, ഭൂമിയുടെ പരിപാലനം മനുഷ്യന്റെ ഉത്തരവാദിത്തമാണ്. അല്ലാഹു തന്റെ പ്രതിനിധിയായി മനുഷ്യനെ സൃഷ്ടിച്ചതും ഭൂമിയിൽ അധിവസിപ്പിച്ചതും ഈ ദൗത്യം നൽകിയാണ്. മനുഷ്യന്റെ ജീവിതം സുരക്ഷിതമായിരിക്കേണ്ട തൊട്ടിലാണ് ഭൂമി. അതുകൊണ്ട്, ഭൂമിയെ നന്നായി പരിചരിക്കണം. ജീവസ്സുറ്റതായി നിലനിർത്തണം. അതിന് രണ്ട് കാര്യങ്ങൾ പ്രധാനമാണ്. ഭൂമിയിലെ ജലസംഭരണികൾ സംരക്ഷിക്കണം. കൃഷിയിലൂടെ മണ്ണിന്റെ പച്ചപ്പ് നിലനിർത്തണം. മഴക്കാലം ഇവ രണ്ടിന്റേയും സംഗമവേളയാണ്. ജലസംരക്ഷണത്തെയും കൃഷിയെയും കുറിച്ച ഇസ്‌ലാമിക പാഠങ്ങൾ ഓർത്തെടുക്കേണ്ട സന്ദർഭം. വിത്തിറക്കുന്ന, ചെടികൾ നടുന്ന, കൃഷി ചെയ്യുന്ന മുസ്‌ലിം! ഈ ചിത്രമാണ് നബിവചനം വരച്ചിടുന്നത്. 'തൈകൾ നട്ടുവളർത്തുകയോ, കൃഷിയിൽ ഏർപ്പെടുകയോ ചെയ്യുന്ന മുസ്‌ലിം...' എന്നാണ് ആരംഭം. കൃഷി ഒരു ഇസ്‌ലാമിക സംസ്‌കാരമാണ് എന്നത്രെ ഇത് നൽകുന്ന പാഠം. ലോകാവസാന വേളയിലും കർമനിരതരായിരിക്കണം എന്ന് ഉദ്ബോധിപ്പിച്ചപ്പോൾ നബി ഉദാഹരിച്ചതും കൃഷിയെ തന്നെയാണ്. 'അന്ത്യനാൾ ആഗതമായിക്കഴിഞ്ഞു. അപ്പോൾ ഒരാളുടെ കൈയിൽ ഒരു തൈ ഉണ്ട്. സാധ്യമെങ്കിൽ അതവൻ നട്ടു കൊള്ളട്ടെ.' അനസു ബ്നു മാലിക് നിവേദനം ചെയ്തതാണ് ഈ നബിവചനം (ഇമാം അഹ്‌മദ്, മുസ്‌നദ് 3/183, 184). സത്യവിശ്വാസി ഏതു സന്ദർഭത്തിലും കർമോത്സുകനായിരിക്കണം. അലസനോ, നിഷ്‌ക്രിയനോ ആകരുത്. ലോകം അവസാനിക്കുമ്പോഴും തന്റെ ഉത്തരവാദിത്തങ്ങളിൽ വീഴ്ചയരുത്.

ഏറ്റവും ജീവിതഗന്ധിയായത്, പ്രയോജനകരമായത് ഉദാഹരണത്തിനായി തെരഞ്ഞെടുക്കുകയാണ് ഇവിടെ നബി. കൃഷി നിങ്ങളുടെ സംസ്‌കാരമായി നിലനിർത്തണം എന്ന സന്ദേശവും ഇതിലുണ്ട്. അന്ത്യനാളിൽ തൈ നട്ടിട്ട് ആർക്ക് ഫലം കിട്ടാൻ എന്ന ചോദ്യം അപ്പോൾ അപ്രസക്തമായിത്തീരുന്നു. വാർധക്യം ബാധിച്ചവർ, താൻ തെങ്ങ് നട്ടിട്ടെന്ത് എന്ന് ചിന്തിക്കരുത്. താൻ കൊയ്യുന്ന പല ഫലങ്ങളും തന്റെ പിതാവോ, പിതാമഹനോ നട്ടതിന്റെ നേട്ടമാണല്ലോ! തലമുറകളിലേക്ക് പടരുന്ന സുകൃതം. കൃഷി ഇങ്ങിനെയും ഒരു സാമൂഹിക ദൗത്യമായിത്തീരുന്നു. എത്ര കുറഞ്ഞ ഭൂമിയുള്ളവനും കുറച്ചെങ്കിലും കൃഷി ചെയ്യാനാകുന്ന സംവിധാനങ്ങളുണ്ട് എന്നത്, കൃഷി ഒരു സംസ്‌കാരമായി കൊണ്ടു നടക്കാനുള്ള സാധ്യതകൾ വർധിപ്പിക്കുന്നു.

മണ്ണിൽ നാം നട്ടുവളർത്തുന്ന ചെടികളിലാണ് ഭൂമിയുടെ ജീവൻ തുടിക്കുന്നത്. ആ ചെടികൾ പുറത്തുവിടുന്ന ജീവവായു കൊണ്ടാണ് മനുഷ്യനും ഇതര ജീവികളും ശ്വസിക്കുന്നത്. അവ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകളാണ് പോഷക സമൃദ്ധമായ ആഹാരം തന്ന്, ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുന്നത്. അതുകൊണ്ട് കൃഷി ഇസ്‌ലാമിൽ പ്രധാനപ്പെട്ട സാമൂഹിക ബാധ്യതയായിത്തീരുന്നു. ഈ നബിവചനത്തിൽ, 'പക്ഷികളും മനുഷ്യരും മൃഗങ്ങളും ഭക്ഷിക്കുന്നു' എന്ന ഭാഗം ശ്രദ്ധിക്കുക. 'അതിൽ നിന്ന് മോഷ്ടിക്കപ്പെട്ടത്' എന്നുകൂടിയുണ്ട് മറ്റൊരു നിവേദനത്തിൽ. കൃഷിയുടെ ഏറെ വിപുലമായ സാമൂഹിക പ്രാധാന്യമാണ് ഇത് പഠിപ്പിക്കുന്നത്. തന്റെ കർമംകൊണ്ട് ഭൂമിയിലെ എല്ലാ

ജീവജാലങ്ങൾക്കും പ്രയോജനം ലഭിക്കും, ലഭിക്കണം എന്ന പ്രചോദനമാണ് മുഹമ്മദ് നബി നൽകുന്നത്. 'പ്രയോജനകരവും പ്രതിഫലാർഹവുമായ ധർമ്മം' എന്നാണ് 'സ്വദഖ'യുടെ അർഥം. കൈനീട്ടുന്നവന് കൊടുക്കുന്ന കേവല നാണയത്തുട്ടുകളല്ല, പല തലങ്ങളിൽ ഫലം തരുന്ന പുണ്യകർമമാണ് സ്വദഖ. പക്ഷികൾ തിന്നാൽ പോലും നഷ്ടമല്ല, നേട്ടമാണെന്ന് വരുമ്പോൾ കർഷകൻ ആകാശത്തോളം വലുതാവുകയാണ്. കട്ടുകൊണ്ട് പോയാലും മോഷ്ടാവിന്റെ വീട്ടിലെ കുഞ്ഞുങ്ങൾ അതു കൊണ്ട് വയറുനിറക്കുമ്പോൾ കർഷകന് ദൈവത്തിങ്കൽ നേട്ടമേ ഉണ്ടാകുന്നുള്ളൂ.

സ്വന്തം ശരീരം കൊണ്ടുള്ള അധ്വാനം. അതിന്റെ ശാരീരികവും മാനസികവുമായ ഗുണങ്ങൾ. പരമാവധി വിഷമയമല്ലാത്തത് ആഹരിക്കാൻ സാധിക്കുന്നതിന്റെ സദ്ഫലങ്ങൾ, സാമ്പത്തിക നേട്ടങ്ങൾ... കൃഷിയുടെ സദ്ഫലങ്ങൾ അങ്ങിനെ നീളുന്നു

'സ്വകരങ്ങൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയതിനെക്കാൾ ഉത്തമമായ ഒരു ആഹാരവും ആരും ഭക്ഷിച്ചിട്ടില്ലെന്ന്' നബി പഠിപ്പിച്ചത് കൃഷിക്ക് ഏറെ ചേരുന്നതാണ്, ഇതിന്റെ അർഥ തലങ്ങൾ വിശാലമായിരിക്കെത്തന്നെ! 'കാർഷിക വിളകൾ വിറ്റു പോവുകയും വാങ്ങിയ ആളുടെ ഉടമസ്ഥതയിലാവുകയും ചെയ്താലും അല്ലാഹുവിങ്കൽ അതിന്റെ പ്രതിഫലം കർഷകനും ലഭിക്കും' ഇബ്നു ഹജറിന്റെ വിശദീകരണം ഏറെ അർഥവത്താണ്. 'കൃഷിയിലൂടെ സമ്പാദിക്കാൻ സത്യവിശ്വാസിക്ക് ഐഹിക ബാധ്യതയുണ്ട്. അതുവഴി പരലോകത്തെ പ്രതിഫലം കൂടി അവന് ലഭ്യമാകുന്നു' എന്ന് ഇമാം സർഖസിയും രേഖപ്പെടുത്തുന്നു. 'ഭൂമിയെ ജീവസ്സുറ്റതാക്കി നിലനിർത്തുകയെന്നത് മുസ്‌ലിമിന്റെ ബാധ്യതയാണ്. മടിയും വിരക്തിയും അവനെ ബാധിക്കരുത്. കൃഷിചെയ്യാനുള്ള വലിയ പ്രോത്സാഹനമാണ് ഇസ്‌ലാം നൽകിയിരിക്കുന്നത്' അല്ലാമാ മുനാവിയുടെ വാക്കുകൾ.

കൃഷി മനുഷ്യന് നൽകുന്ന ആത്മനിർവൃതിയും മാനസിക സൗഖ്യവും അനിർവചനീയമത്രെ. കൃഷിയിറക്കിയ ഭൂമിയിലൂടെ, പച്ചപ്പുള്ള തോട്ടത്തിലൂടെ, പാകമായി വരുന്ന വിളകൾക്കരികിലൂടെ നടന്നു നോക്കിയാലറിയാം അതുതരുന്ന ആനന്ദം! മറ്റുള്ളവരുടേതാണെങ്കിൽ പോലും കൃഷിത്തോട്ടങ്ങൾ നമ്മെ ആകർഷിക്കും. എങ്കിൽ, സ്വന്തം കൃഷിത്തോട്ടം നമുക്ക് തരുന്ന നിർവൃതി അനിർവചനീയമായിരിക്കുമെന്ന് പറയേണ്ടതില്ല. കൃഷിയിറക്കാൻ മണ്ണ് പാകപ്പെടുത്തുന്നതു പോലെ, മണ്ണ് കർഷകനെയും പാകപ്പെടുത്തും. കർഷകന്റെ മനസ്സ് പൊതുവിൽ പശിമയുള്ളതായിരിക്കും! അത് കൃഷിയുടെ നേട്ടമാണ്. വിത്ത് സംഭരിച്ച്, മുളപ്പിച്ച്, നട്ടുവളർത്തി, ഫലം കായ്ച്ച്, വിളവെടുക്കുന്നതു വരെയുള്ള ഓരോ ഘട്ടത്തിലും കർഷകൻ അതിനെ സവിശേഷമായി പരിചരിക്കുന്നു. കർഷകന്റെ വ്യക്തിത്വത്തിലും ഇതിന്റെ പ്രതിഫലനമുണ്ടാകും.

കച്ചവടക്കാരുടെ ദേശത്തു നിന്ന് കർഷകരുടെ നാട്ടിലേക്കാണല്ലോ മുഹമ്മദ് നബി സുരക്ഷിതത്വം തേടി പലായനം ചെയ്തത്! ●


**സ്കോളർഷിപ്പോടെ ഡിഗ്രി പഠനവും സർക്കാർ ജോലിക്കുള്ള പരിശീലനവും സിവിൽ സർവീസ് പരിശീലനവും**

+2 പഠിച്ചുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ/സംവരണ വിദ്യാർഥികൾക്കു വേണ്ടി

തികഞ്ഞ അച്ചടക്കത്തോടെ ഗ്രാമീണ അന്തരീക്ഷത്തിൽ ഡിഗ്രി പഠനത്തോടൊപ്പം മികച്ച സർക്കാർ ജോലി ലഭിക്കുന്നതിനുള്ള പരിശീലനം

എട്ടു വർഷത്തെ പ്രവർത്തന മികവിലൂടെ അംഗീകാരം പിടിച്ചുപറ്റിയ ENRICH FOUNDATION-ന്റെ കീഴിലുള്ള സ്ഥാപനമാണ് ENRICH SCHOOL OF PROGRESSIVE GOVERNANCE

**ആർക്കൊക്കെ അഡ്മിഷൻ നേടാം?**

* പഠനരംഗത്ത് മികവ് പുലർത്തുന്ന, നിലവിൽ പ്ലസ്ടു പഠിക്കുന്ന ന്യൂനപക്ഷ/സംവരണ വിഭാഗത്തിലെ വിദ്യാർഥികൾക്കാണ് പ്രവേശനം.

**എന്താണ് ഈ കോഴ്സിന്റെ സവിശേഷതകൾ?**

* അന്താരാഷ്ട്ര അംഗീകാരമുള്ള ഡിഗ്രി പഠനവും (MG UNIVERSITY KOTTAYAM) സർക്കാർ ജോലിക്കുള്ള പരിശീലനവും ഒരുമിച്ച്. * ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം. * MATHEMATICS, ENGLISH, GENERAL KNOWLEDGE, CURRENT AFFAIRS വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം. * LIFE SKILLS, LEADERSHIP, ENTEREPRENEURSHIP, PUBLIC SPEAKING പരിശീലനം. * സിവിൽ സർവീസ് പ്രിലിമിനറി-മെയിൻ പരീക്ഷകൾക്കായി ഒരു വർഷത്തെ തീവ്ര പരിശീലനം. * ENRICH അക്കാദമിക് വിംഗ് പ്രത്യേകം തയാറാക്കിയ സ്റ്റഡി മെറ്റീരിയലുകൾ. * വീക്കിലി PSC ടെസ്റ്റുകൾ/ന്യൂസ് പേപ്പർ റിപ്പോർട്ടിങ്. * SSC മോക്ക് ടെസ്റ്റുകൾ. * UPSC MOCK ടെസ്റ്റുകൾ. * Add on SSC+RRB Training

**അഡ്മിഷൻ നേടുന്നത് എങ്ങനെ?**

**2020 ജൂൺ 13-ന്** നടത്തുന്ന സ്കോളർഷിപ്പ് Talent Exam+ Interview എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഈ ടെസ്റ്റ് എഴുതി പാസ്സാകുന്ന മിടുക്കരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പോടെ ഈ കോഴ്സ് പഠിക്കാൻ അവസരം.

Register here: പ്രവേശനപരീക്ഷക്ക് വേണ്ടി ഇതിൽ രജിസ്റ്റർ ചെയ്യുക. http://bit.ly/2MX3GSq ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക, അല്ലെങ്കിൽ വിദ്യാർഥിയുടെ പേര്, മേൽവിലാസം, ഫോൺനമ്പർ എന്നിവ **9142729617** എന്ന നമ്പറിലേക്ക് എസ്.എം.എസ് അയക്കുക.

എറണാകുളം ജില്ലയിലെ 'ജയ്ഭാരത് കോളേജ് കാമ്പസ്സിൽ' **2020 ജൂലൈ ആദ്യവാരത്തിൽ** ക്ലാസുകൾ ആരംഭിക്കും. ന്യൂനപക്ഷ /സംവരണ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് അപേക്ഷിക്കാം. Call 9142729617

enrich CIVIL SERVICE ACADEMY PERUMBAVOOR

Head Office: **CHEMMANAM SQUARE, PERUMBAVOOR**
Branch Office: **Jai Bharath College of Engineering, Arackappady**
Ph. **9142729617, 9142508973, 7510986046**

റഹീം ചേന്ദമംഗല്ലൂർ
raheemkcmr@gmail.com

## വിദൂര വിദ്യാഭ്യാസത്തിലൂടെ നിയമം പഠിക്കാം

നാഷ്നൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂനിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന മാസ്റ്റേഴ്സ്, പി.ജി ഡിപ്ലോമ പ്രോഗ്രാമുകളിലെ പ്രവേശനത്തിന് ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാം. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. https://ded.nls.ac.in/ എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച ശേഷം The Director, Distance Education Department (DED), National Law School of India University Nagarbhavi, Bengaluru 560242 (Old Pin-560072), Phone: 080-23160524/529 എന്ന അഡ്രസ്സിലേക്ക് ജൂൺ 30-നകം എത്തിക്കണം. 1500 രൂപയാണ് അപേക്ഷാ ഫീസ്. രണ്ട് വർഷ ദൈർഘ്യമുള്ള മാസ്റ്റർ ഓഫ് ബിസിനസ്സ് ലോസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് ലോ, മെഡിക്കൽ ലോ & എത്തിക്സ്, എൻവയോൺമെന്റൽ ലോ, ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് ലോ, ചൈൽഡ് റൈറ്റ്സ് ലോ, കൺസ്യൂമർ ലോ & പ്രാക്ടീസ്, സൈബർ ലോ & സൈബർ പ്രാക്ടീസ് എന്നീ കോഴ്സുകൾ ലഭ്യമാണ്. ഒരേസമയം ഒന്നിലധികം കോഴ്സുകളിലേക്കും അപേക്ഷ നൽകാം. ഓരോന്നിനും വേറെവേറെ അപേക്ഷകൾ സമർപ്പിക്കണം. വിവരങ്ങൾക്ക്: 91-080-2316-0524 / +9108023160529, ded@nls.ac.in

## ഓൺലൈൻ പരിശീലന കോഴ്സുകൾ

ബി. എസ്. എൻ. എൽ കേരള സർക്കിൾ നൽകുന്ന ഓൺലൈൻ ഇന്റസ്ട്രിയൽ/ വൊക്കേഷണൽ ട്രെയ്നിംഗുകൾ ആരംഭിച്ചു. രണ്ടും, നാലും ആഴ്ചകൾ നീണ്ടുനിൽക്കുന്ന പരിശീലന കോഴ്സുകൾക്ക് ബി. ടെക്, എം. ടെക്, പോളിടെക്നിക് ഡിപ്ലോമ, ബി. സി. എ, എം. സി. എ കോഴ്സുകൾ ചെയ്തുകൊണ്ടിരിക്കുന്നവർക്ക് അപേക്ഷ നൽകാം. എല്ലാ തിങ്കളാഴ്ചകളിലും പുതിയ ബാച്ചുകൾ ആരംഭിക്കും. രണ്ടാഴ്ചത്തെ കോഴ്സുകൾക്ക് 2380 രൂപയും, നാലാഴ്ചത്തെ കോഴ്സുകൾക്ക് 4760 രൂപയുമാണ് ഫീസ് (19 ശതമാനം ജി. എസ്. ടിയും). ദിവസവും മൂന്ന് മണിക്കൂറാണ് പരിശീലനം. വിശദ വിവരങ്ങൾക്ക്: http://rttctvm.bnsl.co.in/.

## CCMN -2020

ജാം അടിസ്ഥാനമാക്കിയുള്ള എം. എസ്. സി/ എം. എസ്. സി (ടെക്) കോഴ്സുകളിലേക്കുള്ള അഡ്മിഷന് ജൂൺ 12 വരെ രജിസ്റ്റർ ചെയ്യാം. രാജ്യത്തെ 19 എൻ. ഐ. ടികൾക്ക് പുറമെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി, സെയിന്റ് ലോംഗോവാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഉൾപ്പെടെ 21 സ്ഥാപനങ്ങളിലെക്കാണ് സെൻട്രലൈസ്ഡ് കൗൺസലിംഗ് ഫോർ എം. എസ്. സി/ എം. എസ്. സി (ടെക്) അഡ്മിഷൻ (CCMN -2020). കോഴിക്കോട് എൻ. ഐ. ടിയിൽ 75 സീറ്റുകളാണുള്ളത്. https://ccmn.admissions.nic.in/ എന്ന വെബ്സൈറ്റിലൂടെ ജൂൺ 12-നകം രജിസ്റ്റർ ചെയ്ത് ചോയ്സുകൾ നൽകുകയും, ലോക്ക് ചെയ്യുകയും വേണം. 60 ശതമാനം മാർക്കോടെ യോഗ്യതാ ബിരുദം നേടിയിരിക്കണം. അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷ നൽകാം. ഇവർ സെപ്റ്റംബർ 15-നകം യോഗ്യത നേടിയിരിക്കണം. 2020 ജാം സ്കോർ അടിസ്ഥാനമാക്കിയാണ് മെറിറ്റ് ലിസ്റ്റ് തയാറാക്കുക. ആദ്യ സീറ്റ് അലോട്ട്മെന്റ് ജൂൺ 17-ന് പ്രസിദ്ധീകരിക്കും. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഇമെയിൽ: ccmn2020help@mnit.ac.in

## Post-Doctoral Fellowship Programme

എർത്ത്, ഓഷ്യൻ & ക്ലൈമറ്റ് സയൻസസ്, ഇൻഫ്രാസ്ട്രെക്ച്ചർ etc തുടങ്ങി വിവിധ മേഖലകളിൽ ഗവേഷണം നടത്താൻ ഐ. ഐ. ടി ഭുവനേശ്വർ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എഞ്ചിനീയറിംഗ്/സയൻസ്/ഹ്യൂമാനിറ്റിസ് മേഖലയിൽ പി. എച്ച്. ഡി യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷ സമർപ്പിച്ച ശേഷം പ്രിന്റ് കോപ്പിയും അനുബന്ധ രേഖകളും Assistant Registrar (Academic Affairs), Indian Institute of Technology Bhubaneswar, Argul, Khordha, PIN - 752050, Odisha എന്ന അഡ്രസ്സിലേക്ക് അയക്കണം. യോഗ്യത, പ്രവൃത്തിപരിചയം എന്നിവ അടിസ്ഥാനമാക്കി മാസം 55000 രൂപ വരെ ഫെലോഷിപ്പ് ലഭിക്കും. വിശദ വിവരങ്ങൾക്ക് https://www.iitbbs.ac.in/admission എന്ന വെബ്സൈറ്റ് കാണുക. ഫോൺ: 0674-7134578, ഇമെയിൽ: ar.acad@iitbbs.ac.in

## എം. എസ്. സി കമ്പ്യൂട്ടർ സയൻസ് ചെയ്യാം

Indian Institute of Information Technology & Management Kerala (IIITM-K)യുടെ എം. എസ്. സി (കമ്പ്യൂട്ടർ സയൻസ്) എം. ഫിൽ കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഒരു വർഷമാണ് എം. ഫിൽ കോഴ്സുകളുടെ കാലാവധി. സൈബർ സെക്യൂരിറ്റി, ഡാറ്റ അനലിറ്റിക്സ്, മെഷീൻ ഇന്റലിജൻസ്, ജിയോ-സ്പഷ്യൽ അനലിറ്റിക്സ് എന്നിവയിലാണ് എം. എസ്. സി കമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷനുകൾ. യോഗ്യത, ഫീസ്, സീറ്റ്, പേപ്പറുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ https://www.iiitmk.ac.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാ ഫീസ് 500 രൂപ. GATE സ്കോർ നേടിയവർക്ക് അഡ്മിഷൻ ടെസ്റ്റ് എഴുതേണ്ടതില്ല (കട്ട് ഓഫ് മാർക്ക് സ്ഥാപനം നിശ്ചയിക്കും) NET യോഗ്യത ഉള്ളവർക്ക് എം. ഫിൽ അഡ്മിഷനും എൻട്രൻസ് പരീക്ഷയിൽ ഇളവുണ്ട്. ഹെൽപ്പ് ഡെസ്ക്: ഇമെയിൽ: admission@iiitmk.ac.in, ഫോൺ: +91 471 2527567, + 91 471 2700777

## പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാം


രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയം ടെക്നോളജിയിൽ (RGIPT) വിവിധ വിഷയങ്ങളിൽ എം. ടെക്, പി. എച്ച്. ഡി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. https://www.rgipt.ac.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ജൂൺ 30 വരെ അപേക്ഷ നൽകാം. വിവിധ ഡിപ്പാർട്ട്മെന്റുകളിലായി ആകെ 104 എം. ടെക് സീറ്റുകളാണുള്ളത്. അമേഠിക്ക് പുറമെ ബാംഗ്ലൂരിലും സെന്ററുണ്ട്. അപേക്ഷാ ഫീസ് 500 രൂപ. വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ●

മെഹദ് മഖ്ബൂൽ
mehdmaqbool@gmail.com



# നമുക്ക് എന്തെല്ലാം അറിയില്ല എന്ന് നമ്മളറിയുന്നില്ല


കൈയിലൊരു മൊബൈലുണ്ട്. അത് നമുക്ക് സ്വിച്ചോണാക്കാനറിയാം, ലോക്ക് തുറക്കാനറിയാം, അതെങ്ങാനും കേടു വന്നാൽ തൊട്ടടുത്ത മൊബൈൽ ഷോപ്പിൽ കൊടുത്താൽ നന്നാക്കി കിട്ടുമെന്നും അറിയാം.




ആ മൊബൈലിൽ പലവിധങ്ങളായ കാര്യങ്ങളുണ്ടെന്നറിയാം, ആപ്പുകളുണ്ടെന്നറിയാം, അതെല്ലാം പ്ലേസ്റ്റോറിൽനിന്ന് ഇൻസ്റ്റാൾ ചെയ്യാനറിയാം, ആ ആപ്പുകളൊന്നിൽ ചെന്നാൽ കറന്റ് ബില്ല് അടക്കാൻ കഴിയുമെന്നറിയാം, ഫുഡ് ഓർഡർ ചെയ്യാൻ പറ്റുമെന്നറിയാം. മിനിറ്റുകൾക്കകം താൻ ഓർഡർ ചെയ്ത ഭക്ഷണം തന്റെ മേശപ്പുറത്തെത്തുമെന്നുമറിയാം. അങ്ങനെ മേശപ്പുറത്തെത്തുന്ന ഭക്ഷണം ആസ്വദിച്ച് കഴിച്ച് 'ഹോ.. എന്റെയൊരു കഴിവേ, പതിനഞ്ചു മിനിറ്റ് കൊണ്ടല്ലേ ഫുഡ് എത്തിയത്' എന്ന് ആത്മാഭിമാനം കൊള്ളാൻ ആർക്കും ഒന്നു തോന്നിപ്പോകും.

ശരിക്കും ഒന്നാലോചിച്ചുനോക്കൂ. ഇതിലേതാണ് എന്റെ കഴിവ്? മൊബൈൽ ഉണ്ടാക്കിയത് ഞാനല്ല, ആപ്പുകളുണ്ടാക്കിയത് ഞാനല്ല, ഭക്ഷണം ഉണ്ടാക്കിയതും കൊണ്ടുതന്നതും ഞാനല്ല. എന്നിട്ടും എനിക്ക് തോന്നുന്നു; കുറേ അറിവും ആഴവും ഉള്ള ആളാണ് ഞാനെന്ന്. അത്തരം മിഥ്യാധാരണയെയാണ് നോളജ് ഇല്യൂഷൻ(Knowledge Illusion) എന്നു വിളിക്കുന്നത്.

മനുഷ്യന്റെ പ്രത്യേകത അവൻ അറിവുകൾ പരസ്പരം ഷെയർ ചെയ്തും അതുപയോഗപ്പെടുത്തിയും ജീവിക്കുന്നു എന്നതാണ്. അതുകൊണ്ടാണവൻ ഈ കാണുന്ന വിസ്മയങ്ങളെല്ലാം സാധിച്ചെടുത്തത്. ഓരോരുത്തരെയും ഒറ്റക്കെടുത്താൽ അവൻ പിന്നെയും പിന്നെയും കഴിവു കുറഞ്ഞവരായി മാറുകയാണ് ചെയ്യുക. പണ്ടുകാലത്തെ മനുഷ്യൻ വസ്ത്രങ്ങളുണ്ടാക്കുമായിരുന്നു, വേട്ടയാടുമായിരുന്നു, കൃഷി ചെയ്യുമായിരുന്നു, തീ കത്തിക്കുമായിരുന്നു.. അവനു വേണ്ടുന്ന കാര്യങ്ങളെല്ലാം അവൻ തന്നെ ചെയ്യുമായിരുന്നു. എന്നാൽ കാലം മുന്നോട്ടു പോയപ്പോൾ എനിക്കു വേണ്ടുന്ന കാര്യങ്ങളെല്ലാം ഞാൻ തന്നെ ചെയ്യണം എന്നില്ലാതായി. മനുഷ്യൻ പരസ്പരം കൂടുതലായി ആശ്രയിക്കാൻ തുടങ്ങി. അങ്ങനെ തന്നെയാണ് വേണ്ടതും. പക്ഷേ വ്യക്തിപരമായി ഞാൻ അത്ര കഴിവും അറിവും ഉള്ളവനല്ല എന്നു തിരിച്ചറിയപ്പെടാതെയും പോകുന്നു.


സ്റ്റീവൻ സ്ലോമൻ


ഫിലിപ്പ് ഫേൺബാച്ച്

നമ്മുടെ അജ്ഞതയെ കുറിച്ച് സംസാരിക്കുകയാണ് 'നോളജ് ഇല്യൂഷൻ' എന്ന പുസ്തകത്തിൽ സ്റ്റീവൻ സ്ലോമനും ഫിലിപ്പ് ഫേൺബാച്ചും. നമ്മളെല്ലാം കൂട്ടമായി ചിന്തിച്ചുണ്ടാക്കിയതാണ് ഈ ലോകം, ഒറ്റക്കല്ല എന്നവർ അടിവരയിടുന്നു. എനിക്കേറെ അറിയാമെന്ന ധാരണപ്പുറത്താണ് ശരിക്കും നമ്മൾ സോഷ്യൽ മീഡിയയിൽ ഇടപെടുന്നത്, ആകാശത്തിനു കീഴിലുള്ള സകലതിനെ പറ്റിയും കുറിച്ചിടുന്നത്. വ്യാജ വാർത്തയാണെന്നറിയാതെ അത് പറഞ്ഞും പ്രചരിപ്പിച്ചും പലരും അബദ്ധങ്ങളിൽ ചാടുന്നതും പതിവാണ്. കുറച്ച് ലൈക് കിട്ടുന്നതോടെ ഞാൻ പറയുന്നതെല്ലാം ശരിയാണെന്ന് എനിക്ക് തോന്നുന്നു. അങ്ങനെ എന്റെ അറിവിൽ എനിക്ക് കൂടുതൽ മതിപ്പ് തോന്നിത്തുടങ്ങുന്നു. ഇവിടെയാണ് ശരിക്കും അപകടം പതിയിരിക്കുന്നത്. നോളജ് ഇല്യൂഷൻ സോഷ്യൽ മീഡിയയിൽ വളരെയേറെയാണ്.

ഇന്ന് ഏതു വിഷയത്തെ കുറിച്ചറിയാനും വിക്കിപീഡിയ പരതിയാൽ മതി. പക്ഷേ ആ അറിവ് എത്രയോ പേരുടെ അധ്വാനവും കണ്ടെത്തലുമാണ്. അത് തന്റെ മിടുക്കാണെന്ന് ധരിക്കുമ്പോഴാണ് നമ്മൾ നോളജ് ഇല്യൂഷനിലായിപ്പോവുക. നമ്മുടെ തലക്കകത്തും പുറത്തുമുള്ളതായ അറിവുകളെ പറ്റി കൃത്യമായി തരം തിരിച്ചറിയാൻ ശ്രമിക്കുന്നില്ല എന്നതാണ് പ്രശ്നമെന്ന് പുസ്തകത്തിൽ സ്റ്റീവൻ സ്ലോമനും ഫിലിപ്പ് ഫേൺബാച്ചും പറയുന്നു.

ഈ കാലത്ത് നമുക്ക് എന്തെല്ലാം അറിയില്ല എന്ന് നമ്മളറിയുന്നില്ല!

ശരിക്കും മൂന്നോ നാലോ പാസ്‌വേഡ്കൊണ്ടാണ് നമ്മൾ ജീവിക്കുന്നത്. ഫോൺ ഓപ്പൺ ചെയ്യാൻ പറ്റിയില്ലെങ്കിൽ നാം കുഴങ്ങി. അതിലുള്ള മിക്ക ഫോൺ നമ്പറുകളും നമുക്ക് കാണാതെ അറിയില്ല. ആരെയും കോൺടാക്റ്റ് ചെയ്യാൻ കഴിയില്ല. കുറച്ച് പാസ്‌വേഡുകൾ മതി ഈ കാലത്ത് ജീവിക്കാൻ എന്നതു മറ്റൊരു കാര്യം. പക്ഷേ ഈ പാസ്‌വേഡുകളേ തനിക്കറിയൂ, അതേ സ്വന്തമായുള്ളൂ എന്ന തിരിച്ചറിവ് ഓരോരുത്തർക്കും വേണം എന്നതാണ് കാര്യം. ●

Vol. No: 77 Issue No. 03 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid